# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേർത്തല മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/ജി.എ.8 - 75/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 20/03/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
ചേർത്തല മുനിസിപ്പാലിറ്റി

സർ,

**വിഷയം : ചേർത്തല മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർത്തല മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസ് മുഖേന)
2) ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, ആലപ്പുഴ
3) ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ-എ.എൽ.പി/ജി.എ.8 - 75/2024 തീയ്യതി: 20/03/2024

## ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 46 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിജയകുമാർ. എസ് | സീനിയർ ഡപ്യൂട്ടി ഡയറക്ടർ | 08-01-2024 | 19-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-01-2024 | 19-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ആശ എം.വി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ.ജ്യോതിമോൻ സി.സി., ഓഡിറ്റ് ഓഫീസർ

ശ്രീ.റ്റി.എം.റോയ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി രാജിമോൾ പി.സി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.സിജി ജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ഷേർളി ഭാർഗ്ഗവൻ | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ. ടി.കെ.സുജിത്ത് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ . രാജൻ . പി | കൃഷി ഓഫീസർ | 01-04-2022 | 26-01-2023 |
| സിജി ഡേവിഡ് | കൃഷി ഓഫീസർ | 27-01-2023 | 31-03-2023 |
| ഡോ.സെൻവോത്തയ്യൻ | സീനി.വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-12-2022 |
| ഡോ.സറീന ബീഗം | സീനി.വെറ്ററിനറി സർജ്ജൻ | 01-01-2023 | 05-03-2023 |
| ഡോ.ബിനു. എൻ.കെ. | വെറ്ററിനറി സർജ്ജൻ | 06-03-2023 | 31-03-2023 |
| ഡോ . ഇന്ദു . എൽ | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. പത്മജ . വി | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2022 | 05-01-2023 |
| ഒഴിവ് | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 06-01-2023 | 08-01-2023 |
| ഡോ.ലക്ഷ്മി ജി. കർത്ത | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 09-01-2023 | 31-03-2023 |
| ശ്രീമതി ധന്യ | സി.ഡി..പി.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി കൽപ്പന | പ്രിൻസിപ്പാൾ | 01-04-2022 | 31-03-2023 |
| ശ്രീ . ബ്രിജിത്ത്.പി.എം . | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-05-2022 |
| ശ്രീമതി ശ്രീന സുനിൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2022 | 23-06-2022 |
| ശ്രീമതി ആശ.ബി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.വി.സുനിൽകുമാർ | പ്രോജക്റ്റ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.സുധീപ് എസ്. | ഹെൽത്ത് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. എൻ അനിൽകുമാർ | മെഡിക്കൽ ഓഫീസർ,അലോപ്പതി | 01-04-2022 | 31-03-2023 |
| ശ്രീമതി മായാദേവി പി.ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 24-06-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്-ബാങ്ക് ബാലൻസ് പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുക സുലേഖ ചെലവ് പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വാർഷിക കണക്കിലെ തുക സുലേഖ ചെലവ് പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വാർഷിക കണക്കിൽ വെള്ളക്കര കുടിശ്ശിക തെറ്റായി ചേർത്തിരിക്കുന്നു | 1-1-7 |
| 9 | ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | മൂന്ന് മാസത്തിലധികമായ ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-9 |
| 11 | ഡെപ്പോസിറ്റ് തുകകൾ ബന്ധപ്പെട്ട ശീർഷകത്തിൽ ബുക്ക് ചെയ്തില്ല | 1-1-10 |
| 12 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-11 |
| 13 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ തയ്യാറാക്കിയിട്ടില്ല | 1-1-12 |
| 14 | തനത് വരുമാനം - ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | ബജറ്റിന്റെ അവലോകനം | 1-2-1 |
| 17 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | എ.യു.ഇ.ജി.എസ് തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾ | 1-7 |
| 22 | ക്യാഷ് വെരിഫിക്കേഷൻ പരിശോധനാ സാക്ഷ്യ പത്രം | 1-8 |
| 23 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 24 | നികുതി പിരിവ് - അവലോകനം | 1-10 |
| 25 | തൊഴിൽ നികുതി പിരിവ്, ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ | 1-11 |
| 26 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, അസസ്മെന്റ് രജിസ്റ്റർ, റഗുലറൈസേഷൻ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-12 |
| 27 | നിയമാനുസൃതമായ അളവുകൾ പാലിക്കാതെ കെട്ടിടനിർമ്മാണ പ്ലാനിന് അനുമതി നല്കി | 1-13 |
| 28 | അനധികൃത നിർമ്മാണം - റഗുലറൈസേഷൻ ഫീ ഈടാക്കുന്നതിൽ കുറവ് | 1-14 |
| 29 | വിനോദനികുതി ഒടുക്കിയതിലെ അപാകതകൾ | 1-15 |
| 30 | വാടക-കുടിശ്ശിക ഈടാക്കുന്നതിലും കടമുറികൾ ലേലം ചെയ്യുന്നതിലും കാലതാമസം | 1-16 |
| 31 | കരാർ തുകയ്ക്ക് ആനുപാതികമായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചില്ല - സംസ്ഥാന സർക്കാരിന് വരുമാന നഷ്ടം | 1-17 |
| 32 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒടുക്കുന്നതിനായി ഈടാക്കിയ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-18 |
| 33 | മുൻകൂർ തുകകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല | 1-19 |
| 34 | ഓണം അഡ്വാൻസ് - തുക പൂർണ്ണമായും തിരികെ ഈടാക്കിയിട്ടില്ല | 1-20 |

| | | |
|---|---|---|
| 35 | തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഭാഗികം മാത്രം | 1-21 |
| 36 | താലൂക്ക് ആശുപത്രിയിലെ ഓഫീസ് അനുബന്ധ ചെലവുകൾ - ഗ്രാന്റ് തുക മുൻകൂറായി ഒടുക്കി | 1-22 |
| 37 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-23 |
| 38 | മാർഗ്ഗരേഖയ്ക്കു വിരുദ്ധമായ ഓപ്പറേറ്റിംഗ് സിസ്റ്റമുള്ള ലാപ്ടോപ്പ് വാങ്ങി | 1-24 |
| 39 | സർക്കാർ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി അധിക നിരക്കിൽ സബ്സിഡി നല്കി | 1-25 |
| 40 | അമൃതം ന്യൂട്രിമിക്സ് വിതരണം - ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് രണ്ട് തവണ നൽകിയത് മൂലം അധിക ചെലവ് | 1-26 |
| 41 | കാലിത്തീറ്റ വിതരണം - അധിക തുക സബ്സിഡി നൽകി | 1-27 |
| 42 | സാമൂഹ്യ സുരക്ഷ പെൻഷൻ - സസ്പെൻഡ് ചെയ്ത അക്കൗണ്ടുകളിൽ അധികം നിൽക്കുന്ന തുക തിരികെ അടവാക്കുന്നതിൽ കാലതാമസം | 1-28 |
| 43 | ആശ്രയ പദ്ധതി - നിർവ്വഹണത്തിലെ ന്യൂനതകൾ | 1-29 |
| 44 | ഓപ്പറേഷൻ തീയേറ്ററിലേയ്ക്ക് ഓക്സിജൻ വിതരണത്തിനായി പൈപ്പ്ലൈൻ സ്ഥാപിക്കൽ - ഫണ്ട് വകമാറ്റി ചെലവഴിച്ചു | 1-30 |
| 45 | ചേലൊത്ത ചേർത്തല -മാലിന്യ സംസ്കരണത്തിന് ബയോ ബിന്നുകൾ - വിതരണ രേഖകൾ ഇല്ല | 1-31 |
| 46 | പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ അധികതുക നിക്ഷേപിച്ചു | 1-32 |
| 47 | പട്ടികജാതി വിഭാഗങ്ങൾക്ക് കുടിവെള്ള വാട്ടർ ടാങ്ക് - പദ്ധതി വിഹിതം കൂടുതലായി ചെലവഴിച്ചു | 1-33 |
| 48 | അമൃത് പദ്ധതി - നഗരസഭാവിഹിതം വകയിരുത്തൽ -ചെലവു രേഖകൾ ലഭ്യമാക്കിയില്ല | 1-34 |
| 49 | ആർദ്ര സ്പെഷ്യൽ സ്കൂളിനായി ലഭിച്ച തുക വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-35 |
| 50 | താലൂക്ക് ആശുപത്രിയിലെ താല്കാലിക ഡോക്ടർമാർക്ക് വേതനം - ആദായ നികുതി കുറവ് ചെയ്തില്ല | 1-36 |
| 51 | പി.എം.എ.വൈ ലൈഫ് ഭവന നിർമാണം (ജനറൽ) -നഗരസഭ വിഹിതം - ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചില്ല | 1-37 |
| 52 | പൊതുടാപ്പുകളുടെ വെള്ളക്കരം - ഉപയോഗിക്കാത്ത ടാപ്പുകൾക്ക് വേണ്ടി വൻ തുക അനാവശ്യമായി ഒടുക്കേണ്ടി വരുന്നു - കുടിശ്ശികയും ക്രമാതീതമായി വർദ്ധിക്കുന്നു . | 1-38 |
| 53 | വീട് പുനരുദ്ധാരണം - ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-39 |
| 54 | വിവിധ വാങ്ങലുകളുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി. ഉറവിടത്തിൽ കുറവ് ചെയ്തില്ല | 1-40 |
| 55 | എർത്ത് ഫില്ലിംഗ് നടത്തിയ പ്രവൃത്തികളിൽ കൺസോളിഡേഷൻ കുറവ് ചെയ്തില്ല | 1-41 |
| 56 | എർത്ത് ഫില്ലിംഗ് നടത്തിയതിനേക്കാൾ കൂടുതൽ അളവിൽ റോഡ് കോൺക്രീറ്റിംഗ് ചെയ്തത് അധിക ചെലവിനിടയാക്കി | 1-42 |
| 57 | ക്വോറി മക്ക് ഫില്ലിംഗിന് ഉയർന്ന നിരക്ക് അനുവദിച്ചത് അധികച്ചെലവിനിടയാക്കി | 1-43 |
| 58 | കാലി വീപ്പയുടെ വില കുറവ് ചെയ്യാത്തത് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-44 |
| 59 | നിശ്ചിത സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല | 1-45 |
| 60 | ഓവർ ഹെഡ് ചാർജ്ജ് കൂട്ടിക്കിട്ടുന്ന തുകയുടെ 10% കരാറുകാരന്റെ ലാഭമായി കണക്കാക്കിയത് അധിക ചെലവിന് ഇടയാക്കി | 1-46 |
| ഭാഗം **2** | | |
| 1 | വിനോദനികുതി ഒടുക്കിയതിലെ അപാകതകൾ | 2-1 |
| 2 | കരാർ തുകയ്ക്ക് ആനുപാതികമായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചില്ല- സംസ്ഥാന സർക്കാരിന് വരുമാന നഷ്ടം | 2-2 |
| 3 | നിശ്ചിത സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല | 2-3 |
| ഭാഗം **3** | | |
| 1 | എർത്ത് ഫില്ലിംഗ് നടത്തിയതിനേക്കാൾ കൂടുതൽ അളവിൽ റോഡ് കോൺക്രീറ്റിംഗ് ചെയ്തത് അധിക ചെലവിനിടയാക്കി | 3-1 |

| | | |
|---|---|---|
| 2 | എർത്ത് ഫില്ലിംഗ് നടത്തിയ പ്രവൃത്തികളിൽ കൺസോളിഡേഷൻ കുറവ് ചെയ്തില്ല | 3-2 |
| 3 | സർക്കാർ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി അധിക നിരക്കിൽ സബ്സിഡി നല്കി | 3-3 |
| 4 | അമൃതം ന്യൂട്രിമിക്സ് വിതരണം-ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് രണ്ട് തവണ നൽകിയത് മൂലം അധിക ചെലവ്. | 3-4 |
| 5 | കാലിത്തീറ്റ വിതരണം -അധിക തുക സബ്സിഡി നൽകി | 3-5 |
| 6 | താലൂക്ക് ആശുപത്രിയിലെ താല്കാലിക ഡോക്ടർമാർക്ക് വേതനം - ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്തില്ല | 3-6 |
| 7 | വിവിധ വാങ്ങലുകളുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി. ഉറവിടത്തിൽ കുറവ് ചെയ്തില്ല- | 3-7 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. ചേർത്തല നഗരസഭയുടെ 2023 മാർച്ച് 31–ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.07.2023 തീയതിയിലെ 3–ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 31.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994–ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007–ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷികധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൌണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടേയും, സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചേർത്തല നഗരസഭയുടെ 2022–23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023–ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023–ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ആലപ്പുഴ

20.03.2024

**1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല**

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല**

വസ്തുനികുതി, തൊഴിൽ നികുതി മുതലായവയുടെ ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് ഓരോ മാസവും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വർഷാവസാനം മാത്രമാണ് ലെഡ്ജറിൽ ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നത്.

**1-1-4 റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ്-ബാങ്ക് ബാലൻസ് പൊരുത്തപ്പെടുന്നില്ല**

ഐ.സി.ഐ.സി.ഐ ബാങ്ക് ചേർത്തല ശാഖയിലെ എസ്.ബി.എം അർബൻ അക്കൗണ്ടിന്റെ 31.3.2023-ലെ നീക്കിയിരുപ്പ് പൂജ്യമാണ്. എന്നാൽ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ്സ് ബുക്ക് ബാലൻസ് 14,37,723/- രൂപയെന്ന് രേഖപ്പെടുത്തി കാണുന്നു.

**1-1-5 വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുക സുലേഖ ചെലവ് പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല**

എ.സി.ആർ, സുലേഖ ചെലവ് പത്രിക എന്നിവ അനുസരിച്ച് വികസന ഫണ്ട് എസ്.സി.പിയിലെ തൻവർഷ ചെലവ് 55,47,795/ രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 50,72,795/- രൂപയാണ് ചെലവായി ഉൾപ്പെടുത്തിയിട്ടുള്ളത്.

**1-1-6 വാർഷിക കണക്കിലെ തുക സുലേഖ ചെലവ് പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല**

വാർഷിക കണക്ക് ഷെഡ്യൂൾ I-6 പ്രകാരം പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് എന്നിവയിലെ ആകെ ചെലവ് തുക 1,96,21,307/- രൂപയാണ്. എന്നാൽ സുലേഖ പത്രിക പ്രകാരം ചെലവ് 3,31,46,272/- രൂപയാണ്. 1,35,24,965/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

**1-1-7 വാർഷിക കണക്കിൽ വെള്ളക്കര കുടിശ്ശിക തെറ്റായി ചേർത്തിരിക്കുന്നു**

2023 മാർച്ചിലെ ബിൽ പ്രകാരം നഗരസഭയുടെ ജല അതോറിറ്റി കുടിശ്ശിക 8,16,50,707/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് ഷെഡ്യൂൾ B-9ൽ കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടുള്ളത് 4,97,89,888/- രൂപയാണ്.

**1-1-8 ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല**

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് - ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

**1-1-9 മൂന്ന് മാസത്തിലധികമായ ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല**

സ്റ്റേറ്റ് ബാങ്ക് ചേർത്തല ശാഖയിലെ തനത് ഫണ്ട് അക്കൌണ്ടിന്റെ (നം. 67053969099) ബാങ്ക് റീകൺസിലിയേഷൻ പത്രിക പരിശോധിച്ചതിൽ, മൂന്ന് മാസത്തിലധികമായ നിരവധി ചെക്കുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടെങ്കിലും ടി തുകകൾ Liability In Respect Of Stale Cheque എന്ന ഹെഡിലേക്ക് മാറ്റിയിട്ടില്ല.

**1-1-10 ഡെപ്പോസിറ്റ് തുകകൾ ബന്ധപ്പെട്ട ശീർഷകത്തിൽ ബുക്ക് ചെയ്തില്ല**

ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി വൈദ്യുതി ബോർഡ് (സ്ട്രീറ്റ് ലൈൻ നീട്ടൽ - രൂപ), വാട്ടർ അതോറിറ്റി (പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - രൂപ) എന്നിവിടങ്ങളിൽ നിക്ഷേപിച്ചതും വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തുമായ തുകകൾ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 (Advance To Implementing Agencies) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-11 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല**

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**1-1-12 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ തയ്യാറാക്കിയിട്ടില്ല**

നഗരസഭയ്ക്ക് ലഭിച്ചതും അക്കൗണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ ബി-4 ഷെഡ്യൂളിൽ ബാദ്ധ്യതയായി നിലനിൽക്കുന്ന വിവിധ ഗ്രാന്റുകളുടെ എ.സി.ആർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

**1-1-13 തനത് വരുമാനം - ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല**

നഗരസഭയുടെ തനത് വരുമാന സ്രോതസുകളായ വസ്തുനികുതി, തൊഴിൽ നികുതി, പെർമിറ്റ് ഫീസ്, ഡി&ഒ ലൈസൻസ് ഫീസ്, കെട്ടിട വാടക മുതലായവയുടെ രജിസ്റ്ററുകളിൽ വാർഷിക ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത വ്യക്തമല്ല.

**1-2 ബജറ്റ്**

2022-23 വർഷത്തെ ബജറ്റ് 25.3.2022-ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 24.03.2023-ലെ 1(1)നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 60,63,72,091 | 61,24,97,925 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പന്റീച്ചർ പത്രിക) | 30,97,99,624 | 28,86,42,673 |

**1-2-1 ബജറ്റിന്റെ അവലോകനം**

**1. ബജറ്റിന്റെ അവലോകനം നടത്തുന്നില്ല**

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല.

**2.ബജറ്റിന്റെ പരിശോധന**

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2022-23 ലെ ബജറ്റ് 2022 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

3. പെർഫോമൻസ് ബജറ്റ് പാസ്സാക്കിയിട്ടില്ല

ബജറ്റ് മാന്വൽ ചട്ടം 3.1.4 പ്രകാരം പട്ടിക 3-1 അനുസരിച്ച് തയ്യാറാക്കുന്ന ബജറ്റ് പ്രവർത്തനാധിഷ്ഠിതമായിരിക്കേണ്ടതാണ്. ആയതിന് പട്ടിക 3-2 ൽ നൽകിയിട്ടുള്ള മാതൃകയിൽ പെർഫോമൻസ് ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പെർഫോമൻസ് ബജറ്റ് തയ്യാറാക്കിയിട്ടില്ല.

4. ജന്റർ ബജറ്റ് പാസ്സാക്കിയിട്ടില്ല

ബജറ്റ് മാന്വൽ ചട്ടം 3.1.5 പ്രകാരം ജന്റർ ബജറ്റ് തയ്യാറാക്കി ബജറ്റ് ലിംഗാധിഷ്ഠിതമായി വീക്ഷിക്കേണ്ടതാണ്. ആയതിന് പട്ടിക 3-3 ൽ നൽകിയിട്ടുള്ള മാതൃകയിൽ ജന്റർ ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ നിശ്ചിത മാതൃകയിൽ ജന്റർ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

5.ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ഒറിജിനൽ ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (I&E Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 2101003 | ബോണസ് | 2,00,000 | 136000 | 1,87,250 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 2103002 | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് | 40,00,000 | 6,000,000 | 1,07,77,375 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 3 | 2201299 | പലവക കമ്മ്യൂണിക്കേഷൻ ചെലവുകൾ | 45,000 | 90000 | 97,895 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 4 | 2304002 | Equipment Hire Charge | 00 | 00 | 10,500 | വകയിരുത്തലില്ലാതെ ചെലവഴിച്ചു |
| 5 | 2308001 | Coolie For Destruction Of Rats And Dogs | 00 | 00 | 4,800 | വകയിരുത്തലില്ലാതെ ചെലവഴിച്ചു |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (1/15.01.24) മറുപടി

ലഭ്യമാക്കിയില്ല. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്യിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. **ബജറ്റ് മാനവൽ ചട്ടം 3.1.4, 3.1.5 എന്നിവ അനുശാസിക്കും വിധം പെർഫോമൻസ് ബജറ്റ്, ജന്റർ ബജറ്റ് എന്നിവ പാസ്സാക്കേണ്ടതാണ്.** കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9,84,90,399 |
| വരവ് | 27,43,31,731 |
| ആകെ | 37,28,22,130 |
| ചെലവ് | 26,92,04,588 |
| നീക്കിയിരിപ്പ് | 10,36,17,542 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 5,31,42,556 | 5,31,42,556 | 4,79,01,781 | 52,40,775 |
| വികസന ഫണ്ട്(എസ്.സി.പി.) | 0 | 79,31,476 | 79,31,476 | 55,47,795 | 23,83,681 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 1,14,09,000 | 1,14,09,000 | 82,90,583 | 31,18,417 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 1,72,28,000 | 1,72,28,000 | 1,71,32,357 | 95,643 |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ് ഗ്രാന്റ്) | 1,10,40,095 | 2,15,55,282 | 3,25,95,377 | 1,06,55,083 | 1,64,31,621 (Lapsed) 55,08,673 (Bank) |
| 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺ ടൈഡ് ഗ്രാന്റ്) | 71,64,000 | 86,12,912 | 1,57,76,912 | 10,97,812 | 95,600 (Lapsed) 1,45,83,500 (Bank) |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 253 | 19,45,97,455 | 162 | 11,64,38,773 | 25 | 66 | 64% |

## 1-6 എ.യു.ഇ.ജി.എസ് തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 5,40,825 | 1,00,18,596 | 1,05,59,421 | 1,05,57,548 | 1303 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 79,320 | 110 |
| കർഷകതൊഴിലാളി പെൻഷൻ | 31,85,600 | 240 |
| വിധവാ പെൻഷൻ | 1,36,65,200 | 1129 |
| വാർദ്ധക്യകാല പെൻഷൻ | 3,30,75,800 | 2969 |
| വികലാംഗ പെൻഷൻ | 54,76,600 | 444 |
| അവിവാഹിത പെൻഷൻ | 15,65,000 | 140 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 8,40,000 | 15 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ പരിശോധനാ സാക്ഷ്യ പത്രം

ചേർത്തല നഗരസഭയുടെ 2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.01.2024-ൽ 03.40 പി.എം.ന് സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 18,238/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന

അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. വിവിധ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളിൽ വർഷാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല. പ്രത്യേകിച്ചും വസ്തു നികുതി സംബന്ധിച്ച ആകെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം നഗരസഭയിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

4. കടമുറി യഥാസമയം വാടകയ്ക്ക് നല്കുന്നതിനും വാടക ഈടാക്കുന്നതിലും നഗരസഭ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല

5. നഗരസഭയ്ക്ക് ലഭിക്കേണ്ടുന്ന വിനോദനികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. (വിശദ വിവരം ഖണ്ഡിക 1-15 ൽ ചേർത്തിട്ടുണ്ട്.)

6. സബസിഡി മാർഗ്ഗനിർദ്ദേശം പാലിക്കാതെ പദ്ധതി നടപ്പാക്കുന്നതുമൂലം സബ്സിഡി ഇനത്തിൽ

അധികം തുക ചെലവഴിക്കേണ്ടി വരുന്നു.

7.തെരുവ് വിളക്കുകൾക്ക് പൂർണ്ണമായി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

8. സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ പൊതു ടാപ്പുകളുടെ എണ്ണം കണ്ടെത്തി വെള്ളക്കരം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

9. മാലിന്യ സംസ്കരണത്തിനായി വിവിധ പ്രോജക്ടുകൾ പ്രകാരം ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച്

വാങ്ങിയ ബയോബിന്നുകളുടെ വിതരണം സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല.

10. മരണപ്പെട്ട സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കളുടെ സസ്പെൻഡ് ചെയ്ത അക്കൗണ്ടുകളിൽ അധികം നിൽക്കുന്ന തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 നികുതി പിരിവ് - അവലോകനം

തനത് വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, വിഭവസമാഹരണം എത്രത്തോളം കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ട് എന്നത് പരിശോധിക്കുന്നതിന്റെ ഭാഗമായി നടത്തിയ ടാക്സ് ഓഡിറ്റിൽ തനത് വരവിനങ്ങളുടെ ഡിമാൻഡുകൾ കൃത്യവും പൂർണ്ണവുമല്ല എന്ന് വ്യക്തമായിട്ടുണ്ട്. ഇത് നികുതി ശോഷണത്തിനും ഇടയാക്കുന്നു. പുതിയ തനത് വരുമാനമേഖലകൾ കണ്ടെത്താൻ ആവശ്യമായ നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിനും സമയപരിധിക്കുള്ളിൽ അവ സമാഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്കു കഴിഞ്ഞിട്ടില്ല.

തൻവർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത നികുതി നികുതിയേതര തനത് വരുമാന കണക്കുകളും വാർഷിക ധനകാര്യപത്രിക പ്രകാരം ഈ ഇനത്തിൽ ലഭിച്ച തുകകളുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരമുള്ള തനത് വരുമാനത്തിലെ പ്രതീക്ഷിത വരവ് | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവ് |
|---|---|---|
| നികുതി വരുമാനം | 7,25,00,000 | 5,04,18,331 |

| | | |
|---|---|---|
| നികുതിയേതര വരുമാനം | 7,05,01,000 | 2,41,82,836 |

വിശദാംശങ്ങൾ

| ഇനം | ബജറ്റ് പ്രകാരമുള്ള തനത് വരുമാനത്തിലെ പ്രതീക്ഷിത വരവ് | വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള യഥാർത്ഥ വരവ് |
|---|---|---|
| വസ്തുനികുതി | 5,30,00,000 | 3,72,03,911 |
| തൊഴിൽ നികുതി (ജീവനക്കാർ) | 1,95,00,000 | 1,32,14,420 |
| വാടക | 2,85,30,000 | 1,46,29,211 |
| ഫീ & യൂസർ ചാർജസ് | 3,70,11,000 | 78,83,738 |
| സെയിൽ &ഹയർ ചാർജസ് | 23,70,000 | 3,44,422 |
| നിക്ഷേപത്തിൽ നിന്നുള്ള വരവുകൾ | 60,000 | 1,68,000 |
| പലിശ വരവ് | 20,30,000 | 11,36,215 |
| മറ്റുവരവുകൾ | 5,00,000 | 21,250 |

ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ ഗണ്യമായ അന്തരം നിലനിൽക്കുന്നു.

വരുമാന വർദ്ധനവിനായി സ്വീകരിച്ചതും സ്വീകരിക്കേണ്ടതുമായ നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1) വസ്തു നികുതി നിർണ്ണയം – പുതിയ മേഖലാ വിജ്ഞാപനം നടത്തിയിട്ടില്ല**

പ്രദേശത്തിന്റെ വികസന സ്ഥിതി, അടിസ്ഥാന സൗകര്യങ്ങൾ, വഴി സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള 35 വാർഡുകളിൽ ഉൾപ്പെട്ട വിവിധ മേഖലകളെ സംബന്ധിച്ച 2011ലെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിലും നികുതി ചുമത്തുന്നത്. ഈ വിജ്ഞാപനത്തിൽ നിരവധി അപാകതകൾ കാണുന്നുണ്ട്. നഗരത്തിലെ പല പ്രധാന റോഡുകളും പ്രാഥമിക മേഖലയിലും 5 മീറ്ററിൽ അധികം വഴി സൗകര്യമുള്ള റോഡുകൾ എന്ന ഗണത്തിലും ഉൾപ്പെടുത്തിയിട്ടില്ല. ചേർത്തല അരൂക്കുറ്റി റോഡിൽ പൂത്തോട്ടപ്പാലം- ചെങ്ങണ്ട റോഡ് മുതലായ 5 മീറ്ററിലധികമുള്ള പല റോഡുകളും ദ്വിതീയമേഖയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി മുൻവർഷങ്ങളിൽ വിവരശേഖരണത്തിനും ഡാറ്റാ എൻട്രി നടത്തിയതിന് വേതനമിനത്തിലും, ഡാറ്റാ എൻട്രിക്കായി കമ്പ്യൂട്ടറുകൾ വാടകയ്ക്കെടുത്തതുവഴിയും വൻതുക ചെലവഴിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നഗരസഭയിലെ കെട്ടിട നികുതി പുനർ നിർണ്ണയം പൂർത്തീകരിച്ചിട്ടില്ല. അടിയന്തിരമായി വിവരശേഖരണം പൂർത്തിയാക്കി പരിഷ്കരിച്ച നിരക്കിലുള്ള നികുതി കെ-സ്മാർട്ട് സോഫ്റ്റ്വെയറിലേക്ക് പോർട്ട് ചെയ്തും, വഴി, മേഖലാ പുനർനിർണ്ണയ വിജ്ഞാപനങ്ങൾ നടത്തിയും നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

**2) അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പാലിക്കപ്പെടുന്നില്ല**

കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്ക്കരണം) ചട്ടങ്ങൾ 2019 (SRO No.828/2019; 2.11.2019) പ്രകാരം അനധികൃത നിർമ്മാണങ്ങൾ സർക്കാർ തീരുമാനിച്ച ബേസിക് കോമ്പൗണ്ടിംഗ് ഫീയും അഡീഷണൽ കോമ്പൗണ്ടിംഗ് ഫീയും അടവാക്കിക്കൊണ്ട് നിയമാനുസൃതമാക്കാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിരുന്നു. അതനുസരിച്ച് അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുമ്പോൾ പെർമിറ്റ് ഫീയും കോമ്പൗണ്ടിംഗ് ഫീയും ഈടാക്കേണ്ടതാണെങ്കിലും പെർമിറ്റ് ഫീ മാത്രമാണ് ഈടാക്കുന്നത്. തന്മൂലം നഗരസഭയ്ക്ക് വൻതുക നഷ്ടമുണ്ടാകുന്നുണ്ട്. (വിശദാംശങ്ങൾ ഖണ്ഡിക 1-14ൽ ചേർത്തിരിക്കുന്നു.)

മേൽ ഉത്തരവ് പ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ട്രഷറിയിൽ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്ററും സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം നിയമാനുസൃതമാക്കിയ കെട്ടിടങ്ങളുടെ ഫയലുകളും മേൽ രജിസ്റ്ററുകളും സംബന്ധിച്ച് യാതൊരു വിവരങ്ങളും ലഭ്യമല്ല.

അനധികൃത നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനു സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പ്രയോജനം യഥാവിധി ജനങ്ങളിൽ എത്തിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ തദ്ദേശ സ്ഥാപനത്തിനു കഴിഞ്ഞിട്ടില്ലായെന്നു ഓഡിറ്റ് വിലയിരുത്തുന്നു.

**3) പ്രിസംപ്റ്റീവ് ടാക്സ് ഈടാക്കുന്നില്ല**

പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. അഭിഭാഷകർ, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, മറ്റുപ്രൊഫഷണലുകൾ, ആധാരമെഴുത്തുകാർ, മരാമത്ത് പണി ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എൻജിനീയർമാർ എന്നിങ്ങനെയുള്ള ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നഗരസഭ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. താലൂക്ക് ആശുപത്രിയോടനുബന്ധിച്ചും മറ്റുമായി നിരവധി ലാബുകൾ, സ്കാനിംഗ്/എക്സ്റേ സെന്ററുകൾ തുടങ്ങിയവയുണ്ടെങ്കിലും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം ആകെ 8 സ്ഥാപനങ്ങൾ മാത്രമാണ് ഉള്ളത്. പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

**4) തൊഴിൽ നികുതി – എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി/സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നില്ല.**

നഗരസഭയിലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം നഗരസഭാ പ്രദേശത്തെ നിരവധി സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്നതും തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരുമായ എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. സ്ഥാപനങ്ങൾ ലഭ്യമാക്കിയ വരുമാന പത്രിക അർദ്ധവർഷം തിരിച്ച് ക്രമമായി സൂക്ഷിക്കാത്തതിനാൽ തൊഴിൽ നികുതി അടവാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരുമായ എല്ലാ സ്ഥാപനങ്ങളുടെയും വരുമാന പത്രികകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

**5) നികുതിയേതര വരവുകളുടെ പിരിവ് കാര്യക്ഷമമല്ല**

നികുതിയേതര വരുമാനങ്ങളിൽ നഗരസഭയുടെ പ്രധാന വരുമാനമാർഗ്ഗങ്ങളിൽ ഒന്നാണ് ലൈസൻസ് ഫീസ്. ഏകദേശം 2500 വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരവും, ഹരിത കർമ്മസേന, നഗരസഭയിലെ വാർഡുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതു സംബന്ധിച്ച് സൂക്ഷിച്ചിട്ടുള്ള ഡാറ്റാ പ്രകാരവും കാണുന്നു. എന്നാൽ റേഷൻകടകൾ, പാൽ സൊസൈറ്റികൾ, മറ്റു സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവ ലൈസൻസ് എടുത്തിട്ടുള്ളതായോ

തൊഴിൽനികുതി അടവാക്കുന്നതായോ കാണുന്നില്ല. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും മുഴുവൻ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കി, വരുമാന സാധ്യത വർദ്ധിപ്പിക്കേണ്ടതുമാണ്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെയും മറ്റ് വ്യാപാര സ്ഥാപനങ്ങളിലെയും നിരവധി മുറികൾ ഒഴിഞ്ഞുകിടക്കുന്നതായും നിലവിലുള്ള വാടകക്കാർ വൻതുക കുടിശ്ശിക വരുത്തിയിട്ടുള്ളതായും വാടക രജിസ്റ്റർ പ്രകാരം കാണുന്നു. ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ ലേലം നടത്തി നല്കുന്നതിനും വാടകക്കുടിശ്ശിക ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ചാൽ വരുമാനത്തിൽ വൻവർദ്ധനവ് ഉണ്ടാകുന്നതാണ്.

**6) പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിൽ പരാജയം**

നഗരസഭാ പരിധിയിൽ പ്രവർത്തിച്ചുവരുന്ന വാണിജ്യ സ്വഭാവമുള്ള ടർഫ്, ജിംനേഷ്യം തുടങ്ങിയ നികുതി പരിധിയിൽപ്പെടാതിരുന്ന ഇനങ്ങൾക്ക് വാണിജ്യ നിരക്കിലുള്ള നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ അതിൻ പ്രകാരം നികുതി നിശ്ചയിച്ച് ഈടാക്കുന്നതിനുള്ള നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല. ആയത് നടപ്പിൽ വരുത്തി വരുമാന സാധ്യത വർദ്ധിപ്പിക്കാവുന്നതാണ്.

മേൽ സൂചിപ്പിച്ച വിഷയങ്ങളിന്മേൽ നല്കിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.5,6/16.01.2024) മറുപടി ലഭ്യമാക്കിയില്ല. നികുതി – നികുതിയേതര വരവുകളുടെ പിരിവിലെ അപാകതകൾ പരിഹരിച്ച് തനത് വരുമാന വർദ്ധനവിന് ആവശ്യമായ പ്രായോഗിക നടപടികൾ നഗരസഭ കൗൺസിൽ സ്വീകരിക്കേണ്ടതാണ്.

**1-11 തൊഴിൽ നികുതി പിരിവ്, ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ**

നഗരസഭയുടെ ഏറ്റവും പ്രധാനപ്പെട്ട തനത് വരുമാനങ്ങളിൽ ഒന്നായ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിലും ഈടാക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും നിരവധി അപാകതകൾ നിലനിൽക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം നഗരസഭാ പ്രദേശത്തെ നിരവധി സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ലഭ്യമായതായി കാണുന്നില്ല. നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്നതും തൊഴിൽനികുതി ചുമത്തപ്പെടേണ്ടതുമായ സ്ഥാപനങ്ങളുടെ പൂർണ്ണമായ പട്ടിക ഓഡിറ്റിൽ ലഭ്യമാക്കിയില്ല. രജിസ്റ്ററിൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടെയും പേര് വിവരം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ, ജീവനക്കാരുടെ തൊഴിൽനികുതി അടക്കുവാൻ എത്ര സ്ഥാപനങ്ങൾ തൻ വർഷം ബാക്കിയുണ്ട് എന്ന വിവരം ലഭ്യമല്ല. സ്ഥാപനങ്ങൾ ലഭ്യമാക്കിയ വരുമാന പത്രിക പോലും അർദ്ധവർഷം തിരിച്ച് ക്രമമായി സൂക്ഷിച്ചിട്ടില്ല. തന്മൂലം ഓരോ അർദ്ധവർഷവും തൊഴിൽ നികുതി അടവാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല. മാത്രവുമല്ല, തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരുമായ എല്ലാ സ്ഥാപനങ്ങളുടെയും വരുമാന പത്രികകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല.മേൽ അപാകതകൾ പരിഹരിക്കേണ്ടതും, ഇതുമായി ബന്ധപ്പെട്ട് അവശ്യം സൂക്ഷിക്കേണ്ടുന്ന രജിസ്റ്ററുകളും, രേഖകളും സൂക്ഷിക്കേണ്ടതുമാണ്.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾക്ക് ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. രജിസ്റ്റർ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സർക്കാർ സ്ഥാപനങ്ങൾ

| സ്ഥാപനം | ലഭ്യമായ തുക | | റിമാർക്സ് |
|---|---|---|---|
| | ആദ്യ അർദ്ധവർഷം | രണ്ടാം അർദ്ധവർഷം | |
| ഗവ.ബോയ്സ് എച്ച്.എസ്.എസ് | -- | 12,500/- | |
| അസിസ്റ്റന്റ് എഞ്ചിനീയർ, | 21,000 | -- | |

| | | | |
|---|---|---|---|
| മൈനർ ഇറിഗേഷൻ | | | |
| ചേർത്തല സൂപ്പർമാർക്കറ്റ് | 18,750 | -- | |
| കേരള വാട്ടർ അതോറിറ്റി, പി.എച്ച്. സബ്ഡിവിഷൻ | 17,500 | -- | |
| താലൂക്ക് ആശുപത്രി | 2,08,200 | 21,250 | |
| സോയിൽ കൺസർവേഷൻ | -- | 18,750 | |
| സബ് ട്രഷറി | 25,000 | -- | |
| JFCM-II | 21,250 | -- | |
| ഗവ.ഗേൾസ് എച്ച്.എസ്. | 87,500 | 66,250 | ആദ്യ അർദ്ധവർഷം 70 ജീവനക്കാർ രണ്ടാം അർദ്ധവർഷം 53 ജീവനക്കാർ |
| ഗവ.പോളിടെക്നിക് | 95,000 | 9,750 | |
| കെ.എസ്.ബി.സി(ബിവറേജസ്) | -- | 15,000 | |
| ESI ഡിസ്പെൻസറി | -- | -- | |
| PWD, റോഡ് സെക്ഷൻ | -- | -- | |
| അസിസ്റ്റന്റ് രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി | -- | -- | |
| സർവ്വേ & ലാന്റ് റെക്കോർഡ്സ്(റീസർവെ) | -- | -- | |
| ലീഗൽ മെട്രോളജി | -- | -- | |
| ICDS | -- | -- | |
| സതേൺ റെയിൽവേ | -- | -- | |
| കേരള ബാങ്ക് | -- | -- | |
| സപ്ലൈ ഓഫീസ് | -- | -- | |
| പോലീസ് സ്റ്റേഷൻ | -- | -- | |
| ചേർത്തല നഗരസഭ | -- | -- | |
| ചേർത്തല നഗരസഭയിലെ താൽക്കാലിക/കോൺട്രാക്ട് ജീവനക്കാർ | -- | -- | |

മേൽ സൂചിപ്പിച്ചവ കൂടാതെ നിരവധി സർക്കാർ സ്ഥാപനങ്ങളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്താതെയുണ്ട്.

2. തൊഴിൽ നികതി രജിസ്റ്ററിൽ നഗരസഭയിലെ കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന 19 കോൺട്രാക്ടർമാരുടെ പേര് ചേർത്തിട്ടുണ്ടെങ്കിലും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

3. നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന നിരവധി സ്വകാര്യ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി / ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനങ്ങൾ |
|---|
| കിൻഡർ ഹോസ്പിറ്റൽ |
| കാത്തലിക് സിറിയൻ ബാങ്ക് |
| സൗത്ത് ഇന്ത്യൻ ബാങ്ക് |
| വുഡ്ലാൻഡ്സ് ലോഡ്ജ് |
| ഗ്യാസ് ഏജൻസികൾ |
| പെട്രോൾ പമ്പുകൾ |
| മാക്സ് ഷൂസ് & ബാഗ്സ് |
| നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് |
| കേരള ഗ്രാമീൺ ബാങ്ക് |
| മുത്തൂറ്റ് ഫിൻകോർപ്പ് |
| കെ.എൽ.എം. ആക്സിവ |
| സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ |
| സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ |
| റേഷൻ കടകൾ |
| പാരാമെഡിക്കൽ സ്ഥാപനങ്ങൾ |

(പട്ടിക പൂർണ്ണമല്ല)

ജീവനക്കാരുടെ തൊഴിൽനികുതി / സ്ഥാപന തൊഴിൽനികുതി അടവാക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് നഗരസഭ തയ്യാറാക്കി സൂക്ഷിക്കാത്തതുമൂലം നികുതിയിനത്തിൽ വൻതുക നഷ്ടമാകുന്നുണ്ട്.

4. നഗരസഭാ പ്രദേശത്ത് നിരവധി അഡ്വക്കേറ്റ് ഓഫീസുകളിലായി നൂറുകണക്കിന് അഡ്വക്കേറ്റുമാർ പ്രാക്ടീസ് ചെയ്യുന്നുണ്ടെങ്കിലും ആരുംതന്നെ തൊഴിൽ നികുതി അടവാക്കുന്നില്ല.

5. നഗരസഭാ പ്രദേശത്ത് സ്വകാര്യ പ്രാക്ടീസ് നടത്തുന്ന അലോപ്പതി, ആയുർവേദം, ഹോമിയോ ഡോക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല.

6. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം ആകെ 8 സ്ഥാപനങ്ങൾ മാത്രമാണ് രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്. പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമായതായും കാണുന്നില്ല.

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/16.1.24) മറുപടി ലഭ്യമാക്കിയില്ല. അഡ്വക്കേറ്റുമാരുടെ തൊഴിൽ നികുതി അടവാക്കാത്തത് സംബന്ധിച്ച് ചേർത്തല ബാർ അസോസിയേഷനുമായി ബന്ധപ്പെട്ട് നികുതി അടവാക്കുന്നതിന് വേണ്ട മേൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. നഗരസഭാ പ്രദേശത്തുള്ള സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഈടാക്കിയിട്ടുള്ള തൊഴിൽനികുതി സംബന്ധിക്കുന്ന വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. തൊഴിൽനികുതി/സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ട സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. തൊഴിൽനികുതി കൈകാര്യം ചെയ്യുന്ന വിഭാഗം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ മേൽ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**1-12 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, അസസ്മെന്റ് രജിസ്റ്റർ, റഗുലറൈസേഷൻ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നതിലെ അപാകതകൾ**

ഓഫീസ് മാന്വൽ പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ

വരുത്തണമെന്നും ആയത് സെക്രട്ടറി ഉറപ്പുവരുത്തണമെന്നും തസ്വഭവ. ആർ.എ.1/444/2019, തസ്വഭവ., തീയതി 29.10.2020-ലും നം.12900/ആർ.എ.1/2015/തസ്വഭവ. 2.12.2015 സർക്കുലറുകൾ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ താഴെപ്പറയുന്ന രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ അലംഭാവം കാണുന്നു.

1. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ എല്ലാ കോളങ്ങളിലും രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ബിൽഡിംഗ് പെർമിറ്റിനായി അപേക്ഷ ലഭ്യമായ തീയതി, കെട്ടിടത്തിന്റെ നിലകളുടെ വിവരം, ഓരോ നിലകളുടെയും വിസ്തൃതി, പെർമിറ്റ് ഫീ അടവാക്കിയതിന്റെ വിവരം, ന്യൂനതകൾ പരിഹരിക്കുന്നതിനായി നോട്ടീസ് നല്കിയതിന്റെ വിവരം തുടങ്ങിയ വിവരങ്ങൾ ഇല്ല. എല്ലാ വിവരങ്ങളും രേഖപ്പെടുത്താത്തിനാൽ പെർമിറ്റ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

2. വാർഡ്തല അസസ്മെന്റ് രജിസ്റ്ററുകൾ പ്രകാരം പൂർത്തീകരണ തീയതിക്കുശേഷം വളരെയേറെ മാസങ്ങൾ കഴിഞ്ഞാണ് ഒക്കുപ്പൻസി നല്കിയിട്ടുള്ളത്.

ഏതാനും ഫയലുകളുടെ വിവരം താഴെ ചേർക്കുന്നു.

| ഫയൽ നം. | പൂർത്തീകരണ തീയതി | ഒക്കുപ്പൻസി തീയതി |
|---|---|---|
| TP/14030/2021 | 17.12.21 | 30.5.22 |
| BA/372/18 | 5.11.22 | 13.7.23 |
| BA/115/18 | 03.5.2020 | 21.6.22 |
| BA/306/21 | 12.8.21 | 27.10.22 |

3. അസസ്മെന്റ് രജിസ്റ്ററിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം, ഓരോ നിലകളുടെയും വിസ്തൃതി, റോഡിന്റെ വിവരങ്ങൾ, നികുതി നിരക്ക്, ബാധകമായ വർദ്ധനവുകൾ/ഇളവുകൾ നല്കിയതിന്റെ വിവരം തുടങ്ങി നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല. പകരം ആകെ നികുതി തുക മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം നികുതി തുക മാത്രം രേഖപ്പെടുത്തി ഒക്കുപ്പൻസി നല്കിയിട്ടുള്ള ഏതാനും ഫയലുകളുടെ വിവരം താഴെ ചേർക്കുന്നു.

| ഫയൽ നം. |
|---|
| BA-336/2018 |
| BA/36/18 |
| BA/TP2-1205/22 |
| BA/TP2-10212/19 |

ഇപ്രകാരം എല്ലാ വിവരങ്ങളും രേഖപ്പെടുത്താത്തിനാൽ വസ്തു നികുതി നിർണ്ണയിച്ചതിന്റെ കൃത്യത, ഒക്കുപ്പൻസി നല്കിയതിൽ വന്ന കാലതാമസത്തിന്റെ കാരണം തുടങ്ങിയ വിവരങ്ങൾ പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

3. റഗുലറൈസേഷൻ രജിസ്റ്ററിൽ ഫീ ഈടാക്കിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നില്ല. വിശദവിവരങ്ങൾ ഖണ്ഡിക 1-14 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽ സർക്കുലറുകളിലെ നിർദ്ദേശ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ രജിസ്റ്ററുകളിൽ വരുത്താത്തതിന് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 19/18.1.2024 മറുപടി ലഭ്യമാക്കിയില്ല. രജിസ്റ്ററുകളിലെ എല്ലാ കോളങ്ങളും എഴുതി രജിസ്റ്റർ കാലികമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-13 നിയമാനുസൃതമായ അളവുകൾ പാലിക്കാതെ കെട്ടിടനിർമ്മാണ പ്ലാനിന് അനുമതി നല്കി**

BA/74/2022 നമ്പരായുള്ള കെട്ടിട നിർമ്മാണ പെർമിറ്റിനൊപ്പം ലഭ്യമാക്കിയിട്ടുള്ള പ്ലാൻ

പരിശോധിച്ചതിൽ നിയമാനസൃതമായ അളവുകൾ പാലിക്കാത്ത കെട്ടിടനിർമ്മാണ പ്ലാനിന് അനുമതി നല്കിയിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

BA/74/2022 പ്രകാരമുള്ള കെട്ടിട നിർമ്മാണ പെർമിറ്റിനൊപ്പം ലഭ്യമാക്കിയിട്ടുള്ള പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിനോട് കൂട്ടിച്ചേർത്ത് വാണിജ്യാവശ്യത്തിനുള്ള 547.50m$^2$ വിസ്തൃതിയുള്ള കെട്ടിടം നിർമ്മിക്കുന്നതിനാണ് ശ്രീ.ഇമ്മാനുവേൽ എം.സി., മണിയംപൊഴിയിൽ, സി.എം.സി. 13 എന്നയാൾ അപേക്ഷിച്ചിട്ടുള്ളത്. ആയതിന് 06.08.2022-ൽ നിർമ്മാണ അനുമതി നല്കിയിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോറിൽ നിലവിലുള്ള 72.34m$^2$ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തോട് ഗ്രൗണ്ട് ഫ്ലോറിൽത്തന്നെ 92.78m$^2$ കൂട്ടിച്ചേർക്കൽ വരുത്തി ആകെ 165.12m$^2$ നിർമ്മിച്ചതിനു മുകളിൽ 2, 3 നിലകളായി 186.66m$^2$ വീതം നിർമ്മിച്ച് ആകെ 516.64m$^2$ കെട്ടിടം നിർമ്മിക്കുന്നതിനാണ് പ്ലാൻ നല്കിയിട്ടുള്ളത്. കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം മുൻവശം 3.02 മീറ്റർ വീതി കാണിച്ചിട്ടുണ്ടെങ്കിലും ഈ സ്ഥലത്ത് നിലവിലുള്ള കടമുറികൾ നിൽക്കുന്നതായാണ് മനസ്സിലാക്കുന്നത് (പ്ലാനിൽ നിലവിലുള്ള കെട്ടിടത്തിൽ നിലനിർത്തുന്ന ഭാഗം പ്രത്യേകമായി അടയാളപ്പെടുത്തിയിട്ടുള്ളതു പ്രകാരം). ഈ ഭാഗം പൊളിച്ചു നീക്കുന്നതായി (ഡിമോളിഷ് ചെയ്യുന്നതായി) പ്ലാനിൽ കാണിച്ചിട്ടില്ല. നിലവിലുള്ള കെട്ടിടത്തിൽ നിലനിർത്തുന്ന കടമുറി ഭാഗം കഴിഞ്ഞ് മുൻവശം കേവലം ഒരു മീറ്റർ മാത്രമേ വീതി ഉണ്ടാവുകയുള്ളൂ. പാർക്കിംഗിനായി കെട്ടിടത്തിന്റെ പിന്നിൽ കാണിച്ചിട്ടുള്ള ഏരിയയിലേക്ക് വാഹനങ്ങൾക്ക് പോകുന്നതിന് സാധിക്കുകയില്ല. കൂടാതെ, ഗ്രൗണ്ട് ഫ്ലോറിൽ പാർക്കിംഗിനായി കാണിച്ചിട്ടുള്ള ഏരിയകളിൽ നിലനിർത്തുന്ന കടമുറികളുടെ ഭാഗവും പുതുതായി നിർമ്മിക്കുന്ന ഭാഗവും ടോയ്‌ലെറ്റ് ഏരിയയും ഉൾപ്പെടുന്നു.

165.12m$^2$ ഗ്രൗണ്ട് ഫ്ലോർ വരുന്ന കെട്ടിടത്തിൽ 186.66m$^2$ ഒന്നാം നിലയും അത്രയുംതന്നെയുള്ള രണ്ടാം നിലയും നിർമ്മിക്കുന്നതായാണ് പ്ലാനിലുള്ളത്. അതായത് ഗ്രൗണ്ട് ഫ്ലോറിൽ നിന്നും തള്ളിയാണ് ഒന്നാം നിലയും രണ്ടാംനിലയും നിർമ്മിക്കുന്നത്. പ്ലാനിലെ അളവുകളിൽ നല്കിയിട്ടുള്ള സെറ്റ് ബാക്ക് പ്രകാരം കെട്ടിടത്തിന്റെ പിൻവശത്ത് ഒരു മീറ്റർ മുതൽ 2 മീറ്റർ വരെയാണ് വീതിയുള്ളത്. എന്നാൽ പ്ലാൻ പ്രകാരം ഒന്നാം നിലയിലും രണ്ടാം നിലയിലുമായി പുറകുവശത്ത് കെട്ടിടത്തിൽ നിന്നും തള്ളി നിർമ്മിക്കുന്ന പാസേജ് ഏരിയയുടെ വീതി കാണിച്ചിട്ടുള്ളത് 1.20m വീതിയാണ്. ഒരു മീറ്റർ മാത്രം വീതിയുള്ള ഏരിയയിൽ 1.20 മീറ്റർ വീതിയിൽ പാസേജ് നിർമ്മിക്കുന്നതായാണ് പ്ലാനിലുള്ളത്. 2018-ലെ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം 1-1.5 മീറ്റർ സെറ്റ് ബാക്കിൽ ഇപ്രകാരം തള്ളി നിർമ്മിക്കാവുന്ന പരിധി 60 സെ.മീറ്റർ മാത്രവുമാണ്. എന്നാൽ ഓവർസിയറുടെ റിപ്പോർട്ടിൽ ഈ അപാകങ്ങൾ സൂചിപ്പിച്ചിട്ടില്ല.

പ്ലാനിലെ അപാകതകൾ സംബന്ധിച്ച് ഓവർസീയറോട് നേരിൽ വിശദാംശങ്ങൾ ആരാഞ്ഞതിൽ അളവുകൾ പരിശോധിച്ച ഓവർസീയർ സ്ഥലം മാറിപ്പോയി എന്നാണ് വാക്കാൽ അറിയിച്ചത്. നിലവിലുള്ള ഓവർസീയർ പ്ലാൻ പരിശോധിച്ച് വ്യക്തമായ മറുപടിയും നല്കിയില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനും (9/18.1.24) മറുപടി ലഭ്യമാക്കിയില്ല.

മേൽ പ്ലാനിലെ അപാകതകൾ പരിശോധിച്ച് അപാകതകളുള്ള പക്ഷം ആവശ്യമായ മേൽനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

## 1-14 അനധികൃത നിർമ്മാണം - റഗുലറൈസേഷൻ ഫീ ഈടാക്കുന്നതിൽ കുറവ്

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 2018ലെ ചട്ടം 95(4), 144(2, 3) എന്നിവയനുസരിച്ച് റഗുലറൈസേഷൻ ഫീസായി പെർമിറ്റ് ഫീസിന്റെ ഇരട്ടി ഈടാക്കേണ്ടതാണ്. എന്നാൽ ചേർത്തല നഗരസഭയുടെ റഗുലറൈസേഷൻ രജിസ്റ്ററും, ഫയലുകളും പരിശോധിച്ചതിൽ, അനധികൃത കെട്ടിട നിർമ്മാണങ്ങൾ ക്രമവൽക്കരിച്ചപ്പോൾ ഈടാക്കിയ പെർമിറ്റ് ഫീ, റഗുലറൈസേഷൻ ഫീ (കോമ്പൗണ്ടിംഗ് ഫീ) എന്നിവയിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം./തീയതി/ | ക്രമവൽക്ക രിക്കേണ്ട | ഈടാക്കേണ്ട നിരക്കും | ഈടാക്കിയ നിരക്കും ഫീസ് | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|

| | ഉടമ | വിസ്തൃതി ($M^2$) | ഫീസും (രൂ.) | (രസീത് നം.-തുക) | | |
|---|---|---|---|---|---|---|
| 1 | BA-155/22 /16.2.23 സതീഷ് കുമാർ | 24.95 | 24.95X6X2 = 300/- | 24.95X6=150/- (114879-15.2.23) | 150/- | റൂഫ് ചെയ്ഞ്ചിംഗ് |
| 2 | BA-148/22/ 5.11.22 ജയാനന്ദൻ | 20.57 | 20.57X10X2 = 420/- | 20.57X10 =210/- (110198/5.11.22) | 210/- | രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യം (ഷോപ്പ്) |
| 3 | BA-149/22/ 3.12.22 രമ | 71.35 | 71.35X6X2 = 856/- | 500/- (111236/ 2.12.22) | 356/- | 150m$^2$വരെയുള്ള കെട്ടിടങ്ങൾക്കുള്ള നിരക്കായ 12/-രൂപയുടെ പകുതി നിരക്കിൽ |
| 4 | BA-143/22/ 3.11.22 സാബു | 114.44 | 114.44X6X2 =1373/- | 810/- (109966/ 1.11.22) | 563/- | -ടി - |

റഗുലറൈസേഷൻ രജിസ്റ്ററിലെ ചില കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമാണ് മുകളിൽ ചേർത്തിട്ടുള്ളത്.

മേൽ സൂചിപ്പിച്ച പ്രകാരം പെർമിറ്റ് ഫീസ് കുറവ് വന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.32/18.1.24) മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടങ്ങളുടെയും, അതുപോലെ റഗുലറൈസേഷൻ രജിസ്റ്റർ, പെർമിറ്റ് ഫീ രജിസ്റ്റർ എന്നിവ പ്രകാരമുള്ള മറ്റുള്ള കെട്ടിടങ്ങളുടെയും കുറവ് വന്ന പെർമിറ്റ് ഫീസും, റഗുലറൈസേഷൻ ഫീസും പുനർനിർണ്ണയിച്ച് കുറവുള്ള തുക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. അതുപോലെ റഗുലറൈസേഷൻ നടത്തുമ്പോൾ മേൽ രീതിയിൽ ഫീസുകൾ ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**1-15 വിനോദനികുതി ഒടുക്കിയതിലെ അപാകതകൾ**

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന പാരഡൈസ് തിയേറ്ററിൽ നിന്നും വിനോദനികുതി അടവാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഒരു മാസത്തെ വിനോദ നികുതി ഒടുക്കിയില്ല

നഗരസഭയിലെ തിയേറ്ററുകളിൽ നിന്നുള്ള വിനോദനികുതി സംബന്ധിച്ച ഫയലിലെ (നം.R1-10899/18) ഓഫീസ് കുറിപ്പ് പ്രകാരം നഗരസഭയിൽ പ്രവർത്തിക്കുന്ന പാരഡൈസ് തിയേറ്ററിന്റെ 2022 ഡിസംബർ മാസത്തെ വിനോദനികുതി അടവാക്കിയതായി കാണുന്നില്ല. 2022 നവംബർ മാസത്തെ വിനോദനികുതി 16.01.2023ലെ 22030500391 രസീത് പ്രകാരം അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിനുശേഷം 2022 ഡിസംബർ 2023 ജനുവരി മാസങ്ങളിലെ വിനോദ നികുതി (120433+122798) അടവാക്കാൻ സാവകാശം തേടി ഉടമ 27.2.23-ൽ നല്കിയ അപേക്ഷയിൽ 2023 മാർച്ച് 31 നകം കുടിശ്ശിക അടവാക്കണമെന്ന് സെക്രട്ടറി 03.03.2023ൽ ഫയൽ കുറിപ്പെഴുതിയിട്ടുണ്ട്. 2023 ജനുവരി മാസത്തെ വിനോദനികുതി 25.03.2023-ലെ ഓഫീസ് നോട്ട് പ്രകാരം അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2022 ഡിസംബർ മാസത്തെ വിനോദനികുതി 1,20,433/- അടവാക്കിയതായി കാണുന്നില്ല.

2. കുറഞ്ഞ നിരക്കിൽ വിനോദനികുതി ഈടാക്കി

2022 ജനുവരി 1 മുതൽ 2023 മാർച്ച് 31 വരെ വിനോദനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കിയതിനാൽ

കുറവ് വന്ന 4,34,128/- രൂപ തീയേറ്ററിൽ നിന്നും ഈടാക്കുന്നതിനായി, സ്റ്റേറ്റ്മെന്റ് സഹിതം 16.6.2023-ൽ തയ്യാറാക്കിയിട്ടുള്ള ഓഫീസ് നോട്ടിൽ സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ഈടാക്കിയതായി കാണുന്നില്ല. ടി തുക ജനങ്ങളിൽ നിന്നും ഈടാക്കാത്ത തുകയായതിനാൽ അടവാക്കുന്നതിൽ നിന്നും ഒഴിവാക്കി നല്കുവാൻ തീയേറ്റർ ഉടമ അപേക്ഷിച്ചെങ്കിലും നഗരസഭയ്ക്ക് ഇതിന്മേൽ തീരുമാനമെടുക്കാൻ സാധിക്കില്ലെന്നും അപേക്ഷ സർക്കാരിലേക്ക് അയയ്ക്കാനും സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷ സർക്കാരിലേക്ക് അയച്ചത് സംബന്ധിച്ചോ, അതിന്മേലുള്ള സർക്കാർ തീരുമാനമോ, തുക അടവാക്കിയ വിവരങ്ങളോ ലഭ്യമല്ല.

3. തീയേറ്ററിൽ വിൽക്കുന്ന ടിക്കറ്റുകളുടെ നികുതി വിവരം സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തുന്നില്ല

നഗരസഭയിൽ പ്രവർത്തിക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള 2 തിയേറ്ററുകളുടെയും സ്റ്റേറ്റ്മെന്റിൽ ഓൺലൈൻ വഴി ബുക്ക് ചെയ്യുന്ന ടിക്കറ്റുകളുടെ വിവരവും കൗണ്ടർവഴി നേരിട്ട് നല്കുന്ന ടിക്കറ്റുകളുടെ എണ്ണവും ഉൾപ്പെടുത്തുന്നുണ്ട്. എന്നാൽ പാരഡൈസ് തീയേറ്ററിലെ നികുതി വിവരം കാണിക്കുന്ന സ്റ്റേറ്റ്മെന്റിൽ, വെബ്സൈറ്റ് വഴി ബുക്ക് ചെയ്ത ടിക്കറ്റുകളുടെ നികുതി തുക മാത്രമാണ് ഉൾപ്പെടുന്നത്, തിയേറ്ററിൽ നേരിട്ട് നല്കിയ ടിക്കറ്റുകളുടെ വിനോദനികുതി ഉൾപ്പെടുന്നതായി കാണുന്നില്ല. 16.12.2022-ലെ ഓഫീസ് നോട്ട് പ്രകാരം അടവാക്കിയതായി കാണിച്ചിട്ടുള്ള നികുതി തുക വെബ്സൈറ്റ് വഴി ബുക്ക് ചെയ്ത ടിക്കറ്റുകളുടെ നികുതി തുക മാത്രമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 42/19.1.24) മറുപടി ലഭ്യമാക്കിയില്ല. പാരഡൈസ് തിയേറ്ററിൽ നിന്നും 2022 ഡിസംബറിലെ വിനോദനികുതി (രൂ.1,20,433/-) ഈടാക്കി ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. 2022 ജനുവരി 1 മുതൽ 2023 മാർച്ച് 31 വരെ വിനോദനികുതി ഇനത്തിൽ കുറവ് വന്ന 4,34,128/- രൂപ സംബന്ധിച്ച് സർക്കാർ തീരുമാനം ലഭ്യമല്ലാത്തപക്ഷം ആ തുകയും തീയേറ്ററിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം തുക സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്. കൗണ്ടർ വഴി നല്കുന്ന ടിക്കറ്റുകളുടെ വിനോദനികുതി തിട്ടപ്പെടുത്തി ഈടാക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

## 1-16 വാടക-കുടിശ്ശിക ഈടാക്കുന്നതിലും കടമുറികൾ ലേലം ചെയ്യുന്നതിലും കാലതാമസം

2022-23 വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ, കളക്ഷൻ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) വാടക യഥാസമയം അടവാക്കുന്നില്ല

നഗരസഭയിൽ കടമുറികളുടെ വാടക ഇനത്തിൽ വലിയ തുക കുടിശ്ശികയായി നിൽക്കുന്നു. വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കടമുറികളുടെ വാടക കുടിശ്ശിക നിലവിലും ഈടാക്കിയതായി കാണുന്നില്ല.

| ഷോപ്പിംഗ് കോംപ്ലക്സ് | കടമുറി നം. | വാടകക്കാരന്റെ പേര് | 2022-23 വർഷത്തെ പ്രതിമാസ വാടക (GST ഒഴികെ) | 2022-23 വർഷത്തെ വാടക കുടിശ്ശിക (GST ഒഴികെ) | കുടിശ്ശിക സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ലോഡ്ജ് ഷോപ്പിംഗ് കോംപ്ലെക്സ്-ലോഡ്ജിന്റെ | 1 | അജയകുമാർ ടി.കെ. | 353 | 353 | 03/2023 മുതൽ അടവാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| ഭാഗം | | | | | |
| ലോഡ്ജ് ഷോപ്പിംഗ് കോംപ്ലെക്സ് | 2 | ശിവതാണപിള്ള | 1,558 | 4,674 | 01/2023 മുതൽ അടവാക്കിയിട്ടില്ല |
| ഷോപ്പിംഗ് കോംപ്ലെക്സ് ദേവീ ക്ഷേത്രത്തിന് സമീപം | 3 | വിഷ്ണു ഗോപിനാഥ് | 1,986 | 23,832 (22-23 ലേത് മാത്രം) | 8/2021 മുതൽ അടവാക്കിയിട്ടില്ല |
| " ഒന്നാം നില | 1 | ഷാജിമോൻ | 3,843 | 46,116(22-23 ലേത് മാത്രം) | 02/2021 മുതൽ അടവാക്കിയിട്ടില്ല |
| വനിത വ്യവസായ കേന്ദ്രം | 2 | പ്രിന്റോഗ്രാഫ് ഓഫ് സെറ്റ് പ്രസ്സ് | 440 | 880 | 02/2023 മുതൽ അടവാക്കിയിട്ടില്ല |
| പടയണിപ്പാലം തെക്ക്കിഴക്ക് ഷോപ്പിംഗ് കോംപ്ലക്സ് | 14 | പി.ജി.മനോഹരൻ | 1,802 | 21,624(22-23 ലേത് മാത്രം) | 10/2021 മുതൽ അടവാക്കിയിട്ടില്ല |
| ടാക്സി സ്റ്റാന്റ്-1 | 1 | ദിനമണി എ.ആർ. | 1,013 | 12,156 | 10/2021 മുതൽ അടവാക്കിയിട്ടില്ല |
| " | 2 | സി.എൻ. പ്രസന്നകുമാർ | 1,408 | 4,224 | 01/2023 മുതൽ അടവാക്കിയിട്ടില്ല |
| ടാക്സി സ്റ്റാന്റ്-2 | 11 F | രാജശ്രീ റാണി | 4,245 | 50,940(22-23 ലേത് മാത്രം) | 12/2021 മുതൽ അടവാക്കിയിട്ടില്ല |
| " | 11 H | സുരേഷ് കുമാർ | 4,245 | 50,940 | 4/2022 മുതൽ അടവാക്കിയിട്ടില്ല |
| " | 11 J | സലാം,നളേകാട് | 3,572 | 42,864 | 7/2021 മുതൽ അടവാക്കിയിട്ടില്ല |
| ഗാന്ധി ബസാർ ഷോപ്പിംഗ് കോംപ്ലക്സ് | 39 | മാനേജർ, എസ്.ബി.ഐ. | 43,470 | 43,470 | 03/2023 മുതൽ അടവാക്കിയിട്ടില്ല |
| " | 31 | സൂര്യദാസ് കെ. | 2,167 | 26,004 | 8/2021 മുതൽ അടവാക്കിയിട്ടില്ല |
| " | 32 | രതി എ. ഷേണായ് | 2,167 | 26,004 | 9/2021 മുതൽ അടവാക്കിയിട്ടില്ല |
| " | 33 | ഗുരുദാസ് | 2,167 | 26,004 | 7/2021 മുതൽ അടവാക്കിയിട്ടില്ല |
| " | 37 | രാധാകൃഷ്ണൻ | 2,167 | 26,004 | 02/2021 മുതൽ അടവാക്കിയിട്ടില്ല |
| " | 38 | ചന്ദ്രമതി | 2,167 | 26,004 | 7/2021 മുതൽ അടവാക്കിയിട്ടില്ല |
| " | 40 | എം.എൽ.എ. ഓഫീസ് | 979 | 5874 | 10/2022 മുതൽ അടവാക്കിയിട്ടില്ല |
| " | 42 | ഗോകുലം ചിറ്റ്സ് | 9,861 | 69,027 | 9/2022 മുതൽ അടവാക്കിയിട്ടില്ല |
| " | 44 | രമണിക | 13,583 | 54,332 | 12/2022 മുതൽ അടവാക്കിയിട്ടില്ല |
| മിനി ഷോപ്പിംഗ് കോംപ്ലക്സ് | 9 | ബിജുമോൻ | 3,346 | 40,152(22-23 ലേത് മാത്രം) | 5/2020 മുതൽ അടവാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | 5 | വിജയ സാജു | 4,223 | 50,676 | 4/2022 മുതൽ അടവാക്കിയിട്ടില്ല |
| " | 12 | ജോളി എം.റ്റി. | 4,223 | 50,676 | 4/2021 മുതൽ അടവാക്കിയിട്ടില്ല |
| " | 17 | പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് സൊസൈറ്റി | 857 | 10,284 | 4/2015 മുതൽ അടവാക്കിയിട്ടില്ല |
| മുട്ടം വികസന മാർക്കറ്റ് | 14 | കൃഷ്ണൻ പൊന്നപ്പൻ | 320 | 1,920 | 10/2022 മുതൽ അടവാക്കിയിട്ടില്ല |
| " | 17 | ഗോപാലൻ കെ. | 226 | 452 | 2/2023 മുതൽ അടവാക്കിയിട്ടില്ല |
| " | 18 | ശ്രീദേവി | 310 | 3,720 | 01/2021 മുതൽ അടവാക്കിയിട്ടില്ല |
| മുട്ടം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | 7 | ബീന പ്രസന്നൻ | 5,690 | 11,380 | 02/2023 മുതൽ അടവാക്കിയിട്ടില്ല |
| " | 10 | ബീന പ്രസന്നൻ | 3,781 | 7,562 | 02/2023 മുതൽ അടവാക്കിയിട്ടില്ല |
| " | 23 | ഷാബു | 776 | 776 | 03/2023 മുതൽ അടവാക്കിയിട്ടില്ല |
| മുട്ടം മാർക്കറ്റ് വെജിറ്റബിൾ സ്റ്റാൾ | | മോട്ടിലാൽ | 874 | 874 | 03/2023 മുതൽ അടവാക്കിയിട്ടില്ല |
| " | | ജോബി | 1,830 | 21,960 | 4/2021 മുതൽ അടവാക്കിയിട്ടില്ല |
| " | | കുര്യാക്കോസ് | 437 | 5,244 | 5/2021 മുതൽ അടവാക്കിയിട്ടില്ല |
| " | | ജോസഫ് കെ.ജെ. | 437 | 2,622 | 10/2022 മുതൽ അടവാക്കിയിട്ടില്ല |
| " | | റോസമ്മ എബ്രഹാം | 437 | 5,244 | 02/2018 മുതൽ അടവാക്കിയിട്ടില്ല |
| " | | കമലാസനൻ | 863 | 863 | 03/2023 മുതൽ അടവാക്കിയിട്ടില്ല |
| മുട്ടം മാർക്കറ്റ് ന്യൂ ബിൽഡിംഗ് | | ചാക്കോ തോമസ് | 3,885 | 23,310 | 10/2022 മുതൽ അടവാക്കിയിട്ടില്ല |
| " | | ഷാജി | 2,923 | 14,615 | 11/2022 മുതൽ അടവാക്കിയിട്ടില്ല |
| " | | പുരുഷോത്തമൻ കെ.വി. | 2,923 | 5,846 | 02/2023 മുതൽ അടവാക്കിയിട്ടില്ല |
| " | | അനുജ ശ്രീകുമാർ | 2,923 | 35,076 | 4/2022 മുതൽ അടവാക്കിയിട്ടില്ല |
| " | | രാമചന്ദ്രൻ ജി. | 2,923 | 35,076 | 8/2021 മുതൽ അടവാക്കിയിട്ടില്ല |
| " | | ജയിൻ പി.ഡി. | 1,709 | 6,836 | 12/2022 മുതൽ അടവാക്കിയിട്ടില്ല |
| " | | ജയിൻ പി.ഡി. | 3,237 | 6,474 | 02/2022 മുതൽ അടവാക്കിയിട്ടില്ല |
| മുട്ടം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | 7 | വർക്കി ജോസഫ് | 2,330 | 27,960(22-23 ലേത് മാത്രം) | 7/2020 മുതൽ അടവാക്കിയിട്ടില്ല |
| " | 8 | മാധവൻ സോമൻ | 2,330 | 18,640 | 8/2022 മുതൽ അടവാക്കിയിട്ടില്ല |

**ബങ്കുകളുടെ വാടക കുടിശ്ശിക**

| ബങ്കുകൾ | ബങ്ക് നം. | വാടകയ്ക്കെടുത്ത ആൾ | 2022-23 ലെ പ്രതിമാസ വാടക (GST ഒഴികെ) | 2022-23 ലെ വാടക കുടിശ്ശിക (GST ഒഴികെ) | കുടിശ്ശിക സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| പ്രൈവറ്റ് സ്റ്റാന്റിന് സമീപമുള്ള ബങ്കുകൾ | 1 | രാജൻ, മടപ്പള്ളി | 2,200 | 26,400 | 01/2015 മുതൽ അടവാക്കിയിട്ടില്ല |
| " | 2 | അപ്പുക്കുട്ടൻ | 2,200 | 26,400 | 8/2015 മുതൽ അടവാക്കിയിട്ടില്ല |
| " | 3 | കൃഷ്ണൻ | 1,348 | 16,176 | 6/2014 മുതൽ അടവാക്കിയിട്ടില്ല |
| " | 6 | ഐസിമോൾ | 2,529 | 30,348 | 10/2020 മുതൽ അടവാക്കിയിട്ടില്ല |
| " | 7 | പൈലോച്ചൻ | 2,200 | 26,400 | 7/2014 മുതൽ അടവാക്കിയിട്ടില്ല |
| " | 8 | ബാബു കെ ഡി | 2,200 | 26,400 | 12/2013 മുതൽ അടവാക്കിയിട്ടില്ല |
| " | 14 | ജയിംസ് എ.എഫ്. | 2,200 | 26,400 | 4/2022 മുതൽ അടവാക്കിയിട്ടില്ല |
| " | 15 | സന്തോഷ് കുമാർ | 2,200 | 4,400 | 02/2023 മുതൽ അടവാക്കിയിട്ടില്ല |
| " | 24 | ആംസ്റ്റ്രോങ് | 2,200 | 2,200 | 03/2023 മുതൽ അടവാക്കിയിട്ടില്ല |
| " | 30 | സിയാദ് കാരിക്കുഴി | 2,200 | 2,200 | 03/2023 മുതൽ അടവാക്കിയിട്ടില്ല |
| " | 31 | സൗദാ ഷെരീഫ് | 2,200 | 2,200 | 03/2023 മുതൽ അടവാക്കിയിട്ടില്ല |
| " | 37 | ബിജുമോൻ | 2,200 | 26,400 | 02/2014 മുതൽ അടവാക്കിയിട്ടില്ല |
| " | 38 | മനോഹരൻ | 2,200 | 26,400 | 7/2020 മുതൽ അടവാക്കിയിട്ടില്ല |
| " | 42 | കെ.വി. നാരായണൻ | 2,200 | 26,400 | 9/2021 മുതൽ അടവാക്കിയിട്ടില്ല |
| " | 44 | ലളിത | 2,200 | 26,400 | 4/2016 മുതൽ അടവാക്കിയിട്ടില്ല |
| " | 46 | റെജി,പുലിക്കാട്ടിൽ | 2,027 | 24,324 | 6/2017 മുതൽ അടവാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| “ | 49 | ദയാലൻ | 2,200 | 26,400 | 11/2013 മുതൽ അടവാക്കിയിട്ടില്ല |
| “ | 50 | പുഷ്കരൻ | 2,200 | 26,400 | 12/2013 മുതൽ അടവാക്കിയിട്ടില്ല |
| “ | 51 | നസീർ | 2,200 | 26,400 | 4/2015 മുതൽ അടവാക്കിയിട്ടില്ല |
| “ | 52 | തനുജ ഹരിലാൽ | 2,200 | 26,400 | 12/2014 മുതൽ അടവാക്കിയിട്ടില്ല |
| “ | 53 | ബിജിലാൽ | 2,200 | 26,400 | 7/2014 മുതൽ അടവാക്കിയിട്ടില്ല |
| “ | 54 | മോഹൻദാസ് | 2,200 | 26,400 | 9/2012 മുതൽ അടവാക്കിയിട്ടില്ല |
| “ | 56 | രതി എം.എം. | 2,200 | 26,400 | 5/2014 മുതൽ അടവാക്കിയിട്ടില്ല |
| | 62 | ദീപുമോൻ | 2,200 | 26,400 | 01/2018 മുതൽ അടവാക്കിയിട്ടില്ല |
| “ | 63 | വേണു | 1,679 | 20,148 | 8/2016 മുതൽ അടവാക്കിയിട്ടില്ല |
| “ | 64 | അനസ് | 1,679 | 20,148 | 11/2014 മുതൽ അടവാക്കിയിട്ടില്ല |
| “ | 66 | സജിമോൻ | 1,401 | 16,812 | 8/2020 മുതൽ അടവാക്കിയിട്ടില്ല |
| “ | 71 | മഹേഷ് കുമാർ | 1,122 | 13,464 | 4/2018 മുതൽ അടവാക്കിയിട്ടില്ല |
| “ | 74 | സുദർശനൻ | 1,939 | 23,268 | 4/2014 മുതൽ അടവാക്കിയിട്ടില്ല |
| “ | 75 | കുമാർ | 1,939 | 23,268 | 4/2013 മുതൽ അടവാക്കിയിട്ടില്ല |
| “ | 80 | കാർത്തികേയൻ | 1,939 | 23,268 | 03/2014 മുതൽ അടവാക്കിയിട്ടില്ല |
| “ | 81 | വിനോദ് | 2,200 | 26,400 | 01/2020 മുതൽ അടവാക്കിയിട്ടില്ല |
| “ | 85 | റ്റി.എം.ദാസൻ | 2,200 | 26,400 | 02/2018 മുതൽ അടവാക്കിയിട്ടില്ല |
| താലൂക്ക് ഹോസ്പിറ്റലിന് സമീപമുള്ള ബങ്കുകൾ | 2 | തിലകൻ | 677 | 8,124 | 02/2021 മുതൽ അടവാക്കിയിട്ടില്ല |
| “ | 3 | പ്രകാശൻ | 868 | 1,736 | 02/2023 മുതൽ അടവാക്കിയിട്ടില്ല |
| “ | 6 | മോഹനൻ പി.പി. | 398 | 796 | 02/2023 മുതൽ |

| | | | | | |
|---|---|---|---|---|---|
| | | | | | അടവാക്കിയിട്ടില്ല |
| “ | 8 | സത്യപ്പൻ | 232 | 232 | 03/2023 മുതൽ അടവാക്കിയിട്ടില്ല |
| “ | 9 | പൊന്നപ്പൻ | 232 | 464 | 02/2023 മുതൽ അടവാക്കിയിട്ടില്ല |
| “ | 16 | ഭുവനചന്ദ്രൻ | 348 | 4,176 | 4/2022 മുതൽ അടവാക്കിയിട്ടില്ല |
| “ | 17 | ലിസി | 348 | 4,176 | 4/2016 മുതൽ അടവാക്കിയിട്ടില്ല |
| പ്രൈവറ്റ് സ്റ്റാന്റിന് സമീപമുള്ള ബങ്ക് | 28 | ശ്രീ.ശശി, കപ്യാത്ത്. | 2315 | 27780 | 6/2019 മുതൽ അടവാക്കിയിട്ടില്ല |

ബി)<u>വാടകയ്ക്ക് നല്കാതെ ഒഴിഞ്ഞ് കിടക്കുന്ന കടമുറികളുടെ വിവരം</u>

വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, നഗരസഭ വാടകയ്ക്ക് നല്കാതെ വേക്കന്റ് എന്ന് രേഖപ്പെടുത്തിയ നിരവധി കടമുറികൾ കാണുന്നു. വിശദവിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | കടമുറി നം. | റിമാർക്സ് |
|---|---|---|
| ജവഹർലാൽ നെഹ്റു ഷോപ്പിംഗ് കോംപ്ലക്സ് | 8,9,10,11,15,16 | 01/2021 മുതൽ ഒഴിഞ്ഞു കിടക്കുന്നു. |
| | 12,13,14,15,16,17,18,19,20,22,23 | 04/2020 മുതൽ ഒഴിഞ്ഞു കിടക്കുന്നു. |
| ഷോപ്പിംഗ് കോംപ്ലക്സ്- ദേവി ക്ഷേത്രത്തിന് എതിർവശം | 508Z | 04/2021 മുതൽ ഒഴിഞ്ഞു കിടക്കുന്നു. |
| പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലെക്സ് | 18 | 04/2021 മുതൽ ഒഴിഞ്ഞു കിടക്കുന്നു |
| മുട്ടം മാർക്കറ്റ് വെജിറ്റബിൾ സ്റ്റാൾ | 5,8 | 04/2022 മുതൽ ഒഴിഞ്ഞു കിടക്കുന്നു. |
| മുട്ടം മാർക്കറ്റ് -ന്യൂ ബിൽഡിംഗ് | F4,F5 | 04/2020 മുതൽ ഒഴിഞ്ഞു കിടക്കുന്നു. |

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/18.01.2024) മറുപടി ലഭ്യമാക്കിയില്ല. ലേല ഫയലുകൾ പരിശോധിച്ചതിൽ, ഒഴിഞ്ഞ് കിടക്കുന്ന കടമുറികൾ വാടകയ്ക്ക് നൽകുന്നതിനായി ലേലം, പുനർലേലം എന്നിവ നടത്തിയതായി

കാണുന്നുണ്ടെങ്കിലും മേൽ സൂചിപ്പിച്ച എല്ലാ കടമുറികൾക്കും ലേല നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ദീർഘകാലമായി ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ വാടകയ്ക്ക് നൽകുന്നതിനായി ലേല നടപടികൾ ഊർജ്ജിതമാക്കേണ്ടതും ബങ്കുകളുടെ ഉൾപ്പെടെ വാടക കുടിശ്ശിക ഇനത്തിലുള്ള ഭീമമായ തുക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-17 കരാർ തുകയ്ക്ക് ആനുപാതികമായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചില്ല - സംസ്ഥാന സർക്കാരിന് വരുമാന നഷ്ടം**

01.04.2018 മുതൽ പ്രാബല്യത്തിൽ വന്ന 2018-ലെ കേരള ഫിനാൻസ് ആക്ട് സെക്ഷൻ 4, ഉപ വകുപ്പ് (4) പ്രകാരം 1959-ലെ കേരള സ്റ്റാമ്പ് ആക്ടിലെ (അമൻഡ്മെന്റ് ആക്ട് 17 ഓഫ് 1959) ഷെഡ്യൂൾ 5 ൽ ഉൾപ്പെടുത്തിയിട്ടുള്ള ഉപവകുപ്പ് (എഫ്) പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്കും, സേവനതലത്തിലുള്ള കരാറുകൾക്കും, ഓരോ 1,000/- രൂപയ്ക്കും 1 രൂപ ക്രമത്തിലും, അതിൽ കുറവുള്ള തുകയ്ക്ക് ആനുപാതികമായും, കുറഞ്ഞത് 200 രൂപയുടേയും, കൂടിയത് ഒരു ലക്ഷം രൂപയുടെയും തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർവെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥ പാലിക്കാതിരുന്നതു മൂലം സംസ്ഥാന സർക്കാരിന് മുദ്രപത്ര വിലയിനത്തിൽ 24,143/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ തുക | കരാർ ചമയ്ക്കേണ്ട മുദ്രപത്രത്തിന്റെ മൂല്യം | കരാർ ചമച്ച മുദ്രപത്രത്തിന്റെ മൂല്യം | കുറവ് | ചെലവ് വിവരം |
|---|---|---|---|---|---|---|---|
| 01 | താലൂക്ക് ആശുപത്രിയിൽ ജനറേറ്റർ സ്ഥാപിക്കൽ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 44,99,576/- | 4,500/- | കരാർ രേഖ ഹാജരാക്കിയില്ല. | 4,500/- | 1746318/- (ബിൽ നം. 25/19.10.2022) |
| 02 | ചേലൊത്ത ചേർത്തല – മാലിന്യ സംസ്കരണത്തിന് ബയോബിന്നുകൾ (S0211/2023) | ഹെൽത്ത് ഓഫീസർ, ചേർത്തല നഗരസഭ | 1,28,07,000/- | 12,807 | 200 | 12,607 | 4059819/- (ബിൽ നം 32382304145/ 27.3.2023) |
| 03 | ഗാർഹിക മാലിന്യ സംസ്കരണം (S0110/2023) | ഹെൽത്ത് ഓഫീസർ, ചേർത്തല നഗരസഭ | 72,36,000/- | 7,236 | 200 | 7,036 | 14,47,200/- (ബിൽ നം 32304843784/ 4.2.2023) |
| | ആകെ | | | | | 24,143 | |

മേൽ അപാകതകൾക്ക് വിശദീകരണവും, ആവശ്യമായ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 24/11.12.2023,13/17.1.2023) നൽകിയെങ്കിലും കരാർ രേഖകൾ ലഭ്യമാക്കിയില്ല. സംസ്ഥാന സർക്കാരിന് മുദ്രപത്ര വിലയിനത്തിൽ ഉണ്ടായ നഷ്ടം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ, അല്ലാത്തപക്ഷം യഥാസമയം കരാർ ചമയ്ക്കാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

**1-18 മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒടുക്കുന്നതിനായി ഈടാക്കിയ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു**

2022-23 വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4ലെ Donations To CMDRF എന്ന

ഹെഡിൽ (ഹെഡ് കോഡ് 320809600) 2,15,000/- രൂപ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു. ടി ഹെഡ് കോഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ ജീവനക്കാരിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒടുക്കുവാനായി ഈടാക്കിയതിലെ ബാലൻസ് തുകയാണ് ഇത്തരത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്നത്. ദുരിതാശ്വാസ നിധിയിലേയ്ക്ക് ഈടാക്കിയ തുക നാളിതുവരെ സർക്കാരിലേയ്ക്ക് ഒടുക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി (നം. 41/19.1.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടി തുക അടിയന്തരമായി ബന്ധപ്പെട്ട അക്കൗണ്ട് ഹെഡ്ഡിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-19 മുൻകൂർ തുകകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല**

അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം താഴെപ്പറയുന്ന ഉദ്യോഗസ്ഥർ കൈപ്പറ്റിയിട്ടുള്ള മുൻകൂർ തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

1. 2022-23 വർഷം മുൻകൂർ കൈപ്പറ്റിയിട്ടുള്ള തുകകൾ

| തീയതി | തുക (രൂ.) | അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|
| 2.6.2022 | 6,000 | സൈമൺ പി. |
| 30.6.22 | 70,000 | റാഷ്കുമാർ വി. |
| 1.7.22 | 16,500 | രാധിക റ്റി.ജി. |
| 11.7.22 | 8,000 | രാധിക റ്റി.ജി. |
| 15.7.22 | 12,000 | അജേഷ് ഇ.എച്ച്. |
| 25.7.22 | 20,000 | പ്രവീൺ |
| 27.7.22 | 2,358 | സൈമൺ പി. |
| 12.8.22 | 10,000 | ദീപ്തി |
| 24.8.22 | 17,190 | സുമേഷ് |
| 02.9.22 | 2,358 | സൈമൺ |
| 16.9.22 | 75,000 | ദീപ്തി |
| 28.9.22 | 5,000 | സൈമൺ |
| 01.10.22 | 10,000 | രാജശ്രീ |
| 11.10.22 | 15,000 | പ്രവീൺ |
| 27.10.22 | 7,000 | സുമേഷ് |
| 11.11.22 | 50,000 | ആതിര |
| 18.11.22 | 1,00,000 | ആതിര |
| 23.1.2023 | 20,000 | റാഷ്കുമാർ വി. |
| 23.1.23 | 20,000 | ദീപ്തി |
| 31.1.23 | 25000 | പ്രവീൺ |
| 02.2.23 | 25,000 | സുമേഷ് |
| 14.2.23 | 1,885 | ഷാജഹാൻ |
| 02.2.23 | 20,000 | പ്രശാന്ത് |
| 02.3.23 | 35,000 | റാഷ്കുമാർ വി. |
| ആകെ | 5,73,291/- | |

2. മുൻവർഷങ്ങളിൽ കൈപ്പറ്റിയിട്ടുള്ള തുകകൾ

| തീയതി | തുക(രൂ.) | അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|
| 27.02.2017 | 15,000 | ലാലച്ചൻ |
| 25.3.2017 | 5,000 | ലാലച്ചൻ |
| 24.3.2017 | 15,000 | ജഗദീശൻ |
| 25.10.2017 | 40,000 | അജിത് എം.വി. |
| 01.06.2018 | 4,000 | മുഹ്സീന |
| 20.02.2019 | 10,000 | ശ്രീകുമാർ |
| 03.05.2019 | 200 | ശ്രീകുമാർ |
| 29.5.2020 | 32,500 | സജീഷ്കുമാർ |
| 11.02.2020 | 22,000 | റാഷ്കുമാർ |
| 06.02.2021 | 25,000 | സജീഷ് |

തുകകൾ ക്രമീകരിക്കാത്തത് സംബന്ധിച്ച് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും സൂചിപ്പിച്ചിരുന്നുവെങ്കിലും നഗരസഭ നാളിതുവരെ നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചതായി കാണുന്നില്ല. തുക ക്രമീകരിച്ചിട്ടുള്ള പക്ഷം ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (3/16.01.2024) മറുപടിയും ലഭ്യമാക്കിയില്ല.

കെ.എഫ്.സി. വാല്യം I ആർട്ടിക്കിൾ 99, സർക്കാർ ഉത്തരവ് ജി.ഒ.(പി)നം. 419/11/ഫിൻ., തീയതി 4.10.2011 എന്നിവ പ്രകാരം മേൽ തുകകൾ 18% പലിശ സഹിതം ഈടാക്കി ക്രമീകരിക്കേണ്ടതാണ്. നാളിതുവരെ ക്രമീകരണ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 5,73,291/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ക്രമീകരണ രേഖകൾ ഹാജരാക്കുകയോ നിയമാനുസൃത പലിശ സഹിതം ഈടാക്കുകയോ ചെയ്യാത്തപക്ഷം തുക അനുവദിച്ചു നൽകിയ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

1-20 ഓണം അഡ്വാൻസ് - തുക പൂർണ്ണമായും തിരികെ ഈടാക്കിയിട്ടില്ല

തൻവർഷം ജീവനക്കാർക്ക് ഓണം അഡ്വാൻസ് നൽകിയതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധിച്ചതിൽ, മുൻകൂർ കൈപ്പറ്റിയ പല ജീവനക്കാരും നാളിതുവരെ തുക തിരികെ ഒടുക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1. വൗച്ചർ നം.51/9-22 (ചെക്ക് നം.807444/5.9.22-രൂ.1117250/-) പ്രകാരം നഗരസഭയിലെ ഡ്രൈവറായിരുന്ന ശ്രീ.ഹരികൃഷ്ണൻ നായർക്ക് ഓണം അഡ്വാൻസായി നല്കിയ 20,000/- രൂപയിൽ 16,000/- രൂപ മാത്രമെ തിരികെ ലഭ്യമായിട്ടുള്ളൂ. ടിയാൻ ചേർത്തല നഗരസഭയിൽ നിന്നും സ്ഥലംമാറിപ്പോയിട്ടുള്ളതാണ്.

2. വൗച്ചർ നം.46/9-22 (ചെക്ക് നം.807443/5.9.22-രൂ.1,20,740/-) പ്രകാരം നഗരസഭയിലെ സാനിട്ടേഷൻ വർക്കേഴ്സിനു (CLR/substitute) ഓണം അഡ്വാൻസായി 95,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക തിരികെ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. CLR/substitute ന് നല്കിയിട്ടുള്ള 95,000/- രൂപയിൽ തിരികെ ഒടുക്കുവാനുള്ള തുകയുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/16.1.2024) തുക തിരികെ ലഭ്യമായിട്ടുണ്ടെന്നും ആയതിന്റെ വിവരങ്ങൾ അതാത് വ്യക്തികളുടെ ഫയലിൽ ആണെന്നുമാണ് അറിയിച്ചത്. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ലഭ്യമായതിന്റെ വിശദാംശങ്ങളും ശ്രീ.ഹരികൃഷ്ണൻ നായരിൽ നിന്നും ബാക്കി 4,000/- രൂപ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കിയതിന്റെ വിവരവും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-21 തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഭാഗികം മാത്രം

പ്രോജക്ട് നം. S0024/22 (സ്പിൽ ഓവർ)

പ്രോജക്ട് നം. S0120/23

നഗരസഭയിലെ സ്ട്രീറ്റ് ലൈറ്റുകളുടെ കറന്റ് ചാർജ്ജ് അടയ്ക്കുന്നതിനായി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും കെ.എസ്.ഇ.ബി. ഈസ്റ്റ് സെക്ഷനിലുള്ള കൺസ്യൂമർ നം./ബിൽ നം. 2090 പ്രകാരം നിലവിലും കണക്റ്റഡ് ലോഡ് 66099 Watts രേഖപ്പെടുത്തി കെ.എസ്.ഇ.ബി. പ്രതിമാസം താഴെ ചേർക്കും പ്രകാരം ഡിമാന്റ് നോട്ടീസ് നല്കുകയും ആയതു പ്രകാരമുള്ള തുക കറന്റ് ചാർജ്ജിനത്തിൽ ഒടുക്കുകയുമാണ് ചെയ്തു പോരുന്നത്. തുക അടയ്ക്കുന്നതിനായി നൽകുന്ന ഡിമാന്റ് നോട്ടീസിൽ മീറ്റർ റീഡിംഗ് രേഖപ്പെടുത്താതെയാണ് തുക ഡിമാന്റ് ചെയ്യുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ തുക അടയ്ക്കുകയാണ് ചെയ്തു കൊണ്ടിരിക്കുന്നത്.

| മാസം | ചെലവഴിച്ച തുക |
|---|---|
| 3/22 | 1,24,403 |
| 4/22 | 66,753 |
| 5/22 | 63,255 |
| 6/22 | 63,115 |
| 7/22 | 63,515 |
| 8/22 | 70,044 |
| 9/22 | 69,338 |
| 10/22 | 69,446 |
| 11/22 | 69,508 |
| 12/22 | 69,495 |
| 1/23 | ലഭ്യമല്ല |
| 2/23 | 71,706 |

ടി കൺസ്യൂമർ നമ്പറിലുള്ള കണക്ഷന് മീറ്ററിംഗ് ഏർപ്പെടുത്താതിരുന്നതിനും, ടി കൺസ്യൂമർ നമ്പർ പ്രകാരമുള്ള തെരുവുവിളക്കുകളുടെ വിശദവിവരം ലഭ്യമാക്കുന്നതിനും, നഗരസഭയിൽ തെരുവു വിളക്കിനായി സോളാർ ലൈറ്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, പ്രവർത്തന ക്ഷമമായ കാലയളവ്, നിലവിലെ അവസ്ഥ, പ്രവർത്തനക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ എന്നിവയും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (28/18.1.24) മറുപടി നല്കിയില്ല. ടി വിഷയത്തിൽ കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും പ്രസ്തുത കൺസ്യൂമർ നമ്പർ പ്രകാരമുള്ള തെരുവുവിളക്കുകളുടെ വിവരം കൃത്യമാക്കി യഥാർത്ഥത്തിൽ ഉപയോഗിക്കുന്നതിനെക്കാൾ അധികം തുക കെ എസ്സ് ഇ ബി ഈടാക്കുന്നില്ലെന്നത് ഉറപ്പു വരുത്തേണ്ടതും വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

### 1-22 താലൂക്ക് ആശുപത്രിയിലെ ഓഫീസ് അനുബന്ധ ചെലവുകൾ - ഗ്രാന്റ് തുക മുൻകൂറായി ഒടുക്കി

| | |
|---|---|
| പ്രോജക്ട് നം | S0121/2023 |
| പ്രോജക്ടിന്റെ പേര് | താലൂക്ക് ആശുപത്രിയിലെ ഓഫീസ് അനുബന്ധ ചെലവുകൾ |
| അടങ്കൽ | 40,00,000/- |
| ചെലവ് തുക | 40,00,000/- |
| നിർവ്വഹണം | സൂപ്രണ്ട്, താലൂക്ക് ആശുപത്രി |

താലൂക്ക് ആശുപത്രിയുടെ വൈദ്യുതി ചാർജ്, ടെലഫോൺ ചാർജ്, വെള്ളക്കരം എന്നിവ ഒടുക്കുന്നതിനായി ആവിഷ്കരിച്ച ടി പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 10,00,000/- രൂപയും മെയിന്റനൻസ് (റോഡിതരം) ഗ്രാന്റിൽ നിന്നും 30,00,000/- രൂപയും ഉൾപ്പെടെ ആകെ 40,00,000/- വകയിരുത്തിയിരുന്നു. പദ്ധതി നിർവ്വഹണ വേളയിൽ 02/2023 വരെയുള്ള വൈദ്യുതി ചാർജ്, ടെലഫോൺ ചാർജ്, വെള്ളക്കരം എന്നിവ ഒടുക്കുന്നതിനായി 34,38,029/- രൂപ ചെലവഴിക്കുകയും പ്രോജക്ടിൽ അവശേഷിച്ച 5,61,971/- രൂപ 2023-24 വർഷത്തെ ടി ചെലവുകൾക്കായി വൈദ്യുതി ബോർഡ് (4,46,000/- രൂപ) വാട്ടർ അതോറിറ്റി (95,971 രൂപ), ബി.എസ്.എൻ.എൽ (20,000/- രൂപ) എന്നിവിടങ്ങളിൽ താഴെപറയും പ്രകാരം മുൻകൂർ ഒടുക്കിയതായും കാണുന്നു.

വൈദ്യുതി ബോർഡിൽ ഒടുക്കിയ തുക

| ക്രമ നം. | കൺസ്യൂമർ നം. | ഒടുക്കിയ തുക |
|---|---|---|
| 01 | 1157045001294 | 8,000 |
| 02 | 1157042000128 | 1,00,000 |
| 03 | 1157040004431 | 20,000 |
| 04 | 1157042024749 | 20,000 |
| 05 | 1157049026710 | 12,000 |
| 06 | 1157045024650 | 1,80,000 |
| 07 | 1157044027814 | 1,00,000 |
| 08 | 1157044007268 | 6,000 |
| | ആകെ | 4,46,000 |

ബിഎസ്സ് എൻ എല്ലിൽ ഒടുക്കിയ തുക

| ക്രമ നം. | ടെലഫോൺ നം. | ഒടുക്കിയ തുക |
|---|---|---|
| 01 | 04782812683 | 2,000 |
| 02 | 04782812693 | 4,000 |
| 03 | 04782962693 | 4,000 |
| 04 | 04782964693 | 4,000 |
| 05 | 04782821411 | 2,000 |
| 06 | 04772962693 | 4,000 |
| | ആകെ | 20,000 |

വാട്ടർ അതോറിറ്റിയിൽ ഒടുക്കിയ തുക

| ക്രമ നം. | കൺസ്യൂമർ നം. | ഒടുക്കിയ തുക |
|---|---|---|
| 01 | CT3/4225/ND | 95,971 |
| | ആകെ | 95,971 |

ഓഫീസിന്റെ തൻവർഷത്തെ ദൈനംദിന ചെലവുകൾക്കായി അനുവദിച്ച ഗ്രാന്റ് തുകയിൽ മിച്ചം വന്ന തുക സർക്കാരിലേയ്ക്ക് തിരികെ ഒടുക്കുന്നതിന് പകരം, തുടർന്നുള്ള വർഷങ്ങളിലെ പ്രതീക്ഷിത ചെലവുകൾക്കായി മുൻകൂർ അടവാക്കിയത് ക്രമവിരുദ്ധമാണ്. പദ്ധതി മാർഗ്ഗരേഖ പ്രകാരം സർക്കാർ പ്രത്യേക അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് മാത്രമേ മുൻകൂർ തുക അനുവദിക്കാവൂ എന്നിരിക്കെ,

പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി മുൻകൂർ ഒടുക്കിയ 5,61,971/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ, വികസന ഫണ്ട് വിഹിതത്തിൽ നിന്നും ക്രമവിരുദ്ധമായി ചെലവഴിച്ച 5,61,971/- രൂപ തിരികെ സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്. ടി തുകയുടെ ക്രമീകരണ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 11/17.1.23) മറുപടി ലഭ്യമാക്കിയില്ല.

ചെലവ് വിവരം

ബിൽ നം. 62/21.3.2023 – 20,000/-

ബിൽ നം. 63/21.3.2023 – 4,46,000/-

ബിൽ നം. 65/22.3.2023 – 95,971/-

**1-23 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല**

നഗരസഭയിൽ വിവിധ പ്രവൃത്തികളുടെ നിർവഹണത്തിനായി താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികൾ പൂർത്തീകരിച്ച് നാളിതുവരെയായും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| തുക നിക്ഷേപിച്ച സ്ഥാപനം | പ്രോജക്ട് നം./പേര് | നിക്ഷേപിച്ച തുക | ബിൽ നം./ തീയതി |
|---|---|---|---|
| കെ.എസ്.ഇ.ബി. | 225/23-തെരുവു വിളക്കുകൾ സ്ഥാപിക്കൽ | 48,725 | 28/7.11.22 |
| കെ.എസ്.ഇ.ബി. | 27/23-സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 2,99,925 | 24/21.11.22 |
| കെ.എസ്.ഇ.ബി. | 259/23-സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 33,828 | 435/27.3.23 |
| സാമൂഹ്യസുരക്ഷമിഷൻ | വയോമിത്രം സാമൂഹ്യസുരക്ഷ മിഷൻ പ്രവർത്തനങ്ങൾക്ക് നഗരസഭാവിഹിതം | 10,00,000 | 16/29.9.22 |
| | ആകെ | 13,82,478 | |

വിനിയോഗരേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (45/19.1.24) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 13,82,478/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-24 മാർഗ്ഗരേഖയ്ക്കു വിരുദ്ധമായ ഓപ്പറേറ്റിംഗ് സിസ്റ്റമുള്ള ലാപ്ടോപ്പ് വാങ്ങി**

| | |
|---|---|
| പ്രോജക്ട് നം. | : S0045/23 |

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | : | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| നിർവ്വഹണം | : | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| അടങ്കൽ | : | രൂ.3,00,000/-<br>വികസനഫണ്ട് (എസ്.സി.പി) |
| ചെലവ് | : | രൂ.2,70,701/-<br>(49/17.12.22) |

ചേർത്തല നഗരസഭയിൽ പട്ടികജാതി വിദ്യാർത്ഥികൾക്കായി 6 ലാപ്ടോപ്പുകൾ ആർ.ജെ. എൻറർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും (വിൻഡോസ് Operating System) വാങ്ങി നല്കിയിട്ടുണ്ട് (6 @ 45117). 28.05.2022 ലെ നം.(കൈ) നം.115/2022 സർക്കാർ ഉത്തരവ് (അനുബന്ധം-4) പ്രകാരം, ലാപ്ടോപ്പിന് Ubundu (Version 20) Operating System ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മാർഗ്ഗനിർദ്ദേശാനുസരണമുള്ള ലാപ്ടോപ്പ് വാങ്ങാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (24/18.1.24) മറുപടിയായി ജെം ൽ നിന്നും ടി സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപ്പ് ലഭ്യമാകാതിരുന്നതിനാൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 8.11.22-ലെ 3-ാം നമ്പർ തീരുമാനപ്രകാരം തുക നഷ്ടപ്പെടാതിരിക്കാൻ വേണ്ടിയാണ് ഇപ്രകാരം വാങ്ങൽ നടത്തിയതെന്നാണറിയിച്ചിട്ടുള്ളത്. സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം പദ്ധതി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**1-25 സർക്കാർ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി അധിക നിരക്കിൽ സബ്സിഡി നല്കി**

| | |
|---|---|
| പ്രോജക്ട് നം. : | S0183/23 |
| പ്രോജക്ടിന്റെ പേര് : | പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പ്ലാസ്റ്റിക് വാട്ടർ ടാങ്ക് |
| അടങ്കൽ : | വികസനഫണ്ട് (ജനറൽ)- 65,000/-രൂപ |
| ചെലവ് : | 64,750 - *രൂപ (ബിൽ നം- 90/*29.3.23) |
| നിർവ്വഹണം : | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

ചേർത്തല നഗരസഭയിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പ്ലാസ്റ്റിക് വാട്ടർ ടാങ്ക് എന്ന പദ്ധതിയ്ക്കായി ടെണ്ടർ മുഖേന വാട്ടർ ടാങ്ക് വാങ്ങുന്നതിനാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിലും നഗരസഭ ചെയർപേഴ്സണിന്റെ 21.3.2023-ാം തിയതിയിലെ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ അക്രെഡിറ്റഡ് ഏജൻസി മുഖേന വാങ്ങൽ നടത്തുന്നതിനു തീരുമാനിക്കുകയും റെയ്ഡ്കോയിൽ നിന്നും സബ്സിഡി മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി കൂടുതൽ തുക ചെലവഴിച്ച് 1000 ലിറ്ററിന്റെ പ്ലാസ്റ്റിക് വാട്ടർ ടാങ്ക് ഒന്നിന് 9,250 രൂപ (ജി.എസ്.ടി ഉൾപ്പെടെ) നിരക്കിൽ വാങ്ങുകയാണുണ്ടായത്. ആയതിന് 7 ഗുണഭോക്താക്കൾക്കായി 7x9250 = 64,750 രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്.

28.05.2022-ലെ സർക്കാർ ഉത്തരവ് നം. (കൈ) നം.115/2022 പ്രകാരം പരമാവധി ചെലവഴിയ്ക്കാവുന്ന തുക ഒരാൾക്ക് 4,000 രൂപയാണെന്നിരിക്കെ, അതിലും അധികരിച്ച് തുക ചെലവുചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/18.1.24) മറുപടിയായി നഗരസഭാ കൗൺസിലിന്റെ അംഗീകാരം വാങ്ങി നഗരകാര്യ കോ-ഓർഡിനേഷൻ കമ്മറ്റിയ്ക്ക് സാധൂകരണം ലഭിയ്ക്കുന്നതിനായി ടി വിഷയം സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ പദ്ധതി നടപ്പാക്കിയതുമൂലം അധികം ചെലവഴിച്ച 36,750 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മറുപടിയിൽ

സൂചിപ്പിച്ചിരിക്കുന്ന പ്രകാരം ടി വിഷയത്തിൽ സർക്കാർ സാധൂകരണം സർക്കാർ സാധൂകരണം ലഭ്യമാകാത്തപക്ഷം, ടി തുക നിർവ്വഹണോദ്യോഗസ്ഥന്റെയും പ്രസ്തുത തീരുമാനമെടുത്ത ചെയർപേഴ്സന്റെയും, ടി വാങ്ങലിന് മുൻകൂർ അനുമതിയ്ക്ക് 28.4.23-ലെ 10-ാം നമ്പർ തീരുമാന പ്രകാരം സാധൂകരണം നൽകിയ കൗൺസിൽ യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെയും ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

**1-26 അമൃതം ന്യൂട്രിമിക്സ് വിതരണം - ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് രണ്ട് തവണ നൽകിയത് മൂലം അധിക ചെലവ്**

| | |
|---|---|
| പ്രോജക്റ്റിന്റെ നം./ പേര് | S0007/23-അനുപൂരക പോഷഷകാഹാര പദ്ധതി |
| അടങ്കൽ | 55 ലക്ഷം (45 ലക്ഷം(വികസന ഫണ്ട്-ജനറൽ),10 ലക്ഷം(കേന്ദ്ര ഫണ്ട്) |
| ചെലവ് | 48,42,993/-(45 ലക്ഷം വികസന ഫണ്ട്-ജനറൽ), 342993(കേന്ദ്ര ഫണ്ട്) |

വാരനാട് നവജീവൻ യൂണിറ്റിൽ നിന്നും നഗരസഭാ പരിധിയിൽ വരുന്ന അങ്കണവാടികൾക്ക് താഴെപ്പറയും പ്രകാരം അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തിയതിന്റെ വിലയിനത്തിൽ (ബിൽ റഫറൻസ് നം. 457741/25.8.2022,362264/-) 3,62,264/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം., തീയതി | അളവ് (Kg) | തുക (കിലോഗ്രാമിന് 70/- രൂപ നിരക്കിൽ) | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് (കി.ഗ്രാമിന് 3/- രൂപ നിരക്കിൽ) | 5% ജി.എസ്.ടിയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ഉൾപ്പെടെ സ്ഥാപനത്തിന് നൽകിയ തുക |
|---|---|---|---|---|---|
| 1 | 424/4.6.22 | 1722 | 120540 | 5,166 | 1,31,733/- |
| 2 | 428/12.7.22 | 1669.5 | 116865 | 5,008 | 1,27,716/- |
| 3 | 435/12.8.22 | 1344 | 94080 | 4,032 | 1,02,816/- |
| ആകെ | | | | 14,206/- | 3,62,265/- |

ഇതിനുപുറമേ (ബിൽ റഫറൻസ് നം 572194/24.9.22, 30152/-) 24,302/- രൂപ ട്രാൻസ്പോർട്ടേഷൻ ചാർജ്ജായി താഴെപ്പറയുന്ന ഇൻവോയ്സ് പ്രകാരം സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം., തീയതി | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് |
|---|---|---|
| 1 | 415/8.4.22 | 4762 |
| 2 | 419/9.5.22 | 5334 |
| 3 | 424/4.6.22 | 5166 |
| 4 | 428/12.7.22 | 5008 |
| 5 | 435/12.8.22 | 4032 |
| ആകെ | | 24,302/- |

ഇതിൽ ക്രമ നം. 3, 4, 5 പ്രകാരമുള്ള 14,206/- രൂപ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ ആദ്യം നൽകിയ തുക കൂടാതെ വീണ്ടും അനുവദിച്ചതാണ്. അധിക തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/17.01.2024) ലഭ്യമാക്കിയ മറുപടിയിൽ ജൂൺ,

ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ അധികമായി അനുവദിച്ച 14,206/- രൂപ നവജീവൻ യൂണിറ്റിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നറിയിച്ചു. ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ ബോധ്യപ്പെടുത്താത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതായിരിക്കും.

## 1-27 കാലിത്തീറ്റ വിതരണം - അധിക തുക സബ്സിഡി നൽകി

പ്രോജക്ടിന്റെ പേര്- കാലിത്തീറ്റ സബ്സിഡി സ്പിൽ ഓവർ (S0017/23)

നിർവ്വഹണം - ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം

അടങ്കൽ -5 ലക്ഷം (വികസന ഫണ്ട് ജനറൽ)

ചെലവ് - 5 ലക്ഷം

ടി പദ്ധതി പ്രകാരം നഗരസഭയിലെ വിവിധ ക്ഷീരസംഘങ്ങളിൽ ഉൾപ്പെട്ട ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ, കാലിത്തീറ്റയ്ക്ക് നൽകിയ യഥാർത്ഥവിലയുടെ 50% തുക സബ്സിഡി നൽകേണ്ടതിന് പകരം MRP യുടെ 50% തുക സബ്സിഡി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷീരസംഘം | ഒരു ബാഗ് വാങ്ങുന്നതിന് ക്ഷീരസംഘം നൽകിയ തുക | ഒരു ബാഗിന്റെ MRP | സബ്സിഡി നിരക്കിൽ വിതരണം നടത്തിയ ബാഗുകളുടെ എണ്ണം | വിതരണം നടത്തിയ ബാഗുകൾക്ക് നൽകേണ്ടിയിരുന്ന സബ്സിഡി | നൽകിയ സബ്സിഡി | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| ആലുങ്കൽ ക്ഷീര സംഘം | 1,145 | 1245 | 4 | 2290/- | 2490 | 200 |
| | 1,293 | 1395 | 4 | 2586 | 2790 | 204 |
| കൊക്കോതമംഗലം ക്ഷീരോല്പാദക സംഘം | 1,150 | 1240 | 6 | 3450 | 3720 | 270 |
| | 1,259 | 1370 | 2 | 1259 | 1370 | 111 |
| | 1,300 | 1400 | 6 | 3900 | 4200 | 300 |
| | 1,420 | 1550 | 2 | 1400 | 1550 | 150 |
| ചേർത്തല മിൽക്ക് സപ്ലൈയേഴ്സ് മാർക്കറ്റിംഗ് സൊസൈറ്റി | 1,237 | 1325 | 150 | 92775 | 99375 | 6,600 |
| | 1,375 | 1460 | 252 | 207625 | 220460 | 12,835 |
| വാരനാട് ക്ഷീരോത്പാദക സംഘം | 1,237 | 1320 | 22 | 13607 | 14520 | 913 |
| | 1,375 | 1470 | 22 | 15125 | 16170 | 1,045 |
| തൃപ്പൂരക്കുളങ്ങര ക്ഷീരോത്പാദക സംഘം | 1,237 | 1325 | 32 | 19792 | 21200 | 1,408 |
| | 1,375 | 1475 | 32 | 22000 | 23600 | 1,600 |
| ചേർത്തല തെക്ക് | 1,300 | 1350 | 10 | 6500 | 6750 | 250 |
| ആകെ | | | | | | 25,886 |

അധിക തുക സബ്സിഡി നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 18/18.01.2024) നല്കിയ മറുപടിയിൽ, സ്പിൽ ഓവറായി നടപ്പാക്കിയ പദ്ധതിയിൽ മാത്രമാണ് ഇപ്രകാരം MRP യ്ക്ക് ആനുപാതികമായി സബ്സിഡി നൽകിയതെന്നും തൻ വർഷം നടപ്പാക്കിയ പദ്ധതിയിൽ യഥാർത്ഥ ചെലവിന് അനുസരിച്ചാണ് സബ്സിഡി നൽകിയതെന്നും അറിയിച്ചു. ഈ മറുപടി അധിക തുക സബ്സിഡി നല്കിയത് സാധൂകരിക്കുന്നതല്ല എന്നതിനാൽ അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 25,886/- രൂപ ബന്ധപ്പെട്ട ക്ഷീരസംഘങ്ങളിൽ നിന്നും ഈടാക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.

*ചെലവ് വിവരം*

*BRN 743954/7.11.22,121475/-*

*BRN 768025/11.11.22, 21200/-*

*BRN 799913/21.11.22, 55480/-*

*BRN 862704/5.12.22, 12500/-*

*BRN 874068/7.12.22, 207540/-*

*BRN 1030707/11.1.23, 81805/-*

**1-28 സാമൂഹ്യ സുരക്ഷ പെൻഷൻ - സസ്പെൻഡ് ചെയ്ത അക്കൗണ്ടുകളിൽ അധികം നിൽക്കുന്ന തുക തിരികെ അടവാക്കുന്നതിൽ കാലതാമസം**

സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ, പെൻഷണർ മരണപ്പെട്ട ശേഷം യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യാതിരുന്നതു മൂലം അക്കൗണ്ടുകളിലേക്ക് അധിക തുക നൽകാനിടയായിട്ടുണ്ട്. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) പെൻഷൻ സസ്പെൻഡ് ചെയ്തശേഷം അക്കൗണ്ടിലേയ്ക്ക് അധികമായി നൽകിയിട്ടുള്ള തുക കേരളാ സോഷ്യൽ പെൻഷൻ ലിമിറ്റഡ് (അക്കൗണ്ട് നം. 110110801000251) അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്ക് വരുത്തി അറിയിക്കുന്നതിന് ബന്ധപ്പെട്ട ബാങ്കുകൾക്ക് നഗരസഭ കത്ത് നൽകുന്നുണ്ടെങ്കിലും എല്ലാ ബാങ്കുകളും തുക തിരികെ അടവാക്കി അറിയിക്കുന്നില്ല. ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷണറുടെ പേര്, ഐ.ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | അനർഹമായ കാലയളവിൽ അനുവദിച്ച പെൻഷൻ | ബാങ്ക്, അക്കൗണ്ട് നം |
|---|---|---|---|---|
| രാജമ്മ, കണത്താപറമ്പത്ത് വെളി, CMC -22 101830500039 | അവിവാഹിത പെൻഷൻ | 14.4.22 | 14,400 | SBI, 67559954280 |
| രാജമ്മ പുത്തേഴത്ത് ചിറ, CMC -22, 103830601193 | വിധവ പെൻഷൻ | 15.6.2021 | 30,400 | SBI,20133261134 |
| റ്റി ജി സുധാകരൻ,CMC 26, | ഡിസെബിലിറ്റി പെൻഷൻ, | 20.1.22 | 17,600<br>6,600 | Bank Of Baroda 36990100002826 |

| | | | | |
|---|---|---|---|---|
| 101830203502 | വാർദ്ധക്യ കാല പെൻഷൻ | | | " |
| അമ്മിണി അമ്മാൾ, അറയ്ക്കപ്പറമ്പിൽ,CMC 30, 101830600579 | വിധവ പെൻഷൻ | 21.8.2017 | 25,700 | SBI 67244092179 |
| രാധാ തങ്കപ്പൻ, തേവർകാട്ട് വീട്,CMC 27, 101830201285 | വാർദ്ധക്യകാല പെൻഷൻ | 30.8.2020 | 32,900 | SBI 67357634025 |
| ഗൗരി തങ്കപ്പൻ, കൊല്ലേരിച്ചിറ,CMC 19, 101830200363 | വാർദ്ധക്യകാല പെൻഷൻ | 23.3.2020 | 46,400 | IDBI 6410531884 |

ബി) ചില ബാങ്കുകൾ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം പെൻഷണറുടെ മരണ ശേഷം അനർഹമായ കാലയളവിലെ പെൻഷൻ തുക ബന്ധുക്കൾ ATM കാർഡുപയോഗിച്ച് പിൻവലിക്കുന്നതായി കാണുന്നു. പിന്നീട് ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ തുക തിരികെ ഒടുക്കിയതായും കാണുന്നു. എന്നാൽ താഴെപ്പറയുന്ന തുക തിരികെ ഒടുക്കുന്നതിന് മരണപ്പെട്ട ആളുടെ അവകാശിക്ക് കത്ത് നൽകിയിട്ടുള്ളതായി കാണുന്നുണ്ടെങ്കിലും തുക തിരികെ അടവാക്കിയിട്ടില്ല.

| പെൻഷണറുടെ പേര്, ഐ.ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | അനർഹമായ കാലയളവിൽ അനുവദിച്ച പെൻഷൻ | പിൻവലിച്ച തുക | ബാങ്ക്, അക്കൗണ്ട് നം. |
|---|---|---|---|---|---|
| രാജപ്പൻ കെ.കെ., നിവർത്തിൽ, CMC 22 101830100225 | കർഷക തൊഴിലാളി പെൻഷൻ | 06.7.2021 | 19,200 | 19,200 | ഫെഡറൽ ബാങ്ക് 10950100237712 |

സി) സഹകരണ ബാങ്കുകൾ വഴി പെൻഷൻ നേരിട്ട് വിതരണം നടത്തുന്ന കേസുകളിൽ ചില ബാങ്കുകൾ മാത്രമാണ് യഥാസമയം മരണ വിവരം നഗരസഭയിൽ അറിയിക്കുന്നത്. എന്നാൽ അനർഹമായ കാലയളവിൽ അനുവദിച്ച പെൻഷൻ തിരികെ അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നുമില്ല.

മേൽ പരാമർശങ്ങളിന്മേൽ വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.46/19.01.2024) ലഭ്യമാക്കിയ മറുപടിയിൽ, അനർഹമായി അനുവദിച്ച തുക തിരികെ അടവാക്കുന്നതിന് ബാങ്കുകൾക്ക് അറിയിപ്പ് നൽകുന്നുണ്ടെങ്കിലും പല ബാങ്കുകളും തുക തിരികെ അടയ്ക്കുന്നത് സംബന്ധിച്ച് വ്യക്തമായ മറുപടി നൽകാറില്ലെന്നറിയിച്ചു.

സസ്പെൻഡ് ചെയ്ത അക്കൗണ്ടുകളിൽ അധിക തുക നിൽക്കുന്നത് തിരികെ അടവാക്കിയിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതും വിവരങ്ങൾ ലഭ്യമാക്കാത്ത ബാങ്കുകൾക്ക്, കേരളാ സോഷ്യൽ പെൻഷൻ ലിമിറ്റഡ്

(അക്കൗണ്ട് നം. 110110801000251) അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്ക് വരുത്തി അറിയിക്കുന്നതുവരെ തുടർ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. പെൻഷണർ മരണപ്പെട്ടെങ്കിലും തുക പിൻവലിച്ചിട്ടുള്ള കേസിൽ ഉത്തരവാദികളായവരിൽ നിന്നും തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. പെൻഷണർ മരണപ്പെട്ട വിവരം യഥാസമയം അറിയിക്കുന്നതിനും അധിക തുക അനുവദിച്ചിട്ടുണ്ടെങ്കിൽ തിരികെ അടവാക്കുന്നതിനും എല്ലാ സഹകരണബാങ്കുകൾക്കും നിർദ്ദേശം നൽകാവുന്നതാണ്. കൂടാതെ നഗരസഭയിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ അതാത് മാസം തന്നെ സസ്പെൻഡ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-29 ആശ്രയ പദ്ധതി - നിർവ്വഹണത്തിലെ ന്യൂനതകൾ

പ്രോജക്ട് നം. – S0161/23 (ആശ്രയ പദ്ധതി)

നിർവ്വഹണം - പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ

ചേർത്തല മുനിസിപ്പാലിറ്റി അഗതി ആശ്രയ ലിസ്റ്റിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങി വിതരണം നടത്തുന്നതിനായി തൻവർഷം വിവിധ ബില്ലുകൾ പ്രകാരം വികസനഫണ്ടിൽ നിന്നും 19,83,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് രേഖകളുടെ പരിശോധനയിൽ പദ്ധതി നടത്തിപ്പിൽ നിരവധി പോരായ്മകൾ കാണുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

1. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മിനി സിവിൽ സ്റ്റേഷൻ ചേർത്തല ഔട്ട് ലെറ്റിൽ നിന്നും വാങ്ങുന്ന ഭക്ഷ്യവസ്തുക്കൾ കുടുംബശ്രീ അംഗങ്ങൾ, കൗൺസിലറുമാർ എന്നിവർ കൈപ്പറ്റിയിട്ടുണ്ടെങ്കിലും, പദ്ധതിയുടെ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിച്ചതിന്റെ വിവരം ലഭ്യമല്ല.
2. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങിയതിന് ആധാരമായി ഫയലിൽ സൂക്ഷിച്ചിരിക്കുന്നത് മുൻവർഷത്തെ ചെലവുരേഖയാണ്. ട്രഷറി ബിൽ ബുക്ക് ക്രമ നം.18/30.8.22 പ്രകാരമുള്ള 1,05,000/- രൂപയുടെ ചെലവുരേഖയായി മുൻവർഷത്തെ (നം. 212983/9.2.22) സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ ബില്ലാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. ഈ ബിൽ പ്രകാരമുള്ള തുക 21-22 വർഷം നൽകിയിട്ടില്ലായെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.
3. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചേർത്തല ഔട്ട് ലെറ്റിൽ നിന്നും പാക്കറ്റിൽ ലഭിക്കുന്ന സാധനങ്ങളാണ് 9.2.22 ലെ 212983 നമ്പർ ബിൽ പ്രകാരം വാങ്ങിയിട്ടുള്ളത്. ടി ബിൽ പ്രകാരം പാക്കിംഗ് ചാർജ്ജിനത്തിൽ 600 രൂപ ഈടാക്കിയിട്ടുണ്ട്. സപ്ലൈകോയിൽ നിന്നും പാക്ക് ചെയ്ത സാധനങ്ങളാണ് വാങ്ങിയിട്ടുള്ളത്. വീണ്ടും പാക്കിംഗ് ചാർജ്ജ് നല്കിയ നടപടി ക്രമപ്രകാരമല്ല.
4. 26.12.22-ലെ കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 7291/I/2018/ksho നം. ഉത്തരവ് പ്രകാരം 13,30,333/- രൂപ സി.ഡി.എസ്. അഗതി രഹിത കേരളം ബാങ്ക് അക്കൗണ്ടിൽ (A/c No.799013000000107) 26.12.22-ൽ ക്രെഡിറ്റായിട്ടുണ്ട്. ടി തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ല.

മേൽ ന്യൂനതകൾക്ക് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/18.1.24) മറുപടിയായി 5,87,600/- രൂപ ടി അക്കൗണ്ടിൽ നിന്നും നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും, ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റ് വിവരം സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും വാങ്ങുന്ന ഭക്ഷ്യധാന്യങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിച്ചതിന്റെ കൈപ്പറ്റ് രേഖകളുടെ അഭാവത്തിൽ 19,83,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൈപ്പറ്റ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. തുടർന്നുള്ള വാങ്ങലുകൾ നടത്തുമ്പോൾ പാക്കിംഗ് ചാർജ്ജിനത്തിൽ തുക ചെലവഴിക്കാതിരിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അക്കൗണ്ടിൽ ശേഷിക്കുന്ന 7,42,733/- രൂപ വിനിയോഗിച്ച് വിശദാംശം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

## 1-30 ഓപ്പറേഷൻ തീയേറ്ററിലേയ്ക്ക് ഓക്സിജൻ വിതരണത്തിനായി പൈപ്പ്ലൈൻ സ്ഥാപിക്കൽ - ഫണ്ട് വകമാറ്റി ചെലവഴിച്ചു

താലൂക്ക് ആശുപത്രിയിൽ പുതിയതായി പണികഴിപ്പിച്ച സെൻട്രലൈസ്ഡ് ഓക്സിജൻ പ്ലാന്റിൽ നിന്നും ഓപ്പറേഷൻ തീയറ്ററിലേയ്ക്ക് നേരിട്ട് ഓക്സിജൻ വിതരണം നടത്തുന്നതിനായി കണക്ഷൻ നൽകുന്നതിനും

വൈദ്യുതീകരണ പ്രവർത്തികൾക്കുമായി ആസൂത്രണം ചെയ്ത മേൽ സ്പിൽ ഓവർ പ്രോജക്ടിന് Alliance Medical Technologies Cherthala തയ്യാറാക്കിയതും അസി.എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതുമായ എസ്റ്റിമേറ്റ് പ്രകാരം 57,000/- മാത്രമാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. പദ്ധതിയ്ക്ക് 2,24,026/- രൂപ വകയിരുത്തിയതിനാൽ ബാക്കി തുകയായ 1,67,026/- രൂപ ഓക്സിജൻ പ്ലാന്റിന്റെ വൈദ്യുതി ചാർജ്ജിനത്തിൽ (കൺസ്യൂമർ നം 1157044029033) വൈദ്യുതി ബോർഡിലേയ്ക്ക് അഡ്വാൻസായി ഒടുക്കുകയാണ് ചെയ്തിട്ടുള്ളത്.

താലൂക്ക് ആശുപത്രിയുടെ വെള്ളക്കരം, വൈദ്യുതി ചാർജ്ജ് എന്നിവ ഒടുക്കുന്നതിന് വേണ്ടി മാത്രം തൻ വർഷം മറ്റൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് എന്നിരിക്കെയാണ്, ഈ പദ്ധതിയിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക വൈദ്യുതി ചാർജ് അഡ്വാൻസായി ഒടുക്കിയത്. ഓക്സിജൻ പ്ലാന്റിന്റെ പ്രതിമാസ വൈദ്യുതി ചാർജ് ശരാശരി 5,000/- രൂപയാണെന്നതിനാൽ അഡ്വാൻസായി നൽകിയിട്ടുള്ള 1,67,026/- രൂപ ക്രമീകരിക്കുവാൻ ഏകദേശം മൂന്ന് വർഷത്തോളം വേണ്ടി വരും.

അംഗീകൃത പദ്ധതി രേഖയിൽ നിന്നും വ്യതിചലിച്ച് വൈദ്യുതി ബോർഡിന് പദ്ധതി വിഹിതത്തിൽ നിന്നും മുൻകൂർ തുക നൽകിയത് ക്രമവിരുദ്ധമാണ്. മുൻകൂറായി നൽകിയ 1,67,026/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ടി തുക വൈദ്യുതി ബോർഡിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 12/17.1.2023) മറുപടി ലഭ്യമാക്കിയില്ല.

*അനുബന്ധ വിവരങ്ങൾ*

| | |
|---|---|
| *പ്രോജക്ട് നം* | *S031/2023* |
| *പ്രോജക്ടിന്റെ പേര്* | *താലൂക്ക് ആശുപത്രിയിൽ സ്ഥാപിച്ച പുതിയ ഓക്സിജൻ പ്ലാന്റിൽ നിന്നും ഓപ്പറേഷൻ തീയേറ്ററിലേയ്ക്ക് ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കൽ, വൈദ്യുതീകരണം.* |
| *അടങ്കൽ തുക* | *2,24,026/- (വികസന ഫണ്ട് പൊതുവിഭാഗം)* |
| *ചെലവ് തുക* | *1,67,026/- (ബിൽ നം - 66/30.3.2023)* |
| *നിർവ്വഹണം* | *സൂപ്രണ്ട്, താലൂക്ക് ആശുപത്രി.* |

**1-31 ചേലൊത്ത ചേർത്തല -മാലിന്യ സംസ്കരണത്തിന് ബയോ ബിന്നുകൾ - വിതരണ രേഖകൾ ഇല്ല**

ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി നഗരസഭയിലെ എല്ലാ വീടുകളിലും ബയോബിന്നുകൾ സ്ഥാപിക്കുന്നതിന് ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ രേഖപ്പെടുത്തിയ പ്രകാരം രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. അവയുടെ വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | പ്രോ.നം | അടങ്കൽ | ചെലവഴിച്ച തുക | വാങ്ങിയ ബിന്നുകളുടെ എണ്ണം | ബിൽ നം. | ഫണ്ട് ഇനം |
|---|---|---|---|---|---|---|---|
| 01 | ചേലൊത്ത ചേർത്തല-മാലിന്യ സംസ്കരണത്തിന് | S0211/23 | 12807000/- | 40,59,819/- | 2853 | 32382304145/ 27.3.2023 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

| | | | | | | | |
|---|---|---|---|---|---|---|---|
| | ബയോബിന്നുകൾ | | | | | | |
| 02 | ഗാർഹിക മാലിന്യ സംസ്കരണം (S0110/2023) | S0110/23 | 7236000/- | 14,47,200/- | 1017 | 32304843784/ 4.2.2023 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | ആകെ തുക | | | 55,07,019 | 3870 | | |

ഈ പദ്ധതികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനമായ റെയ്ഡ്കോയുമായി 7.2.2023-ൽ കരാറിലേർപ്പെടുകയും സപ്ലൈ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരു ബിന്നിന് 1,423/- രൂപ നിരക്കിൽ 3870 ബയോ ബിന്നുകൾ റെയ്ഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇതിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 55,07,019/- രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണത്തിനായി നഗരസഭയിലെ വിവിധ വാർഡുകളിലെ വീടുകളിൽ ബയോ ബിന്നുകൾ വിതരണം നടത്തുന്നതിനായി തയ്യാറാക്കിയ വാർഡ് തിരിച്ചുള്ള ഗുണഭോക്തൃ ലിസ്റ്റ്, ചേലൊത്ത ചേർത്തല പദ്ധതിയ്ക്കായി നാളിതുവരെ ഓരോ വാർഡുകളിൽ നിന്നും പിരിച്ച ഗുണഭോക്തൃ വിഹിതത്തിന്റെ വിശദാംശങ്ങൾ, കളക്ഷൻ തുക നഗരസഭയിൽ ഒടുക്കിയ രസീതിന്റെ പകർപ്പ്, തൻവർഷം വാങ്ങിയ 3870 എണ്ണം ബിന്നുകൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (14/17.1.2024) രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ഉണ്ടായില്ല. മേൽ രേഖകളുടെ അഭാവത്തിൽ തൻവർഷം ബയോബിന്നുകൾ വാങ്ങുന്നതിനായി ചെലവഴിച്ച 55,07,019/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ രേഖപ്പെടുത്തിയ നിർവ്വഹണ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-32 പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ അധികതുക നിക്ഷേപിച്ചു**

സെക്രട്ടറി നിർവഹണം നടത്തിയ KWA പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതിയുടെ ചെലവ് നടത്തിയതിൽ ചില ന്യൂനതകൾ ഉള്ളതായി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് ചെയ്ത തുകയ്ക്ക് ആവശ്യമായ ചെലവ് രേഖകൾ ഇല്ല

പൈപ്പ്ലൈൻ എക്സ്റ്റെൻഷൻ എന്ന പ്രോജക്ടിനായി (നം. S026/23) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 7,40,000/- രൂപ നഗരസഭയിലെ 7, 14, 22, 23, 35 എന്നീ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. (ബിൽ നം. 61&62/29.03.2023). ഇതു സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടതായി കാണുന്നില്ല. ടി തുക ഡെപ്പോസിറ്റ് ചെയ്തതു സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റ്, കരാർ, വിനിയോഗ വിവരം എന്നിവയും ലഭ്യമാക്കിയിട്ടില്ല.

2. കരാർ കാലയളവിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാത്തത് അധിക ചെലവിനു കാരണമാകുന്നു

മുൻ വർഷങ്ങളിൽ വിവിധ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ പ്രവൃത്തികൾക്കായി KWA യിൽ നിക്ഷേപിച്ച തുക സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആലപ്പുഴയുടെ 2.7.22-ലെ ഡി1-26794/2020 നമ്പർ കത്ത് പ്രകാരം, പൈപ്പിന്റെ വിലയിലുണ്ടായ വർദ്ധനവ് മൂലം, എസ്റ്റിമേറ്റ് പുനക്രമീകരിച്ചപ്പോൾ പ്രോജക്ട് നം. 190/20, 71/20 എന്നിവ പ്രകാരമുള്ള അടങ്കൽ തുക ആദ്യം നൽകിയിട്ടുള്ള എസ്റ്റിമേറ്റിനെക്കാൾ 17,43,000/- രൂപ അധികരിച്ചതായി അറിയിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി KWA യിൽ നിക്ഷേപിച്ച തുകയിൽ മിച്ചം വന്ന 9,60,861/- രൂപ മേൽ പ്രോജക്ടുകൾക്ക് അധികമായി നൽകേണ്ട 17,43,000/- രൂപയിൽ ക്രമീകരിക്കുവാൻ 29.8.22-ലെ കൗൺസിൽ അനുമതി നല്കിയിട്ടുണ്ട്.

ആയതു പ്രകാരം ബാലൻസ് തുക രൂ.7,82,139/- (1743000 -960861) 8.11.22 ലെ ചെക്ക് നം. 894641 പ്രകാരം തനതുഫണ്ടിൽ നിന്നും വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ ആലപ്പുഴയ്ക്ക് നല്കിയിട്ടുണ്ട്.

നഗരസഭയും വാട്ടർ അതോറിറ്റിയുമായി 30.5.22-ൽ ഏർപ്പെട്ട കരാറിലെ (മുൻവർഷത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ) വ്യവസ്ഥ 6 പ്രകാരം എഗ്രിമെന്റ് വച്ച് 6 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. അനിവാര്യമായ കാരണങ്ങളാൽ നിർമ്മാണചെലവ് എസ്റ്റിമേറ്റ് തുകയിലും അധികമാകുകയാണെങ്കിൽ ആയതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് സ്ഥാപനം തയ്യാറാക്കി നൽകുന്നതാണെന്നും, അതനുസരിച്ച് അധികതുക നഗരസഭ സമയബന്ധിതമായി ഒടുക്കുന്നതാണെന്നും കരാറിൽ വ്യവസ്ഥ (വ്യവസ്ഥ 4) ചെയ്തിട്ടുണ്ട്. ഇതനുസരിച്ച്, പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവിലുള്ള, അതായത് 6 മാസത്തിനുള്ളിലുള്ള നിർമ്മാണ ചെലവുകളിൽ ഉണ്ടാകുന്ന വർദ്ധനയ്ക്കാണ് വ്യവസ്ഥ 4 ബാധകമായിട്ടുള്ളത്. നിർമ്മാണം അനിശ്ചിതമായി നീട്ടിവയ്ക്കുന്നതുമൂലം നിർമ്മാണച്ചെലവിൽ ഉണ്ടാകുന്ന വർദ്ധനയ്ക്ക് നഗരസഭ ഉത്തരവാദിയാകുന്നതല്ല. മാത്രമല്ല ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

ടി ന്യൂനതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (44/19.1.24) മറുപടി നല്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ ടി 1, 2 പരാമർശങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള ആവശ്യങ്ങൾക്കായി നടത്തിയ 7,40,000 + 7,82,139 = 15,22,139/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വാട്ടർ അതോറിറ്റി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാതെ എസ്റ്റിമേറ്റ് തുക റിവൈസ് ചെയ്ത് നഗരസഭയിൽ നിന്നും അധിക തുക ആവശ്യപ്പെടുന്നത് മൂലം വൻനഷ്ടമാണ് നഗരസഭയ്ക്ക് ഉണ്ടാകുന്നത്. ഈ വിഷയം സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊണ്ട് നഗരസഭയുടെ സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

### 1-33 പട്ടികജാതി വിഭാഗങ്ങൾക്ക് കുടിവെള്ള വാട്ടർ ടാങ്ക് - പദ്ധതി വിഹിതം കൂടുതലായി ചെലവഴിച്ചു

| | | |
|---|---|---|
| പ്രോജക്ട് നം. | : | S0046/23 |
| പ്രോജക്ടിന്റെ പേര് | : | പട്ടികജാതി വിഭാഗങ്ങൾക്ക് കുടിവെള്ള വാട്ടർ ടാങ്ക് |
| നിർവ്വഹണം | : | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| ചെലവ് | : | രൂ.2,98,800/-<br>(ബിൽ നം.59/15.2.23 ,<br>രൂ.172800/-,<br>ബിൽ നം.79/21.3.23 ,<br>രൂ.1,26,000/-) |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ചെലവ് രേഖകളുടെ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.വികസന ഫണ്ടിൽ നിന്നും 34,200/- രൂപ അധികം ചെലവഴിച്ചു

ടി പദ്ധതി പ്രകാരം Gem മുഖേന 500 ലിറ്ററിന്റെ 147 പ്ലാസ്റ്റിക് വാട്ടർ ടാങ്കുകൾ ഒന്നിന് 2400/- രൂപ നിരക്കിൽ (ജി.എസ്.ടി ഉൾപ്പെടെ) ആർ.ജെ. എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ആയതിന്റെ വിലയിനത്തിൽ 3,52,800/- രൂപ (2,98,800/- രൂപ വികസനഫണ്ടും, 54,000/- രൂപ ഗുണഭോക്തൃവിഹിതവും) പ്രസ്തുത സ്ഥാപനത്തിന് നല്കിയിട്ടുണ്ട്.

28.05.2022-ലെ നം.(കൈ) നം.115/2022 സർക്കാർ ഉത്തരവ് പ്രകാരം 500 ലിറ്റർ വാട്ടർ ടാങ്കിന് അനുവദിക്കാവുന്ന സബ്സിഡി വിലയുടെ 75% മാത്രമാണ്. അതനസരിച്ച് ഇവിടെ അനുവദിക്കാവുന്ന സബ്സിഡി തുക 2,64,600/- രൂപയാണ്. എന്നാൽ വികസന ഫണ്ടിൽ നിന്നും 2,98,800/- രൂപ

സബ്സിഡിയായി നല്കിയതു വഴി 34,200/- രൂപ അധികം നല്കിയിട്ടുണ്ട്.

2.പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം പൂർണ്ണമായും ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

പദ്ധതിയ്ക്കായി ഗുണഭോക്തൃ വിഹിതമിനത്തിൽ 88200/- രൂപ പിരിച്ചെടുത്തതിൽ (147@600 = 88200) ചെലവഴിച്ചിരിക്കുന്നത് 54,000/- രൂപ മാത്രമാണ്. സബ്സിഡിയിനത്തിൽ അധികം തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/18.1.24) മറുപടിയായി ഗുണഭോക്തൃവിഹിതമിനത്തിൽ ശേഖരിച്ച (88200-54000) 34,200/- രൂപ നഗരസഭാഫണ്ടിൽ അവശേഷിക്കുന്നുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. വികസനഫണ്ടിൽ നിന്നും അധികം ചെലവഴിച്ച 34,200/- രൂപ നഗരസഭാ ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള ഗുണഭോക്തൃ വിഹിതത്തിൽ നിന്നും പിൻവലിച്ച് വികസനഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്. നഗരസഭാഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ടി തുക വികസനഫണ്ടിലേയ്ക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തുന്നതുവരെ 34,200/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-34 അമൃത് പദ്ധതി - നഗരസഭാവിഹിതം വകയിരുത്തൽ -ചെലവു രേഖകൾ ലഭ്യമാക്കിയില്ല**

പ്രോജക്ട് നം. 303/23

നിർവ്വഹണം - സെക്രട്ടറി

ചെലവ് - രൂ.1,09,19,181/- (വൗച്ചർ നം.15-3/23 തീയതി - 27.3.23 (സി.എഫ്.സി. ടൈഡ് ഫണ്ട്)

അമൃത് 20 പദ്ധതി നഗരസഭാവിഹിതം വകയിരുത്തൽ എന്ന പ്രോജക്ട് പ്രകാരം 1,09,19,181/- രൂപ അമൃത് പദ്ധതി മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് നല്കിയിട്ടുണ്ട്. അമൃത് പദ്ധതിയിലുൾപ്പെടുത്തി 5500 ഗാർഹിക കുടിവെള്ള കണക്ഷൻ നല്കുന്നതിന് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി സമർപ്പിച്ച സിറ്റി വാട്ടർ ആക്ഷൻ പ്ലാൻ 16.5.22-ൽ കൂടിയ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ടി പദ്ധതി സംബന്ധിച്ച തുടർ പ്രവർത്തനങ്ങളുടെ വിവരം, നഗരസഭാവിഹിതം ചെലവഴിച്ചതിന്റെ വിവരം, വാട്ടർ അതോറിറ്റി മുഖേന കുടിവെള്ള കണക്ഷൻ ലഭിച്ച ഗുണഭോകതാക്കളുടെ വിവരം, പദ്ധതി പ്രകാരമുള്ള ആകെ ചെലവു വിവരങ്ങൾ (സെൻട്രൽ / സ്റ്റേറ്റ് വിഹിതം ഉൾപ്പെടെ) അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (27/18.1.24) മറുപടി ലഭ്യമാക്കിയില്ല. ധന വിനിയോഗ രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ നടത്തിയ 1,09,19,181/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-35 ആർദ്ര സ്പെഷ്യൽ സ്കൂളിനായി ലഭിച്ച തുക വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു**

2022-23 വർഷത്തെ വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-4ൽ Fund For Transfered Institutions - Education - Capital എന്ന ഹെഡിൽ (ഹെഡ് കോഡ് 320200209) 22,56,750/- രൂപ വിനിയോഗിക്കാതെ ശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ലെഡ്ജർ പരിശോധിച്ചതിൽ 2014 മുതൽ 2021 വരെയുള്ള കാലഘട്ടങ്ങളിൽ നഗരസഭയിലെ എട്ടാം വാർഡിൽ സ്ഥിതിചെയ്യുന്ന ആർദ്ര സ്പെഷ്യൽ സ്കൂളിന്റെ വികസന പദ്ധതികൾക്കായി ലഭിച്ച തുകയാണ് ഇത്തരത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതെന്ന് കണ്ടു .

ആർദ്ര സ്കൂൾ പദ്ധതിയ്ക്കായി ലഭിച്ച തുക യഥാസമയം വിനിയോഗിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (40/19.1.2023) മറുപടി ലഭ്യമാക്കിയില്ല.

സ്കൂളിന്റെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച ഗ്രാന്റ് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടക്കുകയോ ചെയ്യേണ്ടതും, വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

**1-36 താലൂക്ക് ആശുപത്രിയിലെ താല്കാലിക ഡോക്ടർമാർക്ക് വേതനം - ആദായ നികുതി കുറവ് ചെയ്തില്ല**

പ്രോജക്ടിന്റെ പേര് - താലൂക്ക് ആശുപത്രിയിലെ താല്കാലിക ഡോക്ടർമാർക്ക് വേതനം

പ്രോജക്ട് നം - S0032/2023

നിർവ്വഹണം - സൂപ്രണ്ട്, താലൂക്ക് ആശുപത്രി.

ആദായ നികുതി നിയമം സെക്ഷൻ 194-J അനുസരിച്ച് ഡോക്ടർമാർ, അക്കൗണ്ടന്റുമാർ, എഞ്ചിനീയർമാർ, ഇന്റീരിയർ ഡിസൈനർമാർ, ആർക്കിടെക്ടുകൾ മുതലായവർക്ക് അവരുടെ പ്രൊഫഷണൽ അല്ലെങ്കിൽ സാങ്കേതിക സേവനങ്ങൾക്ക് നൽകുന്ന പ്രതിമാസ വേതനം 30,000/- രൂപയിൽ കൂടുതലാണെങ്കിൽ പ്രസ്തുത വേതനത്തിൽ നിന്നും 10% തുക TDS കിഴിവ് ചെയ്യേണ്ടതാണ്. 2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ 32/2023 നമ്പർ പ്രോജക്ടിന്റെ ഭാഗമായി ചേർത്തല താലൂക്ക് ആശുപത്രിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന താഴെപറയുന്ന ഡോക്ടർമാരുടെ പ്രതിമാസ വേതനത്തിൽ നിന്നും ആദായ നികുതി കുറവ് ചെയ്തതായി കാണുന്നില്ല.

| ക്രമ നം. | ജീവനക്കാരന്റെ പേര് | കൈപ്പറ്റിയ തുക | കുറവ് ചെയ്യേണ്ട ആദായ നികുതി |
|---|---|---|---|
| 01 | ഡോ.അഞ്ജലി പി.എസ്. | 34,167 | 3417 |
| 02 | ഡോ.അമല പി. അശോക് | 88,613 | 8861 |
| 03 | ഡോ.ബ്രിജോ ടോം | 2,87,000 | 28700 |
| 04 | ഡോ.ഗൗരി പി.ജെ. | 3,21,387 | 32139 |
| 05 | ഡോ.ജിതിൻ | 1,23,000 | 12300 |
| 06 | ഡോ.നന്ദന രഘു | 1,02,496 | 10250 |
| | ആകെ | | 95667 |

മേൽ ജീവനക്കാർ കൈപ്പറ്റിയ തുകയ്ക്ക് ആനുപാതികമായി ആദായ നികുതി കുറവ് ചെയ്യാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/17.1.23) മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷം വേതനമായി കൈപ്പറ്റിയ തുകയുടെ 10% തുകയായ 95,667/- രൂപ ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കി അറിയിക്കേണ്ടതാണ്.

**1-37 പി.എം.എ.വൈ ലൈഫ് ഭവന നിർമാണം (ജനറൽ) -നഗരസഭ വിഹിതം - ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചില്ല**

| | |
|---|---|
| പ്രോജക്ട് നം. : | S0163/23 |
| പ്രോജക്ടിന്റെ പേര് : | പി.എം.എ.വൈ ലൈഫ് ഭവന നിർമാണം നഗരസഭ വിഹിതം (ജനറൽ) |
| അടങ്കൽ : | 1,06,11,057/-രൂപ വികസനഫണ്ട് (ജനറൽ) |
| ചെലവ് | 1,06,00,000/- രൂപ |
| നിർവഹണം : | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ |

ചേർത്തല നഗരസഭയിൽ പി.എം.എ.വൈ ലൈഫ് ഭവന പദ്ധതി പ്രകാരം 22-23 സാമ്പത്തിക വർഷം ആനുകൂല്യമായി (ആദ്യ ഗഡു) കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവന നിർമ്മാണം ആരംഭിച്ച്, തുടർ ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | വാർഡ് നം. | ഗുണഭോക്താവിന്റെ പേര് | ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് നം. | കൈപ്പറ്റിയതുക |
|---|---|---|---|---|
| 1 | 13 | സരള, | 7 | 40,000 |

| | | | | |
|---|---|---|---|---|
| | | വരിക്കാട്ടുവെളി | | |
| 2 | 21 | സംഗീത, | 7 | 40,000 |
| 3 | 24 | രതീഷ് കുമാർ, ശിവശക്തി | 7 | 40,000 |
| 4 | 32 | മിനിമോൾ, വട്ടുകുളത്തിൽച്ചിറ | 7 | 40,000 |
| 5 | 33 | ശ്യാമള, അയ്യന്തുചിറ | 7 | 40,000 |
| 6 | 35 | മിനിമോൾ, പണിക്കവീട് | 7 | 40,000 |
| 7 | 16 | ബിൻസി, കടമംതുരുത്തിൽ | 7 | 40,000 |
| 8 | 12 | ആഷാ സന്തോഷ്, പൊട്ടച്ചിറ വെളി | 7 | 40,000 |
| 9 | 26 | ശ്രീലേഖ, വല്ലേ വെളി | 7 | 40,000 |
| 10 | 9 | സുമേഷ്, പടിഞ്ഞാറ്റുംകര | 7 | 40,000 |
| 11 | 10 | കോമളം, നികർത്തിൽ | 5 | 40,000 |
| 12 | 21 | ദേവയാനി, പനങ്ങാംപള്ളിൽ | 7 | 40,000 |
| 13 | 7 | ആശ, ചിറയിൽ | 7 | 40,000 |
| 14 | 32 | വത്സല, പൂജവെളിയിൽ | 7 | 40,000 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിക്കാത്തതിനു വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/18.1.24) മറുപടിയായി ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വീടുകളിൽ നഗരസഭാ നിർദ്ദേശാനുസരണം കുടുംബശ്രീ അംഗങ്ങൾ സന്ദർശിക്കുകയും നിർദ്ദേശം നല്കിയതായും അറിയിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

**1-38 പൊതുടാപ്പുകളുടെ വെള്ളക്കരം - ഉപയോഗിക്കാത്ത ടാപ്പുകൾക്ക് വേണ്ടി വൻ തുക അനാവശ്യമായി ഒടുക്കേണ്ടി വരുന്നു - കുടിശ്ശികയും ക്രമാതീതമായി വർദ്ധിക്കുന്നു .**

നഗരസഭയിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 31.3.22 ൽ 13,84,24,625/- രൂപ കുടിശ്ശികയുണ്ട്. ഇതിൽ 4,83,130/- രൂപ പ്രതിമാസ ഡിമാന്റും ബാക്കി തുക നാളിതുവരെയുള്ള കുടിശ്ശികയും ഫൈനുമാണ്. 13.9.22-ലെ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ PHA/A4/4547/18 കത്ത് പ്രകാരം, 8/22 വരെയുള്ള വെള്ളക്കര കുടിശ്ശിക തുകയിൽ നിന്നും പലിശയിനത്തിലെ 8,66,48,418/- രൂപ ഒഴിവാക്കിയിട്ടുണ്ടെന്നും ബാക്കി തുക 7,02,00,581/- രൂപ അടവാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 667 ടാപ്പുകളുടെ തുകയാണ് ഡിമാൻറ് ചെയ്തുവരുന്നത്. എന്നാൽ 17.9.22-ലെ നഗരസഭാ സെക്രട്ടറിയുടെ നിർദ്ദേശാനുസരണം കുടുംബശ്രീ പ്രവർത്തകർ മുഖേന

നടത്തിയ പരിശോധനയിൽ 450 പൊതുടാപ്പുകളാണുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ട്(വാർഡ്-8,15,21 ഒഴികെ).

പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നടത്തുന്നതിനായി വാട്ടർ അതോറിറ്റിയ്ക്ക് കത്തും ഓർമ്മക്കുറിപ്പും നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. മാത്രവുമല്ല, നഗരസഭയിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള അമൃത് കുടിവെള്ള പദ്ധതി പ്രകാരം നഗരസഭയിലെ 5500 കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാകുന്നതോടെ പൊതു ടാപ്പുകളുടെ ആവശ്യകത തന്നെ ഇല്ലാതാകും. ആയതിനാൽ അടിയന്തരമായി സംയുക്ത പരിശോധന നടത്തി, പൊതു ടാപ്പുകളിൽ അത്യാവശ്യമായവ മാത്രം നിലനിർത്തി ബാക്കിയുള്ളവ ഡിസ്കണക്ട് ചെയ്ത് വെള്ളക്കരം ഇനത്തിലെ ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

28.10.22 ലെ നഗരസഭാ കൗൺസിലിന്റെ 8-ാം നമ്പർ തീരുമാനപ്രകാരം മുൻകാല വെള്ളക്കര കുടിശ്ശിക തുകയുടെ പലിശ ഇളവ് സംബന്ധിച്ച സർക്കാർ തീരുമാനം ലഭ്യമാകുന്നതുവരെ പ്രതിമാസ ഡിമാന്റ് തുക മാത്രം വാട്ടർ ചാർജ്ജായി അടയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതു പ്രകാരം തൻവർഷം ആകെ 19,32,520/- രൂപ (@483130 X 4) (ഡിസംബർ, ജനവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ) നഗരസഭ തനതുഫണ്ടിൽ നിന്നും അടച്ചിട്ടുണ്ട്. പലിശ ഇളവ് സംബന്ധിച്ച സർക്കാർ തീരുമാനം ലഭിച്ചിട്ടില്ലായെന്നിരിക്കെ, നിലവിൽ പ്രതിമാസം ഒടുക്കേണ്ടുന്ന തുക പോലും ഈയിനത്തിൽ ഒടുക്കുന്നില്ലായെന്നതും ശ്രദ്ധേയമാണ്. പലിശയിളവ് ലഭിച്ചാൽ പോലും, പ്രതിമാസ വാട്ടർ ചാർജ്ജ് പോലും യഥാസമയം ഒടുക്കാതിരിക്കുന്നത് കുടിശ്ശിക വീണ്ടും വർദ്ധിക്കുന്നതിന് കാരണമാകും. ആയതിനാൽ ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിന് ഈ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-39 വീട് പുനരുദ്ധാരണം - ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല**

| | |
|---|---|
| പ്രോജക്ട് നം. | S0194/2023 |
| പ്രോജക്ടിന്റെ പേര് : | പട്ടികജാതി വിഭാഗത്തിന് വീട് പുനരുദ്ധാരണം |
| അടങ്കൽ : | 22,50,000/-രൂപ വികസനഫണ്ട് (എസ്.സി.പി)- |
| ചെലവ് : | 9,75,000/- രൂപ (ട്രഷറി ബിൽ നം.69/14.3.23) |
| നിർവ്വഹണം : | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

പട്ടികജാതി വിഭാഗത്തിന് വീട് പുനരുദ്ധാരണം എന്ന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ആദ്യഗഡുവായി 75,000/- രൂപ കൈപ്പറ്റിയ, ചുവടെ രേഖപ്പെടുത്തിയിട്ടുള്ള ഗുണഭോക്താക്കൾ നാളിതുവരെയായും വീട് പുനരുദ്ധാരണം പൂർത്തിയാക്കി രണ്ടാം ഗഡു തുക കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | മോഹനൻ, നികർത്തിൽ | 75,000/-രൂപ |
| 2 | കനകമ്മ, പുന്നവേലി നികർത്ത് | 75,000/-രൂപ |
| 3 | ബേബി, ദേവസ്വം പറമ്പില് | 75,000/-രൂപ |

| | | |
|---|---|---|
| ആകെ | | 2,25,000 |

മേൽ രേഖപ്പെടുത്തിയ ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തീകരിയ്ക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/18.1.24) മറുപടിയായി മേൽ ഗുണഭോക്താക്കൾക്ക് നോട്ടീസ് നല്കി പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കളുടെ ഭവന പുനരുദ്ധാരണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. പൂർത്തീകരണരേഖകളുടെ അഭാവത്തിൽ 2,25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-40 വിവിധ വാങ്ങലുകളുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി. ഉറവിടത്തിൽ കുറവ് ചെയ്തില്ല

2017-ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ മൂല്യമുള്ള (നികുതി കിഴിച്ച്) വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരനിൽ / വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ 22-23 വർഷം സെക്രട്ടറി, താലൂക്ക് ആശുപത്രി സൂപ്രണ്ട്, ഹെൽത്ത് ഓഫീസർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടത്തിയിട്ടുള്ള താഴെപറയുന്ന വാങ്ങലുകൾ പ്രകാരം ബിൽ തുക നൽകിയപ്പോൾ, ബില്ലിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യാതെയാണ് തുക നൽകിയിട്ടുള്ളത്.

| ക്രമ നം | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | നികുതി ഒഴികെയുള്ള ചെലവ് തുക (രൂ.) | ഈടാക്കേണ്ട ജി.എസ്.ടി (രൂ.) | ബിൽ നം/ തീയതി | ഫണ്ട് ഇനം |
|---|---|---|---|---|---|---|
| 01 | താലൂക്ക് ആശുപത്രിയിൽ ജനറേറ്റർ സ്ഥാപിക്കൽ (S0034/2023) | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 14,31,981 | 28,640 | 25/19.10.2022 | വികസന ഫണ്ട് |
| 02 | പോളീക്ലിനിക്കിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ (S0297/23) | മുനിസിപ്പൽ സെക്രട്ടറി | 435683 | 8,714 | 41-03/23/ 31.3.23 | ഹെൽത്ത് ഗ്രാന്റ് |
| 03 | ഗാർഹിക മാലിന്യ സംസ്കരണം (S0034/2023) | ഹെൽത്ത് ഓഫീസർ | 12,73,536 | 25,471 | 32304843784/ 4.2.2023 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | | | ആകെ | 62825/- | | |

ജി.എസ്.ടി ഉവിടത്തിൽ കുറവ് ചെയ്യാതിരുന്നത് മൂലം അധികം നൽകിയ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി ജി.എസ്.ടി വകുപ്പിൽ ഒടുക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

### 1-41 എർത്ത് ഫില്ലിംഗ് നടത്തിയ പ്രവൃത്തികളിൽ കൺസോളിഡേഷൻ കുറവ് ചെയ്തില്ല

ചേർത്തല നഗരസഭയിൽ 2022-23 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ എർത്ത് ഫില്ലിംഗ് നടത്തിയവയിൽ കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 1.27.1.2 പ്രകാരം ലൈറ്റ് മെക്കാനിക്കൽ മെഷിനറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ 10%വും 1.27.1.3 പ്രകാരം ഹെവി മെക്കാനിക്കൽ മെഷിനറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ 5%വും ആകെ അളവിൽ നിന്നും കുറവ് ചെയ്ത് മാത്രം മൂല്യനിർണ്ണയം നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം കുറവ് വരുത്താതെ മുഴുവൻ അളവിനും തുക അനുവദിച്ച് നൽകിയത് മൂലമുണ്ടായ അധിക ചെലവിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം., പേര് | എർത്ത് ഫില്ലിംഗ് നടത്തിയ അളവ് | അളവ് പുസ്തകം നമ്പർ/ കരാറുകാരന്റെ പേര് | കൺസോളിഡേഷൻ കുറവ് ചെയ്ത് മൂല്യ നിർണ്ണയം നടത്താവുന്ന അളവ് | നിരക്ക് | നൽകിയ തുക | നൽകാവുന്ന തുക | അധികം | ബിൽ നമ്പർ/ തിയതി |
|---|---|---|---|---|---|---|---|---|
| S0167/23 നെല്ലുവേലി പ്പാലം നടപ്പാത റീകോൺ ക്രീറ്റിംഗ് | $3.96m^3$ | E-mb (66045/22) അമർജിത്ത്. സി.എസ് | $3.564m^3$ | $1210.2/m^3$ | 4792 | 4313 | 479+ 18%GST = 565 | 346/9.3.23, 100450/- |
| S0283/23, പൗർണ്ണമി ക്ലബ്ബ് മണവേലിൽ ക്രോസ് റോഡ് | $30.96m^3$ | E-mb (10407/23) അഷ്ന. സി.ബി | $27.86m^3$ | $1210.2/m^3$ | 37468 | 33716 | 3752+ 18%GST = 4427 | PFMS ട്രാൻസാക്ഷൻ ഐ.ഡി- C03238912 1469/30.3.23, 98463/- |
| S0210/23 മുറിവേലി റോഡ് ഇന്റർലോക്കിംഗ് | $7.661m^3$ Limited To $7.29m^3$ | E-mb (67175/22) അഷ്ന. സി.ബി | $6.89m^3$ | $1210.2/m^3$ | 8822 | 8338 | 484 + 18%GST = 571 | PFMS ട്രാൻസാക്ഷൻ ഐ.ഡി- C03235869 1411/23.3.23, 141437/- |
| S0188/23 അർത്തുങ്കൽ അങ്കനവാടി റോഡ് ബാക്കി ഭാഗം കോൺ ക്രീറ്റിംഗ് | $10.125m^3$ Limited To $24.42m^3$ | E-mb (66107/22) അഷ്ന. സി.ബി | $9.113m^3$ | $1210.2/m^3$ | 12253 | 11029 | 1224+ 18%GST = 1444 | വൗച്ചർ നമ്പർ 12-2/23 23.2.23 |
| S00131/23 കൊറ്റിനാട് വാളംപള്ളി റോഡ് മെറ്റലിംഗ്, ടാറിംഗ് | $21.9m^3$ | E-mb (65575/22) ഡി.രതീഷ് | $19.71m^3$ | $1210.2/m^3$ | 26503 | 23853 | 2650+9.7% ടെണ്ടർ എക്സസ്- 257=2907+ 18%GST =3430 | 387/22-23/ 18.3.23, 315000/- |
| S00145/23 മണ്ണകുഴി പൊക്കനേഴത്ത് റോഡ്- വേലംപറമ്പ് റോഡ് കോൺ | $24.195m^3$ | E-mb (65564/22) അതുൽ സഞ്ജയ് | 21.775 | $1328/m^3$ | 32131 | 28917 | 3214+ 18%GST= 3793 | 385/22-23/ 08.3.23, 491109/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ക്രീറ്റിംഗ് | | | | | | | | |
| S00116/23 AKG റോഡ് കോൺ ക്രീറ്റിംഗ് | 6.285$m^3$ | E-mb (48947/22) ശ്രീഗോവിന്ദ് | 5.656$m^3$ | 1210.2/$m^3$ | 7606 | 6845 | 761+9.99% ടെണ്ടർ എക്സസ്- =837+ 18%GST =988 | PFMS ട്രാൻസാക്ഷൻ ഐ.ഡി- C03238354 6252/29.3.23, 121128/- |
| S00138/23 മാത്തിൽ ഇല്ലത്ത് ചിറ റോഡ് | 34.2$m^3$ | E-mb (65583/22) ഡി.രതീഷ് | 30.78$m^3$ | 1016/m3 | 31272 | 34747 | 3475+ 18%GST =4101 | വൗച്ചർ നമ്പർ 9-3/23 23.3.23, 478896/- |
| S00148/23 വടാത്തല കിണറ്റുകര നടപ്പാത കോൺ ക്രീറ്റിംഗ് | 10.8$m^3$ | E-mb (65934/22) അതുൽ സഞ്ജയ് | 9.72$m^3$ | 1210.2/$m^3$ | 13070 | 11763 | 1307+9% ടെണ്ടർ എക്സസ്- =118+ 18%GST =1682 | PFMS ട്രാൻസാ ക്ഷൻ ഐ.ഡി- C03232714 6461/216.3.23, 151308/- |
| S00173/23 ഒറ്റപ്പുന്ന കൊച്ചുവെളി റോഡ് കോൺ ക്രീറ്റിംഗ് | 18.68$m^3$ | E-mb (66069/22) അതുൽ സഞ്ജയ് | 16.812$m^3$ | 1210.2/$m^3$ | 18.645ൽ പരിമിത പ്പെടുത്തി, 22564 | 20346 | 2218+9.79% ടെണ്ടർ എക്സസ്- =217+ 18%GST =2873 | PFMS ട്രാൻസാ ക്ഷൻ ഐ.ഡി- C03232736 904/216.3.23, 350000/- |
| ആകെ | | | | | | | 23874/- | |

ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (36/18.01.24) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച വിധം എർത്ത് ഫില്ലിംഗ് പ്രവൃത്തികളിൽ സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 1.27.1.2, 1.27.1.3 എന്നിവ പ്രകാരം കൺസോളിഡേഷൻ കുറവ് ചെയ്യാതിരുന്നത് മൂലം ഉണ്ടായ അധിക ചെലവ് 23,874/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

**1-42 എർത്ത് ഫില്ലിംഗ് നടത്തിയതിനേക്കാൾ കൂടുതൽ അളവിൽ റോഡ് കോൺക്രീറ്റിംഗ് ചെയ്തത് അധിക ചെലവിനിടയാക്കി**

നികർത്തിൽ ഇടവഴി റോഡ് കോൺക്രീറ്റിംഗ് എന്ന ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു-

അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW നിർവ്വഹണം ചെയ്ത മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, ഒന്നും രണ്ടും ഇനങ്ങളിലായി സബ് ഗ്രേഡ് എർത്തേൺ ഷോൾഡേഴ്സ്, ക്വാറി മക്ക് ഫില്ലിംഗ് എന്നിവ ചെയ്തതിന്റെ നീളത്തേക്കാൾ കൂടിയ നീളത്തിൽ റോഡ് കോൺക്രീറ്റ് ചെയ്തതായി കാണുന്നു.

| ക്രമ നമ്പർ | ഇനം | ചെയ്ത അളവ് | ചെയ്യാവുന്ന അളവ് | അധികം | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | സബ് ഗ്രേഡ് എർത്തേൺ ഷോൾഡേഴ്സ് | 30x1.25x0.10=3.75$m^3$ | 30x1.25x0.10=3.75$m^3$ | 00 | |
| | | 22.3x1.25x0.10=2.788 | 22.3x1.25x0.10=2.788 | | |
| | | 6.3x1.2x0.10=0.756 | 6.3x1.2x0.10=0.756 | | |
| | | ആകെ 7.294$m^3$ | ആകെ 7.294$m^3$ | | |

| | | | | | |
|---|---|---|---|---|---|
| 2 | ക്വാറി മക്ക് ഫില്ലിംഗ് | 30x1.25x0.10=3.75m$^3$ | 30x1.25x0.10=3.75m$^3$ | 00 | |
| | | 22.3x1.25x0.10=2.788 | 22.3x1.25x0.10=2.788 | | |
| | | 6.3x1.2x0.10=0.756 | 6.3x1.2x0.10=0.756 | | |
| | | ആകെ 7.294m$^3$ | ആകെ 7.294m$^3$ | | |
| 3 | പി.സി.സി 1:2:4 | 0.70x1.4x0.15 =0.147 | 0.70x1.4x0.15 =0.147 | 00 | |
| | | 29.30x1.2x0.15=5.274 | 29.30x1.2x0.15=5.274 | 00 | |
| | | 28.7x1.3x0.15=5.597 | 22.3x1.25x0.15=4.181 | 0.282m$^3$ | 0.282m$^3$ X@ 8670.11/m3 = 2445+196(8% ടെണ്ടർ അധികം) = 2641 +18% GST = 3116/- |
| | | ആകെ 11.018m$^3$ | 6.3x1.20x0.15 =1.134 | | |
| | | | ആകെ 10.736m$^3$ | | 3116/- |

മേൽ സൂചിപ്പിച്ചിട്ടുള്ള വിധം എർത്തേൺ ഷോൾഡേഴ്സ് നിർമ്മിച്ചതിനേക്കാൾ കൂടുതൽ നീളത്തിൽ 3-ാം ഇനമായി 1:2:4 അനുപാതത്തിൽ പി.സി.സി ചെയ്തത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (33/18.1.24) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം അധികം ചെലവഴിച്ച 3,116/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

അനുബന്ധ വിവരങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0175/23 |
| പ്രോജക്ടിന്റെ പേര് | നികർത്തിൽ ഇടവഴി റോഡ് കോൺക്രീറ്റിംഗ് |
| അടങ്കൽ | 1,50,000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| പി.എ.സി | 136377/-, 8% അധികം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ.രാജേഷ് സി. |
| ബിൽ നമ്പർ | PFMSട്രാൻസാക്ഷൻ ഐ.ഡി C032364753873/23.3.223, 1,46,816/- |

**1-43 ക്വാറി മക്ക് ഫില്ലിംഗിന് ഉയർന്ന നിരക്ക് അനുവദിച്ചത് അധികച്ചെലവിനിടയാക്കി**

നഗരസഭയിൽ റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഗ്രാനലർ സബ് ബേസ് (GSB) നിർമ്മിക്കുന്നതിന് ഒബ്സർവ്ഡ് ഡേറ്റാ പ്രകാരം 1608.53/$m^3$ നിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നത്. ഇത് ഒബ്സർവ്ഡ് ഡേറ്റാ OD213913/2022-23 പ്രകാരമുള്ള നിരക്കാണ്. എന്നാൽ ഒബ്സർവ്ഡ് ഡേറ്റാ കണക്കാക്കിയതിൽ പിശകുള്ളതായി കാണുന്നു.

ഒബ്സർവ്ഡ് ഡേറ്റാ കണ്ടെത്തുന്നതിന് 384 $M^3$ ക്വാറിമക്കിന്റെ മാർക്കറ്റ് വിലയാണ് (രൂ.376208.64) അടിസ്ഥാന വിലയായി എടുത്തിട്ടുള്ളത്. എന്നാൽ ഈ വിലയെ 384 കൊണ്ട് ഹരിക്കുന്നതിനു പകരം 300 കൊണ്ട് ഹരിച്ചാണ് 1 $M^3$ ന്റെ നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. തന്മൂലം നിരക്ക് തെറ്റായി നിർണ്ണയിക്കപ്പെടുന്നതിന് ഇടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | അനുവദിച്ച നിരക്ക് | അനുവദനീയമായ നിരക്ക് |
|---|---|---|
| 384$m^3$ ക്വാറി മക്ക് ഉപയോഗിച്ച് ഫില്ല് ചെയ്യുന്നതിന് വരുന്ന ആകെ ചെലവ് | 392293.44 | 392293.44 |
| 1$m^3$ ന് വരുന്ന ചെലവ് | 392293.44/300 = 1307.64 | 392293.44/384 = 1021.59 |
| OH 10% | 130.76 | 102.16 |
| CP 10% | 143.84 | 102.16 |
| | 1582.24 | 1225.91 |
| കോസ്റ്റ് ഇൻഡക്സ് 41.53% | 26.29 | 26.29 |
| ആകെ | 1608.53/$m^3$ | 1252.20/$m^3$ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/18.01.24) മറുപടി ലഭ്യമാക്കിയില്ല. പട്ടികയിൽ സൂചിപ്പിച്ച വിധം നിരക്ക് നിർണ്ണയിച്ചത് ഗ്രാനലർ സബ് ബേസ് നിർമ്മാണ പ്രവൃത്തിക്ക് അധികനിരക്ക് നൽകുന്നതിനിടയായിട്ടുണ്ട്. അതുപോലെ അനുവദിച്ച് നൽകിയിട്ടുള്ള നിരക്കിൽ നിന്നും, മാർക്കറ്റ് നിരക്കിലുള്ള ഇനങ്ങൾ കുറവ് ചെയ്തതിന് ശേഷമുള്ള തുകയ്ക്ക് മേൽ രേഖപ്പെടുത്തിയിട്ടുള്ള 41.53% നിരക്കിൽ കോസ്റ്റ് ഇൻഡക്സ് അനുവദിക്കുമ്പോൾ ലഭ്യമാകുന്ന തുക മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുമായി (26.29) പൊരുത്തപ്പെടുന്നുമില്ല. ആയതിനാൽ തന്നെ ഈ നിരക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള കോസ്റ്റ് ഇൻഡക്സിന്റെ ആധികാരികതയും ഉറപ്പാക്കാനായിട്ടില്ല.

ഈ വിഷയത്തിൽ ആവശ്യമായ അന്വേഷണം നടത്തി, ഇപ്രകാരം അധിക നിരക്ക് അനുവദിച്ചതു മൂലം കരാറുകാർക്ക് നല്കാനിടയായ അധിക തുകകൾ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കുന്നതിന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

### 1-44 കാലി വീപ്പയുടെ വില കുറവ് ചെയ്തത് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW നിർവ്വഹണം ചെയ്തതും 2022-23 സാമ്പത്തിക വർഷം പൂർത്തീകരിച്ചതുമായ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽ വിലയും ജി.എസ്.ടി.യുമുൾപ്പെടെ കുറവ് ചെയ്ത തുക തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. ജി.എസ്.ടി തുക പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്ക് ഒടുക്ക് വരുത്തിയിട്ടില്ല. പ്രവൃത്തിക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്ക് നല്കിയതിനാൽ ഉപയോഗിച്ച ടാറിന്റെ ബാരൽ വിലയിനത്തിൽ ബാരലൊന്നിന് 238/- രൂപയും 18% ജി.എസ്.ടിയും ഉൾപ്പെടെ ആകെ 281/- രൂപ വീതം ഈടാക്കേണ്ടതും ബാരൽ വില ബിറ്റുമിൻ വാങ്ങാനുപയോഗിച്ച ഫണ്ടിലേക്കും ജി.എസ്.ടി പ്രസ്തുത വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതായിരുന്നു.

എന്നാൽ ബിറ്റുമിൻ ഉൾപ്പെടുന്ന പ്രവൃത്തികളിൽ ഇപ്രകാരം ചെയ്തതായി കാണുന്നില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ / ഫണ്ടിനം | ഉപയോഗിച്ച RS1, SS1, VG30 എന്നിവയുടെ കാലിബാരൽ വില | ചെലവ് വിവരം(ബിൽ നമ്പർ) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | S0071/23 കണ്ണംപള്ളി ചങ്ങരം റോഡ് ടാറിംഗ് | എം.സതീഷ് കുമാർ, വികസന ഫണ്ട് ജനറൽ | 7 @281 = 1967 | ബിൽ നം - 437/27-3-23, 150000/- | മുനിസിപ്പൽ എഞ്ചിനീയർ LID&EW |
| 2. | S0131/23 കൊറ്റിനാട് വാളംപള്ളി റോഡ് മെറ്റലിംഗ്, ടാറിംഗ് | E-mb (65575/22) ഡി.രതീഷ് (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | 4 @281 = 1124 (തുക ഈടാക്കിയിട്ടില്ല) | ബിൽ നം. 387/22-23/ 18.3.23, 315000/- | മുനിസിപ്പൽ എഞ്ചിനീയർ LID&EW |
| 3 | S0115/23 കോവിലകം റോഡ് മെറ്റലിംഗ് & ടാറിംഗ് | E-mb (44848/22) ഡി.രതീഷ് (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | 10 @281 = 2810 | ബിൽ നം 341/07-3-23 604384/- | മുനിസിപ്പൽ എഞ്ചിനീയർ LID&EW |
| 4 | S0115/23 മുനിസിപ്പൽ ഓഫീസ് എസ്.ബി കോളേജ് റോഡ് റീ ടാറിംഗ് | ഡി.രതീഷ് (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | 11 @281 = 3091 | ബിൽ നം. 337/7.3.23 500000/- | മുനിസിപ്പൽ എഞ്ചിനീയർ LID&EW |
| 5 | S0138/23 മഠത്തിൽ ഇല്ലത്ത് ചിറ റോഡ് | ഡി.രതീഷ് (ധനകാര്യ കമ്മീഷൻഗ്രാന്റ്) | 7 @281 = 1967 | വൗച്ചർ നമ്പർ 9-3/23 23.3.23, 478896/- | മുനിസിപ്പൽ എഞ്ചിനീയർ LID&EW |
| 6 | S0139/23 ചാണിവാരത്ത് യക്ഷിയമ്പലം റോഡ് റീ ടാറിംഗ് | ഡി.രതീഷ് (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | 6 @ 281 = 1686/- | ബിൽ നം - 139/20-03-23 രൂപ 270000/ | മുനിസിപ്പൽ എഞ്ചിനീയർ LID&EW |
| 7 | S0205/23 SNDP തലക്കാട് | ഡി.രതീഷ് (മെയിന്റനൻസ് ഗ്രാന്റ് റോഡ്) | 10 @281 = 2810 | ബിൽ നം - 349/10-03-23, 500000/- | മുനിസിപ്പൽ എഞ്ചിനീയർ LID&EW |

| | | | | | |
|---|---|---|---|---|---|
| | റോഡ് ടാറിംഗ് | | | | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/18.01.24) മറുപടി ലഭ്യമാക്കിയില്ല. കാലി വീപ്പയുടെ വിലയിനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ബിറ്റുമിൻ വാങ്ങാനുപയോഗിച്ച ഫണ്ടിലേക്കും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്.

**1-45 നിശ്ചിത സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല**

പ്രോജക്ടിന്റെ പേര് - കണ്ണംപള്ളി ചങ്ങരം റോഡ് ടാറിംഗ്

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടുള്ളത് 3.1.2021-ൽ ആണ്. ഇത് പ്രകാരം 17.1.21-നുള്ളിൽ എഗ്രിമെന്റ് വെക്കേണ്ടതായിരുന്നു. എന്നാൽ 05.01.2022-ൽ ആണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ ഫൈനില്ലാതെയും തുടർന്ന് 10 ദിവസത്തിനുള്ളിൽ 1% ഫൈനോടുകൂടിയും എഗ്രിമെന്റ് വെക്കാവുന്നതാണ്. എന്നാൽ ഈ കാലയളവിലും കരാർ വെക്കാത്തപക്ഷം ഇ.എം.ഡി കണ്ടുകെട്ടി, ടെണ്ടർ നിബന്ധന പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നിട്ടും ഇപ്രകാരം തുടർനടപടി സ്വീകരിക്കുകയോ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/18.01.24) മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും കരാർ തുകയുടെ 1% (1,33,587 X 1% = 1336/- രൂപ) പിഴ ഈടാക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

*അനുബന്ധ വിവരങ്ങൾ :-*

| | |
|---|---|
| *പ്രോജക്ട് നമ്പർ* | *S0071/23, (S0431/21, 256/22)* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *മുനിസിപ്പൽ എഞ്ചിനീയർ* |
| *അടങ്കൽ* | *1,50,000/- വികസന ഫണ്ട് ജനറൽ* |
| *പി.എ.സി* | *133587/-* |
| *കരാറുകാരൻ* | *ശ്രീ.എം.സതീഷ് കുമാർ* |
| *എഗ്രിമെന്റ് നമ്പർ* | *19/21-22/ 05.01.2022* |

**1-46 ഓവർ ഹെഡ് ചാർജ്ജ് കൂട്ടിക്കിട്ടുന്ന തുകയുടെ 10% കരാറുകാരന്റെ ലാഭമായി കണക്കാക്കിയത് അധിക ചെലവിന് ഇടയാക്കി**

ചേർത്തല നഗരസഭയിൽ 2022-23 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ വിവിധ ഇനങ്ങളുടെ നിരക്ക് പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം നിർണ്ണയിച്ചപ്പോൾ ഓരോയിനത്തിന്റേയും അടിസ്ഥാന നിരക്കിനോടൊപ്പം 10% ഓവർ ഹെഡ് ചാർജ്ജ്, 10% കരാറുകാരന്റെ ലാഭം എന്നിങ്ങനെ ആകെ 20% അനുവദിക്കുന്നതിന് പകരം, അടിസ്ഥാന നിരക്കിനോടൊപ്പം 10% ഓവർ ഹെഡ് ചാർജ്ജ് കൂട്ടിയതിന് ശേഷമുള്ള തുകയുടെ 10% കരാറുകാരന്റെ ലാഭമായി ഉൾപ്പെടുത്തി നിരക്ക് നിർണ്ണയിക്കുകവഴി, അനർഹമായി, അധിക തുക കരാറുകാർക്ക് ലഭിക്കുന്ന സാഹചര്യമുണ്ട്. ഇപ്രകാരം അധികം നിരക്ക് തിട്ടപ്പെടുത്തിയതിന്റെയും, അതിന്റെയടിസ്ഥാനത്തിൽ അധികം തുക നൽകിയ പ്രവർത്തികളുടേയും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം., പേര് | ഇനം | ബേസിക് റേറ്റ് | നൽകിയ നിരക്ക് | നൽകാവുന്ന നിരക്ക് |
|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| S0164/23 ടി.ഡി അമ്പലത്തിന് തെക്ക് വശം ബാക്കി ഭാഗം കാന നിർമ്മാണം | എർത്ത് വർക്ക് എസ്കവേഷൻ 11.1.1.1 | 466.14 | | 466.14 | | 466.14 |
| | | | OH 10% | 46.61 | OH 10% | 46.61 |
| | | | ആകെ | 512.75 | ആകെ | 512.75 |
| | | | CP10% | 51.28 | CP10% | 46.61 |
| | | | ആകെ | 564.03 | ആകെ | 559.36 |
| | | | കോസ്റ്റ് ഇൻഡക്സ് 41.53% | 234.24 | കോസ്റ്റ് ഇൻഡക്സ് 41.53% | 232.30 |
| | | | ആകെ | 798.27/$m^3$ | ആകെ | 791.66/m3 |
| | പി.സി.സി 1:3:6 | 4749.87/$m^3$ | | 4749.87/$m^3$ | | 4749.87/$m^3$ |
| | | | OH 10% | 474.99 | OH 10% | 474.99 |
| | | | ആകെ | 5224.86 | ആകെ | 5224.86 |
| | | | CP10% | 522.49 | CP10% | 474.99 |
| | | | ആകെ | 5747.35 | ആകെ | 5699.85 |
| | | | കോസ്റ്റ് ഇൻഡക്സ് 41.53% | 2386.87 | കോസ്റ്റ് ഇൻഡക്സ് 41.53% | 2367.15 |
| | | | ആകെ | 8134.22/$m^3$ | ആകെ | 8067/$m^3$ |
| | പി.സി.സി 1:3:6 | | | 4642.88/$m^3$ | | 4642.88/$m^3$ |
| | | | OH 10% | 464.29 | OH 10% | 464.29 |
| | | | ആകെ | 5107.17 | ആകെ | 5107.17 |
| | | | CP10% | 510.72 | CP10% | 464.29 |
| | | | ആകെ | 5617.89 | ആകെ | 5571.46 |
| | | | കോസ്റ്റ് ഇൻഡക്സ് 41.53% | 2333.11 | കോസ്റ്റ് ഇൻഡക്സ് 41.53% | 2313.83 |
| | | | ആകെ | 7951/$m^3$ | ആകെ | 7885.29/$m^3$ |
| | RCC M20 | 5235.08/$m^3$ | | 5235.08/$m^3$ | | 5235.08/$m^3$ |
| | | | OH 10% | 523.51 | OH 10% | 523.51 |
| | | | ആകെ | 5758.59 | ആകെ | 5758.59 |
| | | | CP10% | 575.86 | CP10% | 523.51 |
| | | | ആകെ | 6334.45 | ആകെ | 6282.10 |
| | | | കോസ്റ്റ് ഇൻഡക്സ് 41.53% | 2630.70 | കോസ്റ്റ് ഇൻഡക്സ് 41.53% | 2608.96 |
| | | | ആകെ | 8965.15/$m^3$ | ആകെ | 8891.06/$m^3$ |

മേൽ സൂചിപ്പിച്ച വിധം മരാമത്ത് പ്രവൃത്തികളിൽ പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം നിരക്ക് നിർണ്ണയിച്ചതിലെ പൊരുത്തക്കേട് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (34/18.01.24) മറുപടി

ലഭ്യമാക്കിയില്ല. ഓവർ ഹെഡ് ചാർജ്ജ് കൂട്ടിക്കിട്ടുന്ന തുകയുടെ കൂടെ 10% കരാറുകാരന്റെ ലാഭം ഉൾപ്പെടുത്തി നിരക്ക് നിർണ്ണയിക്കുകവഴി കരാറുകാർക്ക് അധിക തുക നല്കാനിടയായിട്ടുണ്ട്. ഈ വിഷയത്തിൽ ആവശ്യമായ അന്വേഷണം നടത്തി, ഇപ്രകാരം അധിക നിരക്ക് അനുവദിച്ചതു മൂലം കരാറുകാർക്ക് നല്കാനിടയായ അധിക തുകകൾ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കുന്നതിന് ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വിനോദനികുതി ഒടുക്കിയതിലെ അപാകതകൾ

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന പാരഡൈസ് തിയേറ്ററിൽ നിന്നും വിനോദനികുതി അടവാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഒരു മാസത്തെ വിനോദ നികുതി ഒടുക്കിയില്ല

നഗരസഭയിലെ തിയേറ്ററുകളിൽ നിന്നുള്ള വിനോദനികുതി സംബന്ധിച്ച ഫയലിലെ (നം.R1-10899/18) ഓഫീസ് കുറിപ്പ് പ്രകാരം നഗരസഭയിൽ പ്രവർത്തിക്കുന്ന പാരഡൈസ് തിയേറ്ററിന്റെ 2022 ഡിസംബർ മാസത്തെ വിനോദനികുതി അടവാക്കിയതായി കാണുന്നില്ല. 2022 നവംബർ മാസത്തെ വിനോദനികുതി 16.01.2023ലെ 22030500391 രസീത് പ്രകാരം അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിനുശേഷം 2022 ഡിസംബർ 2023 ജനുവരി മാസങ്ങളിലെ വിനോദ നികുതി (120433+122798) അടവാക്കാൻ സാവകാശം തേടി ഉടമ 27.2.23-ൽ നല്കിയ അപേക്ഷയിൽ 2023 മാർച്ച് 31 നകം കുടിശ്ശിക അടവാക്കണമെന്ന് സെക്രട്ടറി 03.03.2023ൽ ഫയൽ കുറിപ്പെഴുതിയിട്ടുണ്ട്. 2023 ജനുവരി മാസത്തെ വിനോദനികുതി 25.03.2023-ലെ ഓഫീസ് നോട്ട് പ്രകാരം അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. 2022 ഡിസംബർ മാസത്തെ വിനോദനികുതി 1,20,433/- അടവാക്കിയതായി കാണുന്നില്ല.

2. കുറഞ്ഞ നിരക്കിൽ വിനോദനികുതി ഈടാക്കി

2022 ജനുവരി 1 മുതൽ 2023 മാർച്ച് 31 വരെ വിനോദനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കിയതിനാൽ കുറവ് വന്ന 4,34,128/- രൂപ തീയേറ്ററിൽ നിന്നും ഈടാക്കുന്നതിനായി, സ്റ്റേറ്റ്മെന്റ് സഹിതം 16.6.2023-ൽ തയ്യാറാക്കിയിട്ടുള്ള ഓഫീസ് നോട്ടിൽ സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ഈടാക്കിയതായി കാണുന്നില്ല. ടി തുക ജനങ്ങളിൽ നിന്നും ഈടാക്കാത്ത തുകയായതിനാൽ അടവാക്കുന്നതിൽ നിന്നും ഒഴിവാക്കി നല്കുവാൻ തീയേറ്റർ ഉടമ അപേക്ഷിച്ചെങ്കിലും നഗരസഭയ്ക്ക് ഇതിന്മേൽ തീരുമാനമെടുക്കാൻ സാധിക്കില്ലെന്നും അപേക്ഷ സർക്കാരിലേക്ക് അയയ്ക്കാനും സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷ സർക്കാരിലേക്ക് അയച്ചത് സംബന്ധിച്ചോ, അതിന്മേലുള്ള സർക്കാർ തീരുമാനമോ, തുക അടവാക്കിയ വിവരങ്ങളോ ലഭ്യമല്ല.

3. തീയേറ്ററിൽ വിൽക്കുന്ന ടിക്കറ്റുകളുടെ നികുതി വിവരം സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തുന്നില്ല

നഗരസഭയിൽ പ്രവർത്തിക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള 2 തിയേറ്ററുകളുടെയും സ്റ്റേറ്റ്മെന്റിൽ ഓൺലൈൻ വഴി ബുക്ക് ചെയ്യുന്ന ടിക്കറ്റുകളുടെ വിവരവും കൗണ്ടർവഴി നേരിട്ട് നല്കുന്ന ടിക്കറ്റുകളുടെ എണ്ണവും ഉൾപ്പെടുത്തുന്നുണ്ട്. എന്നാൽ പാരഡൈസ് തീയേറ്ററിലെ നികുതി വിവരം കാണിക്കുന്ന സ്റ്റേറ്റ്മെന്റിൽ, വെബ്സൈറ്റ് വഴി ബുക്ക് ചെയ്ത ടിക്കറ്റുകളുടെ നികുതി തുക മാത്രമാണ് ഉൾപ്പെടുന്നത്, തിയേറ്ററിൽ നേരിട്ട് നല്കിയ ടിക്കറ്റുകളുടെ വിനോദനികുതി ഉൾപ്പെടുന്നതായി കാണുന്നില്ല. 16.12.2022-ലെ ഓഫീസ് നോട്ട് പ്രകാരം അടവാക്കിയതായി കാണിച്ചിട്ടുള്ള നികുതി തുക വെബ്സൈറ്റ് വഴി ബുക്ക് ചെയ്ത ടിക്കറ്റുകളുടെ നികുതി തുക മാത്രമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 42/19.1.24) മറുപടി ലഭ്യമാക്കിയില്ല. പാരഡൈസ് തിയേറ്ററിൽ നിന്നും 2022 ഡിസംബറിലെ വിനോദനികുതി

(രൂ.1,20,433/-) ഈടാക്കി ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. 2022 ജനവരി 1 മുതൽ 2023 മാർച്ച് 31 വരെ വിനോദനികുതി ഇനത്തിൽ കുറവ് വന്ന 4,34,128/- രൂപ സംബന്ധിച്ച് സർക്കാർ തീരുമാനം ലഭ്യമല്ലാത്തപക്ഷം ആ തുകയും തീയേറ്ററിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം തുക സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്. കൗണ്ടർ വഴി നല്കുന്ന ടിക്കറ്റുകളുടെ വിനോദനികുതി തിട്ടപ്പെടുത്തി ഈടാക്കി ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

**2-2 കരാർ തുകയ്ക്ക് ആനുപാതികമായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചില്ല- സംസ്ഥാന സർക്കാരിന് വരുമാന നഷ്ടം**

01.04.2018 മുതൽ പ്രാബല്യത്തിൽ വന്ന 2018-ലെ കേരള ഫിനാൻസ് ആക്ട് സെക്ഷൻ 4, ഉപ വകുപ്പ് (4) പ്രകാരം 1959-ലെ കേരള സ്റ്റാമ്പ് ആക്ടിലെ (അമൻഡ്മെന്റ് ആക്ട് 17 ഓഫ് 1959) ഷെഡ്യൂൾ 5 ൽ ഉൾപ്പെടുത്തിയിട്ടുള്ള ഉപവകുപ്പ് (എഫ്) പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്കും, സേവനതലത്തിലുള്ള കരാറുകൾക്കും, ഓരോ 1,000/- രൂപയ്ക്കും 1 രൂപ ക്രമത്തിലും, അതിൽ കുറവുള്ള തുകയ്ക്ക് ആനുപാതികമായും, കുറഞ്ഞത് 200 രൂപയുടേയും, കൂടിയത് ഒരു ലക്ഷം രൂപയുടെയും തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർവെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥ പാലിക്കാതിരുന്നതു മൂലം സംസ്ഥാന സർക്കാരിന് മുദ്രപത്ര വിലയിനത്തിൽ 24,143/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ തുക | കരാർ ചമയ്ക്കേണ്ട മുദ്രപത്രത്തിന്റെ മൂല്യം | കരാർ ചമച്ച മുദ്രപത്രത്തിന്റെ മൂല്യം | കുറവ് | ചെലവ് വിവരം |
|---|---|---|---|---|---|---|---|
| 01 | താലൂക്ക് ആശുപത്രിയിൽ ജനറേറ്റർ സ്ഥാപിക്കൽ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 44,99,576/- | 4,500/- | കരാർ രേഖ ഹാജരാക്കിയില്ല. | 4,500/- | 1746318/- (ബിൽ നം. 25/19.10.2022) |
| 02 | ചേലൊത്ത ചേർത്തല – മാലിന്യ സംസ്കരണത്തിന് ബയോബിന്നുകൾ (S0211/2023) | ഹെൽത്ത് ഓഫീസർ, ചേർത്തല നഗരസഭ | 1,28,07,000/- | 12,807 | 200 | 12,607 | 4059819/- (ബിൽ നം 32382304145/ 27.3.2023) |
| 03 | ഗാർഹിക മാലിന്യ സംസ്കരണം (S0110/2023) | ഹെൽത്ത് ഓഫീസർ, ചേർത്തല നഗരസഭ | 72,36,000/- | 7,236 | 200 | 7,036 | 14,47,200/- (ബിൽ നം 32304843784/ 4.2.2023) |
| | ആകെ | | | | | 24,143 | |

മേൽ അപാകതകൾക്ക് വിശദീകരണവും, ആവശ്യമായ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 24/11.12.2023,13/17.1.2023) നൽകിയെങ്കിലും കരാർ രേഖകൾ ലഭ്യമാക്കിയില്ല. സംസ്ഥാന സർക്കാരിന് മുദ്രപത്ര വിലയിനത്തിൽ ഉണ്ടായ നഷ്ടം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നോ, അല്ലാത്തപക്ഷം യഥാസമയം കരാർ ചമയ്ക്കാതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

**2-3 നിശ്ചിത സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല**

പ്രോജക്ടിന്റെ പേര് – കണ്ണംപള്ളി ചങ്ങരം റോഡ് ടാറിംഗ്

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടുള്ളത് 3.1.2021-ൽ ആണ്. ഇത് പ്രകാരം 17.1.21-നുള്ളിൽ എഗ്രിമെന്റ് വെക്കേണ്ടതായിരുന്നു. എന്നാൽ 05.01.2022-ൽ ആണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. പി.ഡബ്ല്യു.ഡി മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ ഫൈനില്ലാതെയും തുടർന്ന് 10 ദിവസത്തിനുള്ളിൽ 1% ഫൈനോടുകൂടിയും എഗ്രിമെന്റ് വെക്കാവുന്നതാണ്. എന്നാൽ ഈ കാലയളവിലും കരാർ വെക്കാത്തപക്ഷം ഇ.എം.ഡി കണ്ടുകെട്ടി, ടെണ്ടർ നിബന്ധന പ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ മേൽ പ്രവൃത്തിയിൽ നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ വെക്കാതിരുന്നിട്ടും ഇപ്രകാരം തുടർനടപടി സ്വീകരിക്കുകയോ ഫൈൻ ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/18.01.24) മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും കരാർ തുകയുടെ 1% (1,33,587 X 1% = 1336/- രൂപ) പിഴ ഈടാക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

*<u>അനുബന്ധ വിവരങ്ങൾ :-</u>*

| | |
|---|---|
| *പ്രോജക്ട് നമ്പർ* | *S0071/23, (S0431/21, 256/22)* |
| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *മുനിസിപ്പൽ എഞ്ചിനീയർ* |
| *അടങ്കൽ* | *1,50,000/- വികസന ഫണ്ട് ജനറൽ* |
| *പി.എ.സി* | *133587/-* |
| *കരാറുകാരൻ* | *ശ്രീ.എം.സതീഷ് കുമാർ* |
| *എഗ്രിമെന്റ് നമ്പർ* | *19/21-22/ 05.01.2022* |

**ഭാഗം -3**

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എർത്ത് ഫില്ലിംഗ് നടത്തിയതിനേക്കാൾ കൂടുതൽ അളവിൽ റോഡ് കോൺക്രീറ്റിംഗ് ചെയ്തത് അധിക ചെലവിനിടയാക്കി

നികർത്തിൽ ഇടവഴി റോഡ് കോൺക്രീറ്റിംഗ് എന്ന ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു-

അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW നിർവ്വഹണം ചെയ്ത മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, ഒന്നും രണ്ടും ഇനങ്ങളിലായി സബ് ഗ്രേഡ് എർത്തേൺ ഷോൾഡേഴ്സ്, ക്വാറി മക്ക് ഫില്ലിംഗ് എന്നിവ ചെയ്തതിന്റെ നീളത്തേക്കാൾ കൂടിയ നീളത്തിൽ റോഡ് കോൺക്രീറ്റ് ചെയ്തതായി കാണുന്നു.

| ക്രമ നമ്പർ | ഇനം | ചെയ്ത അളവ് | ചെയ്യാവുന്ന അളവ് | അധികം | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | സബ് ഗ്രേഡ് എർത്തേൺ ഷോൾഡേഴ്സ് | 30x1.25x0.10=3.75m$^3$ | 30x1.25x0.10=3.75m$^3$ | 00 | |
| | | 22.3x1.25x0.10=2.788 | 22.3x1.25x0.10=2.788 | | |
| | | 6.3x1.2x0.10=0.756 | 6.3x1.2x0.10=0.756 | | |
| | | ആകെ 7.294m$^3$ | ആകെ 7.294m$^3$ | | |
| 2 | ക്വാറി മക്ക് ഫില്ലിംഗ് | 30x1.25x0.10=3.75m$^3$ | 30x1.25x0.10=3.75m$^3$ | 00 | |
| | | 22.3x1.25x0.10=2.788 | 22.3x1.25x0.10=2.788 | | |
| | | 6.3x1.2x0.10=0.756 | 6.3x1.2x0.10=0.756 | | |

| | | | | | |
|---|---|---|---|---|---|
| | | ആകെ $7.294m^3$ | ആകെ $7.294m^3$ | | |
| 3 | പി.സി.സി 1:2:4 | 0.70x1.4x0.15 =0.147 | 0.70x1.4x0.15 =0.147 | 00 | |
| | | 29.30x1.2x0.15=5.274 | 29.30x1.2x0.15=5.274 | 00 | |
| | | 28.7x1.3x0.15=5.597 | 22.3x1.25x0.15=4.181 | $0.282m^3$ | $0.282m^3$ X@ 8670.11/m3 = 2445+196(8% ടെണ്ടർ അധികം) = 2641 +18% GST = 3116/- |
| | | ആകെ $11.018m^3$ | 6.3x1.20x0.15 =1.134 | | |
| | | | ആകെ $10.736m^3$ | | 3116/- |

മേൽ സൂചിപ്പിച്ചിട്ടുള്ള വിധം എർത്തേൺ ഷോൾഡേഴ്സ് നിർമ്മിച്ചതിനേക്കാൾ കൂടുതൽ നീളത്തിൽ 3-ാം ഇനമായി 1:2:4 അനുപാതത്തിൽ പി.സി.സി ചെയ്തത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (33/18.1.24) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം അധികം ചെലവഴിച്ച 3,116/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

അനുബന്ധ വിവരങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0175/23 |
| പ്രോജക്റ്റിന്റെ പേര് | നികർത്തിൽ ഇടവഴി റോഡ് കോൺക്രീറ്റിംഗ് |
| അടങ്കൽ | 1,50,000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| പി.എ.സി | 136377/-, 8% അധികം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ.രാജേഷ് സി. |
| ബിൽ നമ്പർ | PFMSട്രാൻസാക്ഷൻ ഐ.ഡി C032364753873/23.3.223, 1,46,816/- |

**3-2 എർത്ത് ഫില്ലിംഗ് നടത്തിയ പ്രവൃത്തികളിൽ കൺസോളിഡേഷൻ കുറവ് ചെയ്തില്ല**

ചേർത്തല നഗരസഭയിൽ 2022-23 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ എർത്ത് ഫില്ലിംഗ് നടത്തിയവയിൽ കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 1.27.1.2 പ്രകാരം ലൈറ്റ് മെക്കാനിക്കൽ മെഷിനറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ 10%വും 1.27.1.3 പ്രകാരം ഹെവി മെക്കാനിക്കൽ മെഷിനറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ 5%വും ആകെ അളവിൽ നിന്നും കുറവ് ചെയ്ത് മാത്രം മൂല്യനിർണ്ണയം നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം കുറവ് വരുത്താതെ മുഴുവൻ അളവിനും തുക അനുവദിച്ച് നൽകിയത് മൂലമുണ്ടായ അധിക ചെലവിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് പേര് | നം., | എർത്ത് ഫില്ലിംഗ് നടത്തിയ അളവ് | അളവ് പുസ്തകം നമ്പർ/ കരാറുകാരന്റെ പേര് | കൺസോളിഡേഷൻ കുറവ് ചെയ്ത് മൂല്യ നിർണ്ണയം | നിരക്ക് | നൽകിയ തുക | നൽകാവുന്ന തുക | അധികം | ബിൽ നമ്പർ/ തിയതി |
|---|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | നടത്താവുന്ന അളവ് | | | | | |
| S0167/23 നെല്ലുവേലി പ്പാലം നടപ്പാത റീകോൺ ക്രീറ്റിംഗ് | 3.96$m^3$ | E-mb (66045/22) അമർജിത്ത്. സി.എസ് | 3.564$m^3$ | 1210.2/$m^3$ | 4792 | 4313 | 479+ 18%GST = 565 | 346/9.3.23,<br>100450/- |
| S0283/23, പൗർണ്ണമി ക്ലബ്ബ് മണവേലിൽ ക്രോസ് റോഡ് | 30.96$m^3$ | E-mb (10407/23) അഷ്‌ന. സി.ബി | 27.86$m^3$ | 1210.2/$m^3$ | 37468 | 33716 | 3752+ 18%GST = 4427 | PFMS ട്രാൻസാക്ഷൻ ഐ.ഡി- C03238912<br>1469/30.3.23,<br>98463/- |
| S0210/23 മുറിവേലി റോഡ് ഇന്റർലോക്കിംഗ് | 7.661$m^3$ Limited To 7.29$m^3$ | E-mb (67175/22) അഷ്‌ന. സി.ബി | 6.89$m^3$ | 1210.2/$m^3$ | 8822 | 8338 | 484 + 18%GST = 571 | PFMS ട്രാൻസാക്ഷൻ ഐ.ഡി- C03235869<br>1411/23.3.23,<br>141437/- |
| S0188/23 അർത്തുങ്കൽ അങ്കനവാടി റോഡ് ബാക്കി ഭാഗം കോൺ ക്രീറ്റിംഗ് | 10.125$m^3$ Limited To 24.42$m^3$ | E-mb (66107/22) അഷ്‌ന. സി.ബി | 9.113$m^3$ | 1210.2/$m^3$ | 12253 | 11029 | 1224+ 18%GST = 1444 | വൗച്ചർ നമ്പർ 12-2/23<br>23.2.23 |
| S00131/23 കൊറ്റിനാട് വാളംപള്ളി റോഡ് മെറ്റലിംഗ്, ടാറിംഗ് | 21.9$m^3$ | E-mb (65575/22) ഡി.രതീഷ് | 19.71$m^3$ | 1210.2/$m^3$ | 26503 | 23853 | 2650+9.7% ടെണ്ടർ എക്സസ്- 257=2907+ 18%GST =3430 | 387/22-23/<br>18.3.23,<br>315000/- |
| S00145/23 മണ്ണകുഴി പൊക്ക നേഴത്ത് റോഡ്- വേലംപറമ്പ് റോഡ് കോൺ ക്രീറ്റിംഗ് | 24.195$m^3$ | E-mb (65564/22) അതുൽ സഞ്ജയ് | 21.775 | 1328/$m^3$ | 32131 | 28917 | 3214+ 18%GST= 3793 | 385/22-23/<br>08.3.23,<br>491109/- |
| S00116/23 AKG റോഡ് കോൺ ക്രീറ്റിംഗ് | 6.285$m^3$ | E-mb (48947/22) ശ്രീഗോവിന്ദ് | 5.656$m^3$ | 1210.2/$m^3$ | 7606 | 6845 | 761+9.99% ടെണ്ടർ എക്സസ്- =837+ 18%GST =988 | PFMS ട്രാൻസാക്ഷൻ ഐ.ഡി- C03238354<br>6252/29.3.23,<br>121128/- |
| S00138/23 മഠത്തിൽ ഇല്ലത്ത് ചിറ റോഡ് | 34.2$m^3$ | E-mb (65583/22) ഡി.രതീഷ് | 30.78$m^3$ | 1016/m3 | 31272 | 34747 | 3475+ 18%GST =4101 | വൗച്ചർ നമ്പർ 9-3/23<br>23.3.23,<br>478896/- |
| S00148/23 വടാത്തല | 10.8$m^3$ | E-mb (65934/22) | 9.72$m^3$ | 1210.2/$m^3$ | 13070 | 11763 | 1307+9% ടെണ്ടർ | PFMS ട്രാൻസാ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| കിണറ്റുകര നടപ്പാത കോൺക്രീറ്റിംഗ് | | അതുൽ സഞ്ജയ് | | | | | എക്സസ്- =118+ 18%GST =1682 | ക്ഷൻ ഐ.ഡി- C03232714 6461/216.3.23, 151308/- |
| S00173/23 ഒറ്റപ്പുന്ന കൊച്ചുവെളി റോഡ് കോൺക്രീറ്റിംഗ് | $18.68m^3$ | E-mb (66069/22) അതുൽ സഞ്ജയ് | $16.812m^3$ | $1210.2/m^3$ | 18.645ൽ പരിമിതപ്പെടുത്തി, 22564 | 20346 | 2218+9.79% ടെണ്ടർ എക്സസ്- =217+ 18%GST =2873 | PFMS ട്രാൻസാക്ഷൻ ഐ.ഡി- C03232736 904/216.3.23, 350000/- |
| ആകെ | | | | | | | 23874/- | |

ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (36/18.01.24) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച വിധം എർത്ത് ഫില്ലിംഗ് പ്രവൃത്തികളിൽ സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 1.27.1.2, 1.27.1.3 എന്നിവ പ്രകാരം കൺസോളിഡേഷൻ കുറവ് ചെയ്യാതിരുന്നത് മൂലം ഉണ്ടായ അധിക ചെലവ് 23,874/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 3-3 സർക്കാർ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി അധിക നിരക്കിൽ സബ്സിഡി നല്കി

| | |
|---|---|
| പ്രോജക്ട് നം. : | S0183/23 |
| പ്രോജക്ടിന്റെ പേര് : | പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പ്ലാസ്റ്റിക് വാട്ടർ ടാങ്ക് |
| അടങ്കൽ : | വികസനഫണ്ട് (ജനറൽ)- 65,000/-രൂപ |
| ചെലവ് : | 64,750 - *രൂപ (ബിൽ നം- 90/*29.3.23) |
| നിർവ്വഹണം : | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

ചേർത്തല നഗരസഭയിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പ്ലാസ്റ്റിക് വാട്ടർ ടാങ്ക് എന്ന പദ്ധതിയ്ക്കായി ടെണ്ടർ മുഖേന വാട്ടർ ടാങ്ക് വാങ്ങുന്നതിനാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നതെങ്കിലും നഗരസഭ ചെയർപേഴ്സണിന്റെ 21.3.2023-ാം തിയതിയിലെ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ അക്രെഡിറ്റഡ് ഏജൻസി മുഖേന വാങ്ങൽ നടത്തുന്നതിനു തീരുമാനിക്കുകയും റെയ്ഡ്കോയിൽ നിന്നും സബ്സിഡി മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി കൂടുതൽ തുക ചെലവഴിച്ച് 1000 ലിറ്ററിന്റെ പ്ലാസ്റ്റിക് വാട്ടർ ടാങ്ക് ഒന്നിന് 9,250 രൂപ (ജി.എസ്.ടി ഉൾപ്പെടെ) നിരക്കിൽ വാങ്ങുകയാണുണ്ടായത്. ആയതിന് 7 ഗുണഭോക്താക്കൾക്കായി 7x9250 = 64,750 രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്.

28.05.2022 ലെ സർക്കാർ ഉത്തരവ് നം. (കൈ) നം.115/2022 പ്രകാരം പരമാവധി ചെലവഴിയ്ക്കാവുന്ന തുക ഒരാൾക്ക് 4,000 രൂപയാണെന്നിരിക്കെ, അതിലും അധികരിച്ച് തുക ചെലവുചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/18.1.24) മറുപടിയായി നഗരസഭാ കൗൺസിലിന്റെ അംഗീകാരം വാങ്ങി നഗരകാര്യ കോ-ഓർഡിനേഷൻ കമ്മറ്റിയ്ക്ക് സാധൂകരണം ലഭിയ്ക്കുന്നതിനായി ടി വിഷയം സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ പദ്ധതി നടപ്പാക്കിയതുമൂലം അധികം ചെലവഴിച്ച 36,750 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം ടി വിഷയത്തിൽ സർക്കാർ സാധൂകരണം സർക്കാർ സാധൂകരണം ലഭ്യമാകാത്തപക്ഷം, ടി തുക നിർവ്വഹണോദ്യോഗസ്ഥന്റെയും പ്രസ്തുത തീരുമാനമെടുത്ത

ചെയർപേഴ്സന്റെയും, ടി വാങ്ങലിന് മുൻകൂർ അനുമതിയ്ക്ക് 28.4.23 ലെ 10-ാം നമ്പർ തീരുമാന പ്രകാരം സാധൂകരണം നൽകിയ കൗൺസിൽ യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെയും ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

**3-4 അമൃതം ന്യൂട്രിമിക്സ് വിതരണം-ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് രണ്ട് തവണ നൽകിയത് മൂലം അധിക ചെലവ്.**

| | |
|---|---|
| പ്രോജക്റ്റിന്റെ നം./ പേര് | S0007/23-അനുപൂരക പോഷഷകാഹാര പദ്ധതി |
| അടങ്കൽ | 55 ലക്ഷം (45 ലക്ഷം(വികസന ഫണ്ട്-ജനറൽ),10 ലക്ഷം(കേന്ദ്ര ഫണ്ട്) |
| ചെലവ് | 48,42,993/-(45 ലക്ഷം വികസന ഫണ്ട്-ജനറൽ), 342993(കേന്ദ്ര ഫണ്ട്) |

വാരനാട് നവജീവൻ യൂണിറ്റിൽ നിന്നും നഗരസഭാ പരിധിയിൽ വരുന്ന അങ്കണവാടികൾക്ക് താഴെപ്പറയും പ്രകാരം അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തിയതിന്റെ വിലയിനത്തിൽ (ബിൽ റഫറൻസ് നം. 457741/25.8.2022,362264/-) 3,62,264/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം., തീയതി | അളവ് (Kg) | തുക (കിലോഗ്രാമിന് 70/- രൂപ നിരക്കിൽ) | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് (കി.ഗ്രാമിന് 3/- രൂപ നിരക്കിൽ) | 5% ജി.എസ്.ടിയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ഉൾപ്പെടെ സ്ഥാപനത്തിന് നൽകിയ തുക |
|---|---|---|---|---|---|
| 1 | 424/4.6.22 | 1722 | 120540 | 5,166 | 1,31,733/- |
| 2 | 428/12.7.22 | 1669.5 | 116865 | 5,008 | 1,27,716/- |
| 3 | 435/12.8.22 | 1344 | 94080 | 4,032 | 1,02,816/- |
| ആകെ | | | | 14,206/- | 3,62,265/- |

ഇതിനുപുറമേ (ബിൽ റഫറൻസ് നം 572194/24.9.22, 30152/-) 24,302/- രൂപ ട്രാൻസ്പോർട്ടേഷൻ ചാർജ്ജായി താഴെപ്പറയുന്ന ഇൻവോയ്സ് പ്രകാരം സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം., തീയതി | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് |
|---|---|---|
| 1 | 415/8.4.22 | 4762 |
| 2 | 419/9.5.22 | 5334 |
| 3 | 424/4.6.22 | 5166 |
| 4 | 428/12.7.22 | 5008 |
| 5 | 435/12.8.22 | 4032 |
| ആകെ | | 24,302/- |

ഇതിൽ ക്രമ നം. 3, 4, 5 പ്രകാരമുള്ള 14,206/- രൂപ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ ആദ്യം നൽകിയ തുക കൂടാതെ വീണ്ടും അനുവദിച്ചതാണ്. അധിക തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/17.01.2024) ലഭ്യമാക്കിയ മറുപടിയിൽ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ അധികമായി അനുവദിച്ച 14,206/-

ശ്രൂപ നവജീവൻ യൂണിറ്റിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്നറിയിച്ചു. ടി തുക തിരികെ ഈടാക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്താത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതായിരിക്കും.

### 3-5 കാലിത്തീറ്റ വിതരണം -അധിക തുക സബ്സിഡി നൽകി

പ്രോജക്ടിന്റെ പേര്- കാലിത്തീറ്റ സബ്സിഡി സ്പിൽ ഓവർ (S0017/23)

നിർവ്വഹണം - ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം

അടങ്കൽ -5 ലക്ഷം (വികസന ഫണ്ട് ജനറൽ)

ചെലവ് - 5 ലക്ഷം

ടി പദ്ധതി പ്രകാരം നഗരസഭയിലെ വിവിധ ക്ഷീരസംഘങ്ങളിൽ ഉൾപ്പെട്ട ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ, കാലിത്തീറ്റയ്ക്ക് നൽകിയ യഥാർത്ഥവിലയുടെ 50% തുക സബ്സിഡി നൽകേണ്ടതിന് പകരം MRP യുടെ 50% തുക സബ്സിഡി നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷീരസംഘം | ഒരു ബാഗ് വാങ്ങുന്നതിന് ക്ഷീരസംഘം നൽകിയ തുക | ഒരു ബാഗിന്റെ MRP | സബ്സിഡി നിരക്കിൽ വിതരണം നടത്തിയ ബാഗുകളുടെ എണ്ണം | വിതരണം നടത്തിയ ബാഗുകൾക്ക് നൽകേണ്ടിയിരുന്ന സബ്സിഡി | നൽകിയ സബ്സിഡി | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| ആലുങ്കൽ ക്ഷീര സംഘം | 1,145 | 1245 | 4 | 2290/- | 2490 | 200 |
| | 1,293 | 1395 | 4 | 2586 | 2790 | 204 |
| കൊക്കോതമംഗലം ക്ഷീരോല്പാദക സംഘം | 1,150 | 1240 | 6 | 3450 | 3720 | 270 |
| | 1,259 | 1370 | 2 | 1259 | 1370 | 111 |
| | 1,300 | 1400 | 6 | 3900 | 4200 | 300 |
| | 1,420 | 1550 | 2 | 1400 | 1550 | 150 |
| ചേർത്തല മിൽക്ക് സപ്ലൈയേഴ്സ് മാർക്കറ്റിംഗ് സൊസൈറ്റി | 1,237 | 1325 | 150 | 92775 | 99375 | 6,600 |
| | 1,375 | 1460 | 252 | 207625 | 220460 | 12,835 |
| വാരനാട് ക്ഷീരോത്പാദക സംഘം | 1,237 | 1320 | 22 | 13607 | 14520 | 913 |
| | 1,375 | 1470 | 22 | 15125 | 16170 | 1,045 |
| തുപ്പൂരക്കുളങ്ങര ക്ഷീരോത്പാദക സംഘം | 1,237 | 1325 | 32 | 19792 | 21200 | 1,408 |
| | 1,375 | 1475 | 32 | 22000 | 23600 | 1,600 |
| ചേർത്തല തെക്ക് | 1,300 | 1350 | 10 | 6500 | 6750 | 250 |
| ആകെ | | | | | | 25,886 |

അധിക തുക സബ്സിഡി നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 18/18.01.2024) നല്കിയ മറുപടിയിൽ, സ്പിൽ ഓവറായി നടപ്പാക്കിയ പദ്ധതിയിൽ മാത്രമാണ് ഇപ്രകാരം MRP യ്ക്ക് ആനുപാതികമായി സബ്സിഡി നൽകിയതെന്നും തൻ വർഷം നടപ്പാക്കിയ പദ്ധതിയിൽ യഥാർത്ഥ ചെലവിന് അനുസരിച്ചാണ് സബ്സിഡി നൽകിയതെന്നും

അറിയിച്ചു. ഈ മറുപടി അധിക തുക സബ്സിഡി നല്കിയത് സാധൂകരിക്കുന്നതല്ല എന്നതിനാൽ അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 25,886/- രൂപ ബന്ധപ്പെട്ട ക്ഷീരസംഘങ്ങളിൽ നിന്നും ഈടാക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്.

*<u>ചെലവ് വിവരം</u>*

*BRN 743954/7.11.22 – 121475/-*

*BRN 768025/11.11.22 – 21200/-*

*BRN 799913/21.11.22 – 55480/-*

*BRN 862704/5.12.22 – 12500/-*

*BRN 874068/7.12.22 – 207540/-*

*BRN 1030707/11.1.23 – 81805/-*

**3-6 താലൂക്ക് ആശുപത്രിയിലെ താല്കാലിക ഡോക്ടർമാർക്ക് വേതനം – ആദായ നികുതി ഉറവിടത്തിൽ കുറവ് ചെയ്തില്ല**

പ്രോജക്ടിന്റെ പേര് - താലൂക്ക് ആശുപത്രിയിലെ താല്കാലിക ഡോക്ടർമാർക്ക് വേതനം

പ്രോജക്ട് നം - S0032/2023

നിർവ്വഹണം - സൂപ്രണ്ട്, താലൂക്ക് ആശുപത്രി.

ആദായ നികുതി നിയമം സെക്ഷൻ 194-J അനുസരിച്ച് ഡോക്ടർമാർ, അക്കൗണ്ടന്റുമാർ, എഞ്ചിനീയർമാർ, ഇന്റീരിയർ ഡിസൈനർമാർ, ആർക്കിടെക്റ്റുകൾ മുതലായവർക്ക് അവരുടെ പ്രൊഫഷണൽ അല്ലെങ്കിൽ സാങ്കേതിക സേവനങ്ങൾക്ക് നൽകുന്ന പ്രതിമാസ വേതനം 30,000/- രൂപയിൽ കൂടുതലാണെങ്കിൽ പ്രസ്തുത വേതനത്തിൽ നിന്നും 10% തുക TDS കിഴിവ് ചെയ്യേണ്ടതാണ്. 2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ 32/2023 നമ്പർ പ്രോജക്ടിന്റെ ഭാഗമായി ചേർത്തല താലൂക്ക് ആശുപത്രിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന താഴെപറയുന്ന ഡോക്ടർമാരുടെ പ്രതിമാസ വേതനത്തിൽ നിന്നും ആദായ നികുതി കുറവ് ചെയ്തതായി കാണുന്നില്ല.

| ക്രമ നം. | ജീവനക്കാരന്റെ പേര് | കൈപ്പറ്റിയ തുക | കുറവ് ചെയ്യേണ്ട ആദായ നികുതി |
|---|---|---|---|
| 01 | ഡോ.അഞ്ജലി പി.എസ്. | 34,167 | 3417 |
| 02 | ഡോ.അമല പി. അശോക് | 88,613 | 8861 |
| 03 | ഡോ.ബ്രിജോ ടോം | 2,87,000 | 28700 |
| 04 | ഡോ.ഗൗരി പി.ജെ. | 3,21,387 | 32139 |
| 05 | ഡോ.ജിതിൻ | 1,23,000 | 12300 |
| 06 | ഡോ.നന്ദന രഘു | 1,02,496 | 10250 |
| | ആകെ | | 95667 |

മേൽ ജീവനക്കാർ കൈപ്പറ്റിയ തുകയ്ക്ക് ആനുപാതികമായി ആദായ നികുതി കുറവ് ചെയ്യാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/17.1.23) മറുപടി ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷം വേതനമായി കൈപ്പറ്റിയ തുകയുടെ 10% തുകയായ 95,667/- രൂപ ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കി അറിയിക്കേണ്ടതാണ്.

**3-7 വിവിധ വാങ്ങലുകളുടെ ബില്ലുകളിൽ നിന്നും ജി.എസ്.ടി. ഉറവിടത്തിൽ കുറവ് ചെയ്തില്ല-**

2017-ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ മൂല്യമുള്ള (നികുതി കിഴിച്ച്) വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരനിൽ / വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ 22-23 വർഷം സെക്രട്ടറി, താലൂക്ക് ആശുപത്രി സൂപ്രണ്ട്, ഹെൽത്ത് ഓഫീസർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടത്തിയിട്ടുള്ള താഴെപറയുന്ന വാങ്ങലുകൾ പ്രകാരം ബിൽ തുക നൽകിയപ്പോൾ, ബില്ലിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യാതെയാണ് തുക നൽകിയിട്ടുള്ളത്.

| ക്രമ നം | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | നികുതി ഒഴികെയുള്ള ചെലവ് തുക (രൂ.) | ഈടാക്കേണ്ട ജി.എസ്.ടി (രൂ.) | ബിൽ നം/ തീയതി | ഫണ്ട് ഇനം |
|---|---|---|---|---|---|---|
| 01 | താലൂക്ക് ആശുപത്രിയിൽ ജനറേറ്റർ സ്ഥാപിക്കൽ (S0034/2023) | സൂപ്രണ്ട്, താലൂക്ക് ആശുപത്രി | 14,31,981 | 28,640 | 25/19.10.2022 | വികസന ഫണ്ട് |
| 02 | പോളീക്ലിനിക്കിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ (S0297/23) | മുനിസിപ്പൽ സെക്രട്ടറി | 435683 | 8,714 | 41-03/23/ 31.3.23 | ഹെൽത്ത് ഗ്രാന്റ് |
| 03 | ഗാർഹിക മാലിന്യ സംസ്കരണം (S0034/2023) | ഹെൽത്ത് ഓഫീസർ | 12,73,536 | 25,471 | 32304843784/ 4.2.2023 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| | | | ആകെ | 62825/- | | |

ജി.എസ്.ടി ഉവിടത്തിൽ കുറവ് ചെയ്യാതിരുന്നത് മൂലം അധികം നൽകിയ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി ജി.എസ്.ടി വകുപ്പിൽ ഒടുക്കി ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

**4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം**

ഇല്ല

**4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം./ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|

| | | തീയതി | തുക | | തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 61 & 62 /29.3.23 | 7,40,000 | 0 | 7,40,000 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 24/21.11.22 | 2,99,925 | 0 | 2,99,925 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 435/27.3.23 | 33,828 | 0 | 33,828 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 28/7.11.22 | 48,725 | 0 | 48,725 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ 1,24,00,000/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ | ലഭ്യമാക്കിയില്ല | 10,00,00,000 | 8,00,00,000 | 66,66,668 | -- | 7,33,33,332 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 12,64,700 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 12,64,700 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 12,64,700 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം. | നിക്ഷേപത്തിന്റെ വിവരം | തുക | രസീത് നം. |
|---|---|---|---|
| 1. | കോൺട്രാക്ടേഴ്സ് കൺട്രോൾ അക്കൗണ്ട് സ്പെഷ്യൽ ഫണ്ട് | 10,00,000 | 41500346 തീയതി 24.1.2015 |
| 2. | കെ.യു.ആർ.ഡി.എഫ്.സി. ഷെയർ | 2,64,700 | 41400325 തീയതി 24.01.2015 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 68,607/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും | രസീപ്റ്റ് നമ്പർ/തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ഉദ്യോഗപ്പേരും | |
| 2019-20 | - | 2,500 | അരുൺ രമേശൻ, കഥകളി ഇൻസ്ട്രക്ടർ | 122030900001-2.4.22 |
| - | 3-5 | 8,931 | വി.ഡി.ജയകുമാർ, കോൺട്രാക്ടർ | 122030102420-19.5.22 |
| 2019-20 | 1-33 (2-18) | 837 | ഡി.രതീഷ്, കോൺട്രാക്ടർ | 122030102661-25.5.22 |
| 2019-20 | 1-33(1) | 248 | ഡി.രതീഷ്, കോൺട്രാക്ടർ | 122030102662-25.5.22 |
| 2019-20 | 1-33(3) | 496 | ടി.ജെ.ജോബ്, കോൺട്രാക്ടർ | 122030102891-30.5.22 |
| 2019-20 | 3-6 | 2,163 | ശശികുമാർ, കോൺട്രാക്ടർ | 900474147390-7.6.22 |
| 2012-13 To 2014-15 | - | 2465 | സജിമോൻ പി.എസ്., കോൺട്രാക്ടർ | 122030103197-13.6.22 |
| 2019-20 | 1-33(16) | 310 | ഡി.രതീഷ്, കോൺട്രാക്ടർ | 122030103875-28.6.22 |
| 2019-20 | 1-23(6) | 32,400 | കൃഷ്ണൻ മൂപ്പൻ, സാമൂഹ്യ സുരക്ഷാ പെൻഷണർ | 122030105118-25.7.22 |
| 2019-20 | 1-33(5) | 620 | ടി.ജെ.ജോബ്, കോൺട്രാക്ടർ | 122030105149-26.7.22 |
| 2019-20 | 1-33(11,15) | 496 | ശ്രീകുമാർ, കോൺട്രാക്ടർ | 122030108924-11.10.22 |
| 2019-20 | 1-33(17) | 155 | വി.ശിവൻ, കോൺട്രാക്ടർ | 122030108925-11.10.22 |
| 2019-20 | 3-2(6,13) | 14,283 | സ്വാമിനാഥൻ, കോൺട്രാക്ടർ | 122030110275-7.11.22 |
| 2019-20 | - | 19,200 | രാധാമണി, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ | 122030112616-4.1.23 |
| 2020-21 | 1-53(2) | 372 | വി.ശിവൻ, കോൺട്രാക്ടർ | 122030117328-6.3.23 |
| 2021-22 | 1-45 | 3,131 | ശ്രീഗോവിന്ദ്, കോൺട്രാക്ടർ | 122030118184-17.3.23 |

**4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം**

**സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-2008 | 2-1 | 2013-14 | 4.5 | ഗ്യാസ് ക്രിമറ്റോറിയം | നിലവിൽ പ്രവർത്തിക്കുന്നില്ല. |
| 2016-17 | 2.9 | 2017-18 | 10 | വാടക കുടിശ്ശിക 50 ലക്ഷത്തിനു മേൽ | വാടക കുടിശ്ശിക ഇനത്തിൽ 2015-16 മുതൽ 2017-18 വരെ 51,80,714/- രൂപയും പിഴ പലിശ ഇനത്തിൽ 12,41,564/- രൂപയും ഈടാക്കിയിട്ടുള്ളതാണ്. |

**4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 27,43,31,731 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 26,92,04,588 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1,21,769 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,03,832 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,28,75,805 |

**(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 2-1 | 1,20,433 | | ശ്രീ.ടി.കെ.സുജിത്ത്, സെക്രട്ടറി |

| | | | |
|---|---|---|---|
| 2-3 | 1,336 | | ശ്രീമതി ബ്രിജിത്ത് പി.എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-1 | | 3,116 | ശ്രീമതി മായാദേവി പി.ആർ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 23,874 | ശ്രീമതി മായാദേവി പി.ആർ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 36,750 | ശ്രീ.വി.സുനിൽകുമാർ, പ്രോജക്ട് ഓഫീസർ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ, 28.4.23 ലെ ഭരണസമിതി യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ |
| 3-4 | | 14,206 | ശ്രീമതി ധന്യ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-5 | | 25,886 | ശ്രീമതി ആശ ബി., ഡയറി ഫാം ഇൻസ്ട്രക്ടർ |
| ആകെ | 1,21,769 | 1,03,832 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 5,73,291/- | ശ്രീ.ടി.കെ.സുജിത്ത്, സെക്രട്ടറി |
| 1-22 | 561971 | ഡോ.എൻ. അനിൽകുമാർ, സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ |
| 1-23 | 13,82,478 | ശ്രീ.ടി.കെ.സുജിത്ത്, സെക്രട്ടറി |
| 1-29 | 19,83,500 | ശ്രീ.വി.സുനിൽകുമാർ, പ്രോജക്ട് ഓഫീസർ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 1-30 | 167026 | ഡോ.എൻ. അനിൽകുമാർ, സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ |
| 1-31 | 5507019 | ശ്രീ.സുധീപ് എസ്., ഹെൽത്ത് സൂപ്പർവൈസർ |
| 1-32 | 1522139 | ശ്രീ.ടി.കെ.സുജിത്ത്, സെക്രട്ടറി |
| 1-33 | 34200 | ശ്രീ.വി.സുനിൽകുമാർ, പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| 1-34 | 10919181 | ശ്രീ.ടി.കെ.സുജിത്ത്, സെക്രട്ടറി |
| 1-39 | 225000 | ശ്രീ.വി.സുനിൽകുമാർ, പ്രോജക്ട് ഓഫീസർ ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

| | | |
|---|---|---|
| ആകെ | 2,28,75,805/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-2 | 24,143 | 4,500/-ഡോ.എൻ. അനിൽകുമാർ, സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ 19,643/-ശ്രീ.സുദീപ് എസ്, ഹെൽത്ത് സൂപ്പർവൈസർ |
| 3-6 | 95667 | ഡോ.എൻ.അനിൽകുമാർ, സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ |
| 3-7(1) | 28,640 | ഡോ.എൻ.അനിൽകുമാർ, സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ |
| 3-7(2) | 8,714 | ശ്രീ.ടി.കെ.സുജിത്ത്, സെക്രട്ടറി |
| 3-7(3) | 25,471 | ശ്രീ.സുധീപ് എസ്., ഹെൽത്ത് സൂപ്പർവൈസർ |
| ആകെ | 182635 | |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബ്രിജിത്ത്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചേർത്തല നഗരസഭ | പാലിയത്ത് പട്ടണക്കാട് പി.ഒ., പട്ടണക്കാട്, ചേർത്തല |
| ശ്രീമതി ആശ ബി., ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, ചേർത്തല | കാരിക്കാട്ടിൽ, തൈക്കാട്ടുശ്ശേരി പി.ഒ., ആലപ്പുഴ |
| ശ്രീ.വി.സുനിൽകുമാർ, പ്രോജക്ട് ഓഫീസർ | സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, വളാഞ്ചേരി നഗരസഭ | നടേക്കാട്ടുവെളി, എസ്.എൽ.പുരം പി.ഒ., ആലപ്പുഴ |
| ശ്രീ.ടി.കെ.സുജിത്ത്, സെക്രട്ടറി | സെക്രട്ടറി ചേർത്തല നഗരസഭ | തൈപ്പറമ്പിൽ ഹൗസ്, എസ്.എൽ.പുരം |

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | പി.ഒ., ചേർത്തല |
| ശ്രീമതി ധന്യ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | മണ്ണാപറമ്പിൽ, നോർത്ത് ആര്യാട് പി.ഒ., നേതാജി, ആലപ്പുഴ |
| ഡോ.എൻ.അനിൽകുമാർ, സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, ചേർത്തല | കോളനി നം.89, രാമങ്കരി പി.ഒ., ആലപ്പുഴ |
| ശ്രീ.സുധീപ് എസ്., ഹെൽത്ത് സൂപ്പർവൈസർ | ഹെൽത്ത് സൂപ്പർവൈസർ, ചേർത്തല നഗരസഭ | നാരായണീയം, ദേവീനഗർ, പഴവീട്, ആലപ്പുഴ |
| ശ്രീമതി മായാദേവി പി.ആർ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചേർത്തല നഗരസഭ | സാഗർമഠം, എസ്.എൻ പുരം പി.ഒ., ചേർത്തല |
| ശ്രീമതി ഷേർളി ഭാർഗ്ഗവൻ | മുനിസിപ്പൽ കൌൺസിലർ | സ്മിതാലയം, സി.എം.സി.8 |
| ശ്രീ.ടി.എസ്.അജയകുമാർ | മുനിസിപ്പൽ കൌൺസിലർ | തെക്കേ ഉള്ളാടംപറമ്പ്, സി.എം.സി.14 |
| ശ്രീ.പി.ഉണ്ണികൃഷ്ണൻ | മുനിസിപ്പൽ കൌൺസിലർ | പത്മനാഭം, സി.എം.സി.14 |
| ശ്രീ.പി.എസ്.ശ്രീകുമാർ | മുനിസിപ്പൽ കൌൺസിലർ | അനുജാ ഭവൻ, സി.എം.സി.4 |
| ശ്രീമതി രാജശ്രീ ജ്യോതിഷ് | മുനിസിപ്പൽ കൌൺസിലർ | പുത്തൻവീട്, സി.എം.സി.13 |
| ശ്രീമതി ശോഭാ ജോഷി | മുനിസിപ്പൽ കൌൺസിലർ | മോഴിപ്പറമ്പിൽ, സി.എം.സി.24 |
| ശ്രീ.ടി.ജോസഫ് | മുനിസിപ്പൽ കൌൺസിലർ | മുള്ളൻചിറ, സി.എം.സി.26 |
| ശ്രീ.എം.കെ.പുഷ്പകുമാർ | മുനിസിപ്പൽ കൌൺസിലർ | കരുണകാട്ട്, സി.എം.സി.18 |
| ശ്രീ.അനൂപ് ചാക്കോ | മുനിസിപ്പൽ കൌൺസിലർ | സി.എം.സി.15 |

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ശ്രീജ എസ്. | മുനിസിപ്പൽ കൌൺസിലർ | മഠത്തിപ്പറമ്പിൽ, സി.എം.സി.19 |
| ശ്രീമതി ബിന്ദു ഉണ്ണികൃഷ്ണൻ | മുനിസിപ്പൽ കൌൺസിലർ | ചങ്ങരവീട്, സി.എം.സി.33 |
| ശ്രീ.ജി.രഞ്ജിത്ത് | മുനിസിപ്പൽ കൌൺസിലർ | നികർത്തിൽ, സി.എം.സി.17 |
| ശ്രീമതി മിത്രവിന്ദാഭായി യു. | മുനിസിപ്പൽ കൌൺസിലർ | ഞാറയ്ക്കാവേലി ഹൌസ്, സി.എം.സി.34 |
| ശ്രീ.കെ.പി.പ്രകാശൻ | മുനിസിപ്പൽ കൌൺസിലർ | കമ്പിയകത്ത്, സി.എം.സി.24 |
| ശ്രീമതി സീമാ ഷിബു | മുനിസിപ്പൽ കൌൺസിലർ | സ്നേഹ വീട്, സി.എം.സി.16 |
| ശ്രീമതി ജോഷിത | മുനിസിപ്പൽ കൌൺസിലർ | പുതുവൽനികർത്തി, സി.എം.സി.3 |
| ശ്രീമതി സീനാമോൾ ദിനകരൻ | മുനിസിപ്പൽ കൌൺസിലർ | പൊത്താംപുറത്ത് വെളി |
| ശ്രീമതി ലിസി ടോമി | മുനിസിപ്പൽ കൌൺസിലർ | കുരിശ്ശുങ്കൽ, സി.എം.സി.30 |
| ശ്രീ.സി.സൽജി | മുനിസിപ്പൽ കൌൺസിലർ | കൊല്ലപ്പുരയ്ക്കൽ, സി.എം.സി.5 |
| ശ്രീ.ബി.ഫൈസൽ | മുനിസിപ്പൽ കൌൺസിലർ | ദാറുസ്സലാം, സി.എം.സി.4 |
| ശ്രീമതി മാധുരി ബാബു | മുനിസിപ്പൽ കൌൺസിലർ | സി.എം.സി.22 |
| ശ്രീമതി പ്രമീളാദേവി | മുനിസിപ്പൽ കൌൺസിലർ | കമ്പിയകത്ത്, സി.എം.സി.32 |
| ശ്രീ.എം.എസ്.സാബു | മുനിസിപ്പൽ കൌൺസിലർ | നന്ദനം, സി.എം.സി.1 |
| അഡ്വ.ജാക്സൺ മാത്യു | മുനിസിപ്പൽ കൌൺസിലർ | ഈരാറ്റുപുഴ, സി.എം.സി.30 |
| ശ്രീ.എം.എ.സാജു | മുനിസിപ്പൽ കൌൺസിലർ | മുരിയനാട്ടുചിറ, സി.എം.സി.25 |
| ശ്രീ.ഇ.കെ.മധു | മുനിസിപ്പൽ കൌൺസിലർ | ഈരാറ്റുപുഴ, സി.എം.സി.21 |
| ശ്രീമതി കനകമ്മ | മുനിസിപ്പൽ | ചാണിയിൽ, |

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | കൌൺസിലർ | സി.എം.സി.6 |
| ശ്രീമതി ഏലിക്കുട്ടി ജോൺ | മുനിസിപ്പൽ കൌൺസിലർ | തോട്ടുങ്കൽ, സി.എം.സി.27 |
| ശ്രീമതി ഷീജാ സന്തോഷ് | മുനിസിപ്പൽ കൌൺസിലർ | കരിയിൽചിറ, സി.എം.സി.2 |
| ശ്രീ.എസ്.സനീഷ് | മുനിസിപ്പൽ കൌൺസിലർ | പുത്തൻതറ, സി.എം.സി.7 |
| ശ്രീമതി സുജാത സതീഷ്കുമാർ | മുനിസിപ്പൽ കൌൺസിലർ | ചേപ്പിലപ്പൊഴിയിൽ, സി.എം.സി.34 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 1994-95, 1995-96 | എൽ.എഫ്.എ10/937/97/30.05.1999 |
| 1999-2000 | എൽ.എഫ്. എ14/982/01/22.10.2001 |
| 2006-07 | എൽ.എഫ്.ജി.എ5/1578/13/21.05.2014 |
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2010-11 | എൽ.എഫ്.പി 10/1294/12/19.11.2012/12.12.2012 |
| 2011-12 | എൽ.എഫ്.പി 10/190/14/25.04.2014/15.07.2014 |
| 2012-13 | |
| 2013-14 | കെ.എസ്.എ.പി.ഇസഡ്.പി10/1086 /15/06.08.2015 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി10-641/16 /09.06.2016/25.07.2016 |
| 2015-16 | കെ.എസ്.എ.-എ.എൽ.പി-ജി.എ5-163/2017 /14.02.2017 |
| 2016-17 | കെ.എസ്.എ.-എ.എൽ.പി-ജി.എ5-1256/17 /21.10.2017 |
| 2017-18 | കെ.എസ്.എ.-എ.എൽ.പി-ജി.എ5-425/19 /24.05.19 |
| 2018-19 | കെ.എസ്.എ.-എ.എൽ.പി-ജി.എ8-811/2020 /28.01.2021 |
| 2019-20 | കെ.എസ്.എ.-എ.എൽ.പി-ജി.എ8 /129/2022 /31/03/2022 |

| | |
|---|---|
| 2020-21 | കെ.എസ്.എ.-എ.എൽ.പി-ജി.എ8/130/22 /11/07/2022 |
| 2021-22 | കെ.എസ്.എ.-എ.എൽ.പി-ജി.എ8/326 /2023/18.4.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 29-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Cherthala Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Cherthala Municipality for the year 2022-2023

**Date:** **20/03/2024**

**Senior Deputy Director**
**District Office Alappuzha**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Cherthala Municipality for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1) The mandatory financial statements such as ratios, notes on accounts prescribed in accounting rules are not submitted for audit.

2) Cash flow statement- Net increase / decrease in cash flow does not match with the differernce between the
opening and closing balance of cash and cash equivalens.

3) The demand entries of property tax, profession tax etc are not recorded in the ledger at the

beginning of the
year and every month thereafter. No monthly reconciliations are made between ledger balances and concerned
registers.

4) Bank book balance as on 31.03.2023 in respect of SBM Urban account shown in BRS not tally with actual bank
balance.

5) As per ACR and Sulekha expenditure Statement, the expenditure on Development Fund (SCP) is 55,47,795/-. But as per AFS it is only 50,72,795/-

6) The expenditure on Central Finance Commission Grant as per Sulekha statement mismatches with AFS.

7) The actual arrear in respect of public tap water charge as on 31.3.2023 is 8,16,50,707/-. But as per Schedule
B-9 of AFS the the arrear is only 4,97,89,888/-

8) Expenditure as per cash book of Ayyankali Urban Employment Guarantee Scheme does not match with annual accounts.

9) Cheques uncashed for more than three months were not transferred to stale cheque account.

10) Payment Voucher Misclasification- Advance to implementing agencies has not been booked in proper head of account.

11) Advance Register, Deposit Register, Loan Register, Investment Register and Asset Register have not been prepared and submitted for audit.

12) Not prepared and maintained the ACR of various grants included in Schedule B-4.

13) Annual DCB is not prepared and certified in the registers of own fund sources like property tax, profession tax, permit fee, D&O license fee, building rent etc. Therefore, the authenticity of the amounts recorded in the annual accounts is not clear.

Senior Deputy Director
Kerala State Audit Department
District Audit Office, Alappuzha

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്